ISSN-0971-8397

# യോജന

നവംബർ 2016 | ഒരു വികസന പത്രിക | ₹ 22

# നികുതി പരിഷ്ക്കരണം

**നികുതി പരിഷ്ക്കരണം: ഇന്നലെ ഇന്ന് നാളെ**
ടി.എൻ. അശോക്

**ജിഎസ്ടിയുടെ സ്വാധീനം സാധാരണക്കാരിലും സമ്പദ്വ്യവസ്ഥയിലും**
ഡോ. രഞ്ജിത്ത് മേഹ്ത്ത

**ഇന്ത്യയിലെ നികുതി സമ്പ്രദായം: ഒരു അവലോകനം**
മാലിനി ചക്രവർത്തി




**പ്രത്യേക ലേഖനം**

**ജിഎസ്ടി : അന്താരാഷ്ട്ര അനുഭവങ്ങളും ഇന്ത്യയും**
പ്രവാകർ സാഹു, അശ്വനി ബിഷ്നോയി

**ഫോക്കസ്**

**കള്ളപ്പണ നിയന്ത്രണവും ഗവൺമെന്റ് നടപടികളും**
ദിലാഷാ സേത്

## ആഗോള മത്സരക്ഷമതാ സൂചികയിൽ ഇന്ത്യ കുതിക്കുന്നു

അടുത്തിടെ ലോക സാമ്പത്തിക ഫോറം പുറത്തുവിട്ട കണക്കുകൾ പ്രകാരം ഇന്ത്യ ആഗോള മത്സരക്ഷമതാ സൂചികയിൽ മുൻ വർഷത്തേക്കാൾ 16 സ്ഥാനങ്ങൾ മെച്ചപ്പെടുത്തി 39-ാം സ്ഥാനത്തെത്തി. 138 രാജ്യങ്ങൾ അടങ്ങുന്ന പട്ടികയിലാണിത്. ബ്രിക്സ് രാജ്യങ്ങളിൽ ചൈന കഴിഞ്ഞാൽ ഇന്ത്യയാണ് മുന്നിൽ. ചൈനയുടെ സ്ഥാനം 28 ആണ്. അതിവേഗത്തിലാണ് ഇന്ത്യ നില മെച്ചപ്പെടുത്തിയത്. 2014-15 ൽ ഇന്ത്യ 71 ൽ നിന്ന് 55 -ാമത് എത്തി. 2015 -16 ൽ 39-ാം സ്ഥാനത്തും. ഇതോടെ ആഗോള സമ്പദ് വ്യവസ്ഥയിൽ ഏറെ ദൂരം പിന്നിട്ട് ഇന്ത്യ ഒരു വൻ ശക്തിയായി മാറുകയാണ്.

ഒരു രാജ്യത്തിന്റെ ആഗോള മത്സരക്ഷമത സംബന്ധിച്ച് പഠനം നടത്തി ലോക സാമ്പത്തിക ഫോറം നല്കുന്ന റിപ്പോർട്ടാണ് ആഗോള മത്സരക്ഷമതാ സൂചിക. 12 മേഖലകളിൽ നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സൂചിക തയാറാക്കുന്നത്. ഇതിനെ മൂന്ന് അടിസ്ഥാന ആവശ്യങ്ങളായ കാര്യക്ഷമത, നവീകരണം, സാങ്കേതികത്വം എന്നിവയുമായി ബന്ധിപ്പിക്കും. ആഗോള മത്സരക്ഷമതയിൽ രാജ്യത്തിന്റെ വ്യവസായികവും സാമൂഹികവുമായ വളർച്ച സംബന്ധിച്ചുള്ള എല്ലാ സ്വാധീനങ്ങളും സൂചകങ്ങളും ഈ റിപ്പോർട്ടിലുണ്ട്.

12 മേഖലകൾ എന്നാൽ സ്ഥാപനങ്ങൾ, അടിസ്ഥാന വികസനം, സ്ഥൂല സാമ്പത്തിക അവസ്ഥ, ആരോഗ്യം, പ്രാഥമിക ഉന്നത വിദ്യാഭ്യാസ മേഖലകൾ, പരിശീലനപരിപാടികൾ, ചരക്കുകൾ, വിപണി, തൊഴിൽ മേഖലയുടെ കാര്യക്ഷമത, സാമ്പത്തിക വിപണി വികസനം, സാങ്കേതിക തയാറെടുപ്പുകൾ, വിപണി വ്യാപ്തി, വ്യാപാര നവീകരണം തുടങ്ങിയവയാണ്. ചരക്ക് വിപണിയുടെ കാര്യക്ഷമതയിൽ ഇന്ത്യയുടെ മത്സരക്ഷമത ഈ വർഷം വളരെ ഉയർന്നിട്ടുണ്ട്. സാമ്പത്തിക അവസ്ഥയും പുരോഗതി നേടി. സാമ്പത്തിക നയങ്ങളും താഴ്ന്ന എണ്ണവിലയും ആണ് ഇതിനു കാരണം. നിക്ഷേപ സംരക്ഷണത്തിൽ ഇന്ത്യ എട്ടാം സ്ഥാനത്താണ്. ചരക്കു സേവന നികുതി പ്രബല്യത്തിൽ വരുന്നതോടെ ചരക്ക് വിപണി കാര്യക്ഷമതയിൽ ഇന്ത്യ വൻ മുന്നേറ്റം നടത്തും.

## പട്ടിക ജാതി വിഭാഗത്തിനായി വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട്

ജീവന്റെ അമൃത് എന്ന പേരിൽ ഒരു ആയുർവേദ ഔഷധം അടുത്ത നാളിൽ പുറത്തിറക്കുകയുണ്ടായി. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പട്ടിക ജാതി വിഭാഗത്തിന്റെ വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ടിന്റെ ഒരു ഗുണഭോക്താവാണ് ഈ ഉത്പന്നം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ ഗുണഭോക്താവായ മല്ലൂർ ഫ്ളോറ ആൻഡ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡിന് കേന്ദ്ര സാമൂഹിക നീതി മന്ത്രാലയമാണ് സാമ്പത്തിക സഹായം നല്കുന്നത്. കൂടാതെ കർണാടക ഗവൺമെന്റിന്റെ ക്ഷേമ വകുപ്പും സഹായം നൽകുന്നുണ്ട്.

2014-2015 ലാണ് കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് പട്ടികജാതിക്കാർക്കു വേണ്ടി വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട് പദ്ധതി ആരംഭിച്ചത്. 50 സംരംഭകർ പദ്ധതിയിൽ നിന്ന് ആനുകൂല്യങ്ങൾ ഇതിനകം നേടുകയുണ്ടായി.

പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ:

- ഇത് ഒരു സാമൂഹിക ക്ഷേമ സംരംഭമാണ്. ഇന്ത്യയിലെ പട്ടികജാതി വിഭാഗക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിച്ചതാണ് ഇത്.
- പുതുമയിലും സാങ്കേതിക വിദ്യയിലും താല്പര്യമുള്ള പട്ടികജാതി വിഭാഗക്കാരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.
- വ്യവസായത്തിലൂടെ സമൂഹത്തിനു വേണ്ടി സമ്പത്ത് സ്വരൂപിക്കുന്ന പട്ടികജാതി വിഭാഗത്തിലെ സംരംഭകർക്ക് സൗജന്യ നിരക്കിൽ വായ്പകളും മറ്റും ഈ പദ്ധതിയിലൂടെ ലഭ്യമാക്കും.
- പട്ടിക ജാതി സമൂഹത്തിന്റെ സാമ്പത്തിക ഉന്നതിക്കായി ഈ സംരംഭകരെ പ്രചോദിപ്പിക്കുക ഈ പദ്ധതിയുടെ ലക്ഷ്യമാണ്.
- സാമ്പത്തികമായി പട്ടിക ജാതി സംരംഭകരെ ശാക്തീകരിക്കുക.
- ഇന്ത്യയിലെ പട്ടികജാതി സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കായി പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

നവംബർ 2016

വാല്യം 45 | ലക്കം 04


# യോജന

മലയാളം പതിപ്പ്

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**




**ഈ ലക്കത്തിൽ**

# നികുതി പരിഷ്ക്കരണം

**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം - 695 001. **ഫോൺ : 0471 - 2323826**
**ഇ-മെയിൽ** : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

**വരിസംഖ്യ: ഒരു വർഷം 230/-, രണ്ടു വർഷം 430/-, മൂന്നു വർഷം 610/-**

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ




## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

**ലേഖനങ്ങൾ**

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും ക്ഷണിക്കുന്നു**

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ-മെയിൽ :

**yojanamal50@yahoo.co.in**

## യോജന തപാലിൽ ലഭിക്കുവാൻ

**പത്രാധിപർ, യോജന**

**ഗവ. പ്രസ് റോഡ്, തിരുവനന്തപുരം - 695001**

**എന്ന വിലാസത്തിൽ നിശ്ചിത തുക മണിയോർഡർ ആയോ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അയക്കുക.**

- **ഒരു വർഷം - 230 രൂപ**
- **രണ്ടുവർഷം - 430 രൂപ**
- **മൂന്ന് വർഷം - 610 രൂപ**

# യോജന

● നവംബർ 2016 ●വാല്യം 45 ●ലക്കം നാല്


## ഉള്ളടക്കം

### നികുതി പരിഷ്ക്കരണം


7 നികുതി പരിഷ്ക്കരണം: ഇന്നലെ ഇന്ന് നാളെ
ടി എൻ അശോക്

10 ജിഎസ്ടിയുടെ സ്വാധീനം സാധാരണക്കാരിലും സമ്പദ് വ്യവസ്ഥയിലും
ഡോ. രഞ്ജിത് മേഹ്ത്ത

14 ഇന്ത്യയിലെ നികുതി സമ്പ്രദായം: ഒരു അവലോകനം
മാലിനി ചക്രവർത്തി

18 പ്രത്യേക ലേഖനം

ജിഎസ്ടി: അന്താരാഷ്ട്ര അനുഭവങ്ങളും ഇന്ത്യയും
പ്രവാകർ സാഹു, അശ്വനി ബിഷ്നോ

23 ഫോക്കസ്

കള്ളപ്പണ നിയന്ത്രണവും ഗവൺമെന്റ് നടപടികളും
ദിലാശാ സേത്ത്

28 ചരക്കു സേവന നികുതി: ഒരു രാഷ്ട്രം, ഒരു നികുതി
ശിശിർ സിൻഹ

34 നികുതി വ്യവസ്ഥയുടെ ലളിതവത്കരണം
തിംസി ജയ്പുരിയ

36 ചരക്ക് സേവന നികുതിയുടെ സദ്ഫലങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ
ഡോ. ജോസ് സെബാസ്റ്റ്യൻ

45 കസ്റ്റംസ് : സാമ്പത്തികാതിർത്തിയുടെ കാവലാളുകൾ
അനീഷ് രാജൻ

49 ഫാറ്റ് ടാക്സ്: ഒരു വിവിധോദ്ദേശ്യ നികുതി
ഷേബ സൂസൻ ജോൺസ്, ഡോ. ജോർജി കെ.ഐ.

52 ഓഹരിവിപണി ഇടപാടുകളിലെ നികുതി : ഒരു വിശകലനം
ഡോ. ദയാനന്ദൻ എം.എൻ.

54 നിങ്ങൾക്കറിയാമോ?


## അടുത്ത ലക്കം

ഡിസംബർ 2016

**ശാസ്ത്രവും വികസനവും**

നികുതി എന്നു കേൾക്കുമ്പോൾ സാധാരണക്കാരുടെ മനസിലേയ്ക്ക് ഓടിയെത്തുന്നത്, അവസാന തീയതിക്കു മുമ്പായി ആദായ നികുതി അടയ്ക്കുന്നതിനു പരക്കം പായുന്ന പൗരന്റെ ചിത്രമാണ്. അല്ലെങ്കിൽ ആദായനികുതി ഉദ്യോഗസ്ഥർ ധനികനായ ഒരു വ്യവസായിയുടെ വീട് പരിശോധിച്ച് അയാളുടെ കണക്കിൽ പെടാത്ത വസ്തുവഹകളുടെ പ്രമാണങ്ങളും പണവും മറ്റും കണ്ടെത്തുന്ന വാർത്ത. സംഭ്രമജനകമാണ് നികുതി എന്ന വാക്ക് പോലും. എന്നിരുന്നാലും ഏതൊരു രാജ്യത്തിന്റെയും വികസനത്തിന് നികുതി അത്യന്താപേക്ഷിതമാണ്. പൗരന്മാർ നല്കുന്ന നികുതി പണം കൊണ്ടാണ് ഗവൺമെന്റുകൾ രാജ്യത്തെ റോഡുകൾ, പാലങ്ങൾ, അണക്കെട്ടുകൾ, റെയിൽ പാതകൾ തുടങ്ങിയവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുജന സേവനങ്ങൾ ഉറപ്പാക്കുന്നതും. രാജവാഴ്ച്ച കാലത്ത് രാജാക്കന്മാരും ജനങ്ങളിൽ നിന്ന് നികുതി പിരിച്ചിരുന്നു. അക്ബർ, അശോകൻ തുടങ്ങിയ ചക്രവർത്തിമാർ വളരെ ശാസ്ത്രീയമായ നികുതി നയങ്ങൾ ആവിഷ്കരിച്ച് സമ്പന്നരിൽ നിന്ന് മാത്രമായി നികുതി പിരിച്ചെടുക്കുകയും ആ വരുമാനം ഉപയോഗിച്ച് സാധാരണക്കാർക്ക് ഭാരമാവാത്ത രീതിയിൽ രാജ്യഭരണവും ക്ഷേമ പ്രവർത്തനങ്ങളും നടത്തുകയും ചെയ്തു പോന്നു. എന്നാൽ ചിലരാകട്ടെ തോന്നിയ പോലെ കരം പിരിച്ച് അതുകൊണ്ട് ആർഭാടമായി ജീവിക്കുകയും അയൽ രാജ്യങ്ങളുമായി യുദ്ധത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

ഇന്ന് ആധുനിക സമ്പദ് വ്യവസ്ഥയിൽ നികുതി നിയന്ത്രിക്കുന്നതിന് വിദഗ്ധർ ക്രോഡീകരിച്ച കൃത്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. അവ കാലാനുസൃതമായി നിരീക്ഷിക്കുന്നതിന് ജനപ്രതിനിധികളും ഉണ്ട്. ലോകത്തിലെ ഏറ്റവും സങ്കീർണമായ നികുതി സംവിധാനങ്ങളിലൊന്ന് ഇന്ത്യയിലേതാണ്. നമ്മുടെ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും പ്രാദേശിക ഭരണകൂടങ്ങളും ജനങ്ങളിൽ നിന്ന് വിവിധ തരം കരം പിരിച്ച് വരുമാനം ഉണ്ടാക്കുന്നതിന് അധികാരമുള്ളവരാണ്. വിവിധ തലങ്ങളിലായി ആദായനികുതി, സ്വത്ത് നികുതി തുടങ്ങി സാധാരണ പൗരന്മാരെ നേരിട്ടു ബാധിക്കുന്ന നികുതികളും വാറ്റ്, സേവന നികുതി, കോർപ്പറേറ്റ് നികുതി പോലുള്ള പരോക്ഷ നികുതികളും പിരിച്ചെടുക്കപ്പെടുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി അപ്രതീക്ഷിത നിരക്കിലുള്ള സാമ്പത്തിക വളർച്ചയാണ് ഇന്ത്യയിൽ അനുഭവപ്പെടുന്നത്. ഈ വളർച്ച ലളിതമാകണമെങ്കിൽ വിദേശത്തെയും സ്വദേശത്തെയും നിക്ഷേപകരെ ആകർഷിക്കാൻ തക്കവിധം നികുതി സമ്പ്രദായത്തിൽ നവീകരണം കൂടിയേ തീരൂ. ആഗോള സമ്പദ് വ്യവസ്ഥയിലെ മാറ്റങ്ങൾക്കു യോജിച്ച വിധത്തിൽ ഇന്ത്യയുടെ നികുതി സംവിധാനം കഴിഞ്ഞ ഒരു ദശാബ്ദമായി എടുത്തു പറയത്തക്ക മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്.

ഇന്ത്യയുടെ നികുതി ചരിത്രത്തിലെ ഏറ്റവും സംഭവബഹുലമെന്നു വിശേഷിപ്പിക്കാവുന്ന നികുതി നവീകരണമാണ് അടുത്ത കാലത്ത് പാർലമെന്റ് പാസാക്കിയ ചരക്കു സേവന നികുതി നിയമ ഭേദഗതി. നികുതി സമ്പ്രദായത്തെ സുസംഘടിതമാക്കി ചരക്കുകൾക്കും സേവനങ്ങൾക്കും ഏക നികുതി ഏർപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. രാജ്യത്തെ 16 സംസ്ഥാനങ്ങൾ ജിഎസ്ടി ബില്ലിന് ഇതിനോടകം അംഗീകാരം നല്കിയിട്ടുണ്ട്. പകുതി സംസ്ഥാനങ്ങളിൽ അംഗീകാര നടപടികൾ പൂർത്തിയായി കഴിഞ്ഞു. രാജ്യത്ത് ജിഎസ്ടി പ്രാബല്യത്തിലാകുന്ന 2017 ഏപ്രിൽ ഒന്ന് നികുതിരംഗത്ത് ഒരു പുതുയുഗപ്പിറവിയാക്കാനുള്ള എല്ലാ തയാറെടുപ്പുകളും ഗവൺമെന്റ് പൂർത്തിയാക്കി കഴിഞ്ഞു. നികുതി പരിഷ്കരണത്തിലെ ഈ നാഴികക്കല്ല് വരും കാലങ്ങളിൽ ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കും എന്നു മാത്രമല്ല, ആഗോള വ്യാപാര മേഖലയിൽ ഇന്ത്യ കൂടുതൽ കരുത്താർജ്ജിക്കുകയും ചെയ്യും.

രാജ്യത്തെ കള്ളപ്പണത്തിനും ഇതോടെ നിയന്ത്രണം വരും. ഇതുവരെ രാജ്യത്ത് കള്ളപ്പണം സമാന്തര സമ്പദ് വ്യവസ്ഥ തന്നെ സൃഷ്ടിച്ചിരുന്നു. കള്ളപ്പണം നിയന്ത്രിക്കാൻ ഗവൺമെന്റ് പ്രത്യേക നിയമം കൊണ്ടുവരുകയുണ്ടായി. പരിശോധനകൾ കർശനമാക്കുകയും നവീന വിവരസാങ്കേതിക വിദ്യയുടെ സഹായം തേടുകയും സ്വത്ത് സ്വമേധയാ വെളിപ്പെടുത്താനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലാക്ക് മണി ആൻഡ് ഇംപോസിഷൻ ഓഫ് ടാക്സ് ആക്ട്-2015 നടപ്പാക്കുകയും, ബിനാമി ട്രാൻസാക്ഷൻ നിരോധന നിയമത്തിൽ ഭേദഗതി വരുത്തുകയും ചെയ്യുകയുണ്ടായി.

ഇന്ത്യൻ നികുതി സമ്പ്രദായം വളരെ ഏറെ പുരോഗമിച്ചിരിക്കുന്നു; സങ്കീർണതയിൽ നിന്ന് ലാളിത്യത്തിലേയ്ക്കും ആധുനികതയിലേയ്ക്കും ഏറെ മുന്നേറിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും മികച്ച നിർമ്മാണ കേന്ദ്രമായി, മികച്ച വ്യവസായ സൗഹൃദ നിക്ഷേപ ആസ്ഥാനമായി ഇന്ത്യയെ മാറ്റാൻ പുതിയ നികുതി പരിഷ്കാരങ്ങളിലൂടെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.




# നികുതി പരിഷ്ക്കരണം ഇന്നലെ ഇന്ന് നാളെ

ടി എൻ അശോക്

നികുതി നയം കാലാനുസൃതമായി പരിഷ്കരിക്കുകയെന്നത് ഏതൊരു രാജ്യത്തിന്റയും വികസന പ്രക്രിയയിലെ അവിഭാജ്യ ഘടകമാണ്. വികസന കാര്യത്തിൽ ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങൾക്ക് മാതൃകയായ ബ്രിട്ടൺ, അമേരിക്ക മുതലായ വികസിത രാജ്യങ്ങൾ പോലും കഴിഞ്ഞ കുറച്ച് കാലങ്ങളായി ഇത്തരം പരിഷ്കരണങ്ങളിൽ ഏർപ്പെടുന്നുണ്ട്.

ബ്രിട്ടന്റെ കാര്യമെടുത്താൽ 2013 ൽ ആരംഭിച്ച പരിഷ്കരണ നടപടികളുടെ ഫലമായി ഏകദേശം ഇരുപത് ദശലക്ഷം ജനങ്ങൾ ആദായ നികുതി നല്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ഈ നികുതി പരിഷ്കരണ നടപടികളുടെ ഫലമായി രാജ്യത്തെ വ്യക്തിഗത വരുമാനം ഉയർന്നു. 9440 പൗണ്ട് വരെ വരുമാനമുള്ളവർ യാതൊരു നികുതിയും നല്കേണ്ടതില്ലായെന്ന സ്ഥിതി സംജാതമായി. അതേസമയം ഉയർന്ന നിരക്കായ 40% നികുതി നല്കേണ്ടുന്ന വിഭാഗക്കാരുടെ വരുമാന പരിധി 34370 പൗണ്ടിൽ നിന്നും 32100 പൗണ്ടായി കുറച്ചു. 1,50,000 പൗണ്ടിൽ കൂടുതൽ വരുമാനമുള്ളവർക്ക് 2013-14ൽ ഏറ്റവും ഉയർന്ന നിരക്കായി 50% നികുതി നല്കണമായിരുന്നത് 45% ആയി കുറക്കുകയും ചെയ്തു.

നികുതി പരിഷ്കരണത്തിന്റെ കാര്യത്തിൽ ഇൻഡ്യയും ഒട്ടും പിന്നിലല്ല. തൊണ്ണൂറുകളുടെ ആരംഭത്തിൽ സാമ്പത്തിക പരിഷ്ക്കണങ്ങളുടെ ഭാഗമായി തന്നെ നികുതി പരിഷ്കരണം സംബന്ധിച്ച മുറവിളികളുണ്ടായി. നികുതിഘടന ന്യായയുക്തവും വ്യക്തവും വിവേചനങ്ങൾക്കതീതവുമായിരിക്കണമെന്ന് അന്നത്തെ ഗവണ്മെന്റ് നിലപാട് സ്വീകരിച്ചു. 2016 വരെയുള്ള കാലഘട്ടത്തിൽ അധികാരത്തിൽ വന്ന തുടർ ഗവണ്മെന്റുകൾക്കും നികുതി പരിഷ്കരണമെന്നത് ചലനാത്മകമായ പ്രക്രിയ തന്നെയായിരുന്നു. അടിസ്ഥാപരമായ തത്വങ്ങളിൽ സാരമായ മാറ്റങ്ങളില്ലാത്തതിനാൽ സുതാര്യവും നീതിയുക്തവുമായ നികുതി സമ്പ്രദായം ലളിതമായി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് വിദഗ്ധ മതം. നികുതിദായകരായ വ്യക്തികൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്കവിധം പ്രത്യക്ഷ നികുതി ഘടനയിൽ നിലവിലുള്ള സർക്കാർ ഇപ്പോൾ കാര്യക്ഷമമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

വർഷംതോറും പ്രാരംഭഘട്ട നികുതി പരിധിയിൽ ചെറിയ മാറ്റങ്ങൾ വരുത്തുകവഴി ഇപ്പോൾ നികുതി സ്ളാബുകൾ ഭംഗിയായും ലളിതമായും രൂപകല്പന ചെയ്തിരിക്കുന്നു. 2.5 ലക്ഷത്തിന് മുകളിൽ 5 ലക്ഷം രൂപ വരെ വരുമാനമുള്ളവർ, 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ വരുമാനമുള്ളവർ, 10 ലക്ഷത്തിന് മുകളിൽ വരുമാനമുള്ളവർ എന്നിങ്ങനെ വരുമാനത്തിലുള്ള വ്യത്യാസമനുസരിച്ച് യഥാക്രമം 10%, 20%, 30% എന്നിങ്ങനെ മൂന്നു തട്ടുകളായി നികുതി ഘടന രൂപപ്പെടുത്തിയിരിക്കുന്നു. അധികരിച്ച എക്സൈസ് തീരുവയും കസ്റ്റംസ് തീരുവയും ലളിതമാക്കിയ ശേഷം കോർപ്പറേറ്റ് നികുതികളും യുക്തിസഹമാക്കി. നികുതി ഒടുക്കുന്നതിന് ജനങ്ങൾക്ക് പ്രോത്സാഹനം നല്കുകയും കൂടുതൽ പേരെ നികുതിദായക ശൃംഖലയിൽ ഉൾപ്പെടുത്തുക

യുമാണ് ഇതിന്റെ മുഖ്യലക്ഷ്യം. മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ നികുതിയുടെ അനുപാതത്തിൽ വർദ്ധനവുണ്ടായെങ്കിലും കഷ്ടിച്ച് 2% ജനങ്ങൾ മാത്ര മാണ് നികുതി നല്കുന്നത്. നികുതിദായകരായ ഈ വിഭാഗമാകട്ടെ ഏറെക്കുറെ നഗരവാസികളുമാണ്. കൂടുതൽ ജനങ്ങളെ നികുതിദായക ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനായി നിരവധി പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ചരക്ക് സേവന നികുതി യുടെ ആവിഷ്കാരം അതിൽ നിന്നെല്ലാം വേറിട്ട് നില്ക്കുന്നു. ചരക്ക് നികുതി ലളിതവല്ക്കരിക്കപ്പെ ടുമ്പോൾ ഉല്പാദകന് ബഹുവിധമായ നികുതികൾ ഒടുക്കേണ്ട സാഹചര്യം ഒഴിവാക്കാനാവുന്നു. സമ്പ ദ് വ്യവസ്ഥയെ സുതാര്യമാക്കാനും, ഒരു ജനത ഒരു നികുതിയെന്ന സങ്കല്പം യാഥാർത്ഥ്യമാക്കാനും ജിഎസ്ടി വഴി സാധിക്കും. അന്തിമ നികുതി നിരക്ക് ചരക്കു സേവന നികുതി കൗൺസിൽ തീരുമാനിക്കു ന്നതിനാൽ സംസ്ഥാന സർക്കാരുകൾക്ക് നികുതി നിരക്ക് വർദ്ധിപ്പിക്കാൻ സാധിക്കില്ല. അതുമൂലം ജന ങ്ങൾക്കുണ്ടാകുന്ന അധിക ബുദ്ധിമുട്ടും ഒഴിവാകും.

രാജ്യമൊന്നാകെ ഒറ്റ സാമ്പത്തിക മേഖലയാ യാണ് ചരക്കു സേവന നികുതി വിഭാവനം ചെയ്യു ന്നത്. കേന്ദ്ര സംസ്ഥാന നികുതികളുടെ സങ്കലനം ഒഴിവാക്കപ്പെടുന്ന സാഹചര്യമുണ്ടാകും. 1991 ലെ ഉദാ രവൽക്കരണത്തിനു ശേഷമുണ്ടായ ഏറ്റവും വലിയ നികുതി പരിഷ്കരണമെന്നാണ് ന്യൂയോർക്ക് ടൈംസ് ഇതിനെ വിവരിക്കുന്നത്. പ്രാദേശികമായ വിവിധനി കുതികൾ അന്തർ സംസ്ഥാന വ്യാപാരത്തിനു വിഘാ തമാകുകയും വികസ്വരലോകത്തിലെ ഏറ്റവും ചല നാത്മകമായ സമ്പദ്‌വ്യവസ്ഥയെന്ന നിലയ്ക്കുള്ള ഇന്ത്യയുടെ സാധ്യതയെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ജിഎസ്ടിയുടെ ആവിർഭാവം.

ഇപ്പോൾ നിലനിൽക്കുന്ന പതിനഞ്ച് കേന്ദ്ര-സംസ്ഥാന നികുതികൾക്കു ബദലായി ചരക്കു സേവന നികുതി പ്രാബല്യത്തിൽ വരുമ്പോൾ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 0.5 ശതമാനം കണ്ട് വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. രാജ്യപുരോ ഗതിക്കായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൂട്ടായി പ്രവർത്തിക്കുകയും അർഹമായ വിഹിതം അതാതിടങ്ങളിൽ കൊടുക്കുകയും ചെയ്യുകയെന്ന നിലവിലെ സർക്കാരിന്റെ സഹകരണ ഫെഡറലി സത്തിന് ആക്കം കൂട്ടുന്നതാണ് നിർദ്ദിഷ്ട ചരക്കു സേവന നികുതി.

ചരക്കുസേവന നികുതിയുടെ പ്രയോജനം അനുഭവവേദ്യമാകാൻ 2019 വരെ കാത്തിരിക്കേണ്ടി വരുമെന്നും അല്പമായ തോതിലെങ്കിലും നാണയ പ്പെരുപ്പമുണ്ടാകുമെന്നൊക്കെയുള്ള ഭിന്നാഭിപ്രായമു ണ്ടെങ്കിലും വിദൂരഭാവിയിൽ വിദേശ മൂലധന നിക്ഷേ പത്തെ ആകർഷിക്കുന്നതിനും ഇത് മൂലധനവസ്തു ക്കളുടെ ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനം, കയ റ്റുമതി, നികുതിവരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന തിനും സഹായകമാകുമെന്നതിൽ സംശയമില്ല. സർവ്വോപരി ഇത് തൊഴിലവസരങ്ങളിലും വർദ്ധന യുണ്ടാക്കും.

ഇന്ത്യയിലെ സാമ്പത്തികപരിഷ്കാരങ്ങ ളുടെയെല്ലാം മാതാവായി ചരക്കുസേവന നികുതിയെ കണക്കാക്കാം. ചരക്കു സേവന നികുതി വലിയ സ്വാ ധീനമുണ്ടാക്കുമെന്ന് ബിസിനസ് ലോകം പ്രതീക്ഷി ക്കുന്നു. ചരക്കു സേവന നികുതി നടപ്പിൽ വരുന്ന തോടെ കേന്ദ്രസംസ്ഥാനസർക്കാരുടെ കീഴിലുള്ള നികുതി പിരിവുമായി ബന്ധപ്പെട്ട നികുതിശേഖരണം, നിക്ഷേപം, അപേക്ഷകളുടെ സമർപ്പണം തുട ങ്ങിയവയ്ക്കായുള്ള നിയമസംവിധാനത്തിലെ നൂലാ മാലകൾ ലഘൂകരിക്കപ്പെടുമെന്ന് വ്യവസായലോ കവും പ്രതീക്ഷിക്കുന്നു.

കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്കിടയിൽ ചരക്കു സേവന നികുതി സംബന്ധിച്ച് വിവാദമായ പ്രശ്നം നികുതി നിരക്ക് ആണ്. സംസ്ഥാനങ്ങൾ അവരുടെ വരുമാനം ഉയർത്താനായി ഉയർന്ന നിരക്ക് ആവശ്യപ്പെടുമ്പോൾ നാണയപ്പെരുപ്പം തടയാനായി കേന്ദ്രസർക്കാർ അത് കുറയ്ക്കാൻ ശ്രമിക്കുന്നു. 7.6% എന്ന സർവകാല വളർച്ചാനിരക്കും കുറഞ്ഞ പണ പ്പെരുപ്പവുമായി ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഇപ്പോൾ മുന്നേറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ തൊഴിൽ വളർച്ചയിൽ കാര്യമായ പുരോഗതി കാണുന്നില്ല. ധന ദൗർലഭ്യം ഉല്പാദനമേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും വിവരസാങ്കേതിക വിദ്യയ ടക്കമുള്ള ഇന്ത്യൻ സേവന മേഖല വളർച്ചയുടെ പാത യിലാണ്. ഇതിന്റെ ഫലമായി വിദേശ വിനിമയം 370 ബില്യൻ അമേരിക്കൻ ഡോളർ ആയി ഉയർന്നിട്ടുണ്ട്.

നികുതി പരിഷ്കരണം ചരക്കു സേവന നികുതിയിൽ അവസാനിക്കുന്നില്ല. പ്രത്യക്ഷ നികുതി നിയമാവലിയെന്ന മറ്റൊരു സുപ്രധാന നിയമ നിർമാണം നടത്തുക വഴി പ്രത്യക്ഷ നികുതി ഘട നയെ ലഘൂകരിക്കുകയും വലിയൊരു വിഭാഗം ജന

ങ്ങൾക്ക് അതിന്റെ സദ്ഫലം ലഭിക്കുകയും ചെയ്യും. പ്രത്യക്ഷ നികുതി നിയമത്തെ മരവിപ്പിക്കുന്നതു സംബന്ധിച്ച് 2016-17 ലെ ബഡ്ജറ്റിൽ തന്നെ ധനമന്ത്രി സൂചന നൽകിയിരുന്നു.

വരുമാനനികുതി മുതലായ പ്രത്യക്ഷ നികുതി നിയമങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ നിയമങ്ങളും ഭേദഗതി വരുത്തുക, 1961 ലെ ഇന്ത്യൻ ആദായനികുതി ആക്ടിനു ബദൽ സംവിധാനമൊരുക്കി കാര്യക്ഷമവും ഫലപ്രാപ്തിയുമുള്ള പ്രത്യക്ഷ നികുതി സമ്പ്രദായം നടപ്പിൽ വരുത്തുക എന്നിങ്ങനെയുള്ള സർക്കാർ തീരുമാനങ്ങളുടെ ഫലമാണ് പ്രത്യക്ഷനികുതി നിയമാവലി. ഇതു വഴി സ്വമേധയാ നികുതി നൽകുന്നതിനു ജനങ്ങളെ സജ്ജരാക്കാനും മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ നികുതിയ്ക്കുള്ള വിഹിതം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

നികുതി സംബന്ധമായ തർക്കവും വ്യവഹാരങ്ങളും കുറയ്ക്കുകയെന്നതാണ് ഇതന്റെ മറ്റൊരു ലക്ഷ്യം. നികുതി സംബന്ധിച്ച അന്താരാഷ്ട്ര തത്വങ്ങളും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തുക വഴി നികുതി മേഖലയിൽ സ്ഥിരത കൈവരിക്കാൻ സാധിക്കും. ഇത് ഏകീകൃത നികുതിദായക സമ്പ്രദായം രൂപപ്പെടുന്നതിനും വഴിവയ്ക്കും. ഇതു പ്രാബല്യത്തിൽ വരുന്നതോടെ നിലവിലുള്ള വരുമാന നികുതി നിയമം കാലഹരണപ്പെട്ടതാകും. എന്നിരുന്നാലും ആദായനികുതി നിയമത്തിലെ പല വകുപ്പുകളും നിർദ്ദിഷ്ട നിയമാവലിയുണ്ടാകും. ശമ്പളയിതര വരുമാന നികുതി തൊഴിലാളികളിൽ നിന്നു തന്നെ ഈടാക്കും. മൊത്തം വരുമാനത്തിന്റെ അഞ്ച് ശതമാനം വരെയുള്ള രാഷ്ടീയ സംഭാവനയ്ക്കു ഇളവു നൽകുന്നുമുണ്ട്.

നേരിട്ടുള്ള നികുതികളെല്ലാം ഒരു പൊതു നിയമാവലിക്ക് കീഴിൽ എത്തിക്കുവാനും അതുവഴി നടപടി ക്രമങ്ങൾ ഏകീകരിച്ച് ഏക ജാലക നികുതി ദായക സംവിധാനം നടപ്പിലാക്കുവാനും വിഭാവനം ചെയ്യുന്നതാണ് പ്രത്യക്ഷ നികുതി നിയമാവലി (Direct Tax Code). ഇതിൽ ലഘുവായ ഭാഷ ഉപയോഗിക്കുക വഴി നികുതി നിയമങ്ങൾക്ക് വ്യക്തത കൈവരുകയും എതിർ വ്യാഖ്യാനങ്ങളും അവ്യക്തതകളും ഒഴിവാക്കി ജനങ്ങൾ നികുതി നല്കുവാൻ സന്നദ്ധരാകുകയും ഫലത്തിൽ ഈ മേഖലയിലെ വ്യവഹാരത്തിന്റെ നിരക്ക് ഗണ്യമായി കുറയ്ക്കുവാനും കഴിയും.

ബഹുഭൂരിപക്ഷം നികുതിദായകരും ചെറുതോ ഇടത്തരമോ വിഭാഗത്തിൽപ്പെടുന്നവരാകയാൽ നികുതി നിയമങ്ങൾ യുക്തരൂപത്തിലേക്ക് മാറ്റപ്പെട്ടു കൊണ്ടിരിക്കുകയാണ്. എല്ലാ നികുതി നിരക്കുകളും പ്രത്യക്ഷ നികുതി നിയമാവലിയുടെ ഒന്നു മുതൽ നാല് വരെ പട്ടികകളിൽ ഉൾപ്പെടുത്തും. ഇത് ഒരു വാർഷിക ധനകാര്യ ബില്ലിന്റെ ആവശ്യകതയെ തന്നെ ഇല്ലാതാക്കുന്നു. നിരക്കുകളിൽ മാറ്റം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഒരു ഭേദഗതി ബില്ലായി പാർലമെന്റിൽ അവതരിപ്പിച്ച് പ്രസ്തുത മാറ്റം നടപ്പിലാക്കാവുന്നതുമാണ്.

മിനിമം അൾട്ടർനേറ്റ് നികുതി (MAT) ഒഴിവാക്കുക, മുൻകാല പ്രാബല്യ നികുതി (Rterospective Tax) ഒഴിവാക്കുക, പ്രത്യേക സാമ്പത്തിക മേഖലകൾക്ക് നിക്ഷേപ നഷ്ടം ഉണ്ടാക്കുമെന്നതിനാൽ നികുതി ഒഴിവുകാലം എടുത്ത് കളയുന്ന നടപടിയിൽ നിന്ന് പിന്മാറുക, മൂലധന ആർജ്ജിത നികുതി പുനസ്ഥാപിക്കാതിരിക്കുക എന്നിങ്ങനെ ധാരാളം നികുതി പരിഷ്ക്കാരങ്ങൾ വൻകിട കമ്പനികൾ മുന്നോട്ട് വയ്ക്കുന്നു.

നിലവിലെ സാഹചര്യത്തിൽ ചരക്ക് സേവന നികുതി (GST) യുടെ ആവിഷ്കാരം നികുതി പരിഷ്കാര മേഖലയിൽ ഒരു വൻ കുതിച്ചു ചാട്ടമാണ്. ഇത് വഴി ഉല്പാദകരുടേയും നിക്ഷേപകരുടേയും വിശ്വാസം ആർജ്ജിച്ച് സമ്പത്ത് ഘടനയ്ക്ക് ഒരു പുത്തനുണർവ് ഉണ്ടാകുമെന്നുറപ്പാണ്. 2016-17 ബഡ്ജറ്റിൽ മൊത്തം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേക്കുതകുന്ന നികുതി പരിഷ്കാരങ്ങൾ രാജ്യം പ്രതീക്ഷിക്കുന്നു. നികുതി നിയമങ്ങൾ ലഘൂകരിക്കുക വഴി രാജ്യത്തെ ബഹു ഭൂരിപക്ഷം ജനങ്ങളേയും നികുതി ജാലത്തിനുള്ളിൽ കൊണ്ടു വരുവാനും നികുതി നല്കേണ്ടതിന്റെ സാമൂഹിക പ്രതിബദ്ധത സംബന്ധിച്ച് പൗരന്മാരെ ബോധവത്കരിക്കാനും അതുവഴി ഇന്ത്യയെ ഒരു നികുതി സൗഹാർദ്ദ രാജ്യമാക്കി മാറ്റുവാനും ഗവണ്മെന്റ് ശ്രമിച്ചുവരുന്നു. അതോടൊപ്പം വ്യക്തികളുടേയും വ്യവസായ സംരംഭകരുടേയും തൊഴിൽ മേഖല ആയാസരഹിതമാക്കുന്നതിനുമുള്ള ശ്രമങ്ങൾക്കും സർക്കാർ ഊന്നൽ നൽകുന്നു.

*(പ്രസ്സ് ട്രസ്റ്റ് ഓഫ് ഇന്ത്യ (PTI) യുടെ മുൻ സാമ്പത്തിക വിഭാഗം എഡിറ്ററാണ് ലേഖകൻ)*

# ജിഎസ്ടിയുടെ സ്വാധീനം സാധാരണക്കാരിലും സമ്പദ് വ്യവസ്ഥയിലും

ഡോ. രഞ്ജിത് മേഹ്ത്ത

ജിഎസ്ടി ബിൽ സംബന്ധിച്ച് ഭരണഘടനാ ഭേദഗതി ബില്ല് പാസാക്കിയതും, മാതൃകാ ജിഎസ്ടി നിയമങ്ങൾ പുറത്തിറക്കിയതും എത്രയും വേഗം ജിഎസ്ടി രാജ്യത്ത് നടപ്പാക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തെയാണ് കാണിക്കുന്നത്. ഇന്ത്യയിൽ സുഗമമായി വ്യാപാരം നടത്തുന്നതിന് പ്രത്യേകിച്ച് നിർമ്മാണ മേഖലയിൽ മുഖ്യ പ്രതിബന്ധമായി നില്ക്കുന്നത് പരോക്ഷ നികുതിവ്യവസ്ഥയിലെ അനിശ്ചിതത്വമാണ്. നിലവിലുള്ള ബഹുതല ഘടനയിൽ സംസ്ഥാന, കേന്ദ്ര ഗവൺമെന്റുകൾ പ്രത്യേകം പ്രത്യേകം നികുതി ഈടാക്കുന്നു. തന്മൂലം നികുതിയുടെ പ്രവാഹമാണ് അനുഭവപ്പെടുന്നത്. വിവിധ നിരക്കുകളിലും വ്യത്യസ്ത തലങ്ങളിലും നികുതികൾ നിലനില്ക്കുന്നു. കേന്ദ്ര ഗവൺമെന്റിന് ആദായ നികുതി, സേവന നികുതി, കേന്ദ്ര വില്പന നികുതി, എക്സൈസ് തീരുവ, സുരക്ഷാ കൈമാറ്റ നികുതി എന്നിവയെല്ലാമുണ്ട്. സംസ്ഥാന തലത്തിലാകട്ടെ വാറ്റ് അല്ലെങ്കിൽ വില്പന നികുതി, ഒക്ട്രോയി, സംസ്ഥാന എക്സൈസ്, വസ്തു നികുതി, പ്രവേശന നികുതി, കാർഷികാദായ നികുതി തുടങ്ങിയവയും. ഈ നികുതികളെല്ലാം കൂടി ഇന്ത്യൻ ഉത്പ്പന്നങ്ങൾക്കു മേൽ താങ്ങാനാവാത്ത നികുതി ഭാരം ചുമത്തുന്നു. ഇത് അവയുടെ വിലയേയും ആഭ്യന്തര വിദേശ വിപണികളിലെ വില്പനയെയും ബാധിക്കുകയും ചെയ്യുന്നു. എന്നാൽ 2017 ഏപ്രിൽ മുതൽ ജിഎസ്ടി പ്രാബല്യത്തിൽ വരുകയാണെങ്കിൽ ഗവൺമെന്റ് ചരക്കുകൾക്കും സേവനങ്ങൾക്കും ഈടാക്കി വന്ന എല്ലാ പരോക്ഷ നികുതികളും റദ്ദാക്കും. പകരം ജിഎസ്ടി നടപ്പാക്കും.

ഏഷ്യയിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷമുള്ള അതി നിർണായകമായ നികുതി പരിഷ്കരണമാണ് ജിഎസ്ടി. വിവിധ ഇനം നികുതികൾ കൂടി കുഴഞ്ഞ ഇന്ത്യയുടെ നികുതി സംവിധാനത്തെ ഏകീകൃത സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുവരികയാണ് ജിഎസ്ടി യിലൂടെ ചെയ്തിരിക്കുന്നത്. സങ്കീർണമായ നികുതി സമ്പ്രദായത്തെ ലളിതമാക്കുക, സംസ്ഥാന അതിർത്തികൾ കടന്നും ചരക്കുകൾ കൊണ്ടു പോകാൻ സഹായിക്കുക, നികുതി വെട്ടിപ്പ് ഇല്ലാതാക്കുക, വരുമാനം ഉയർത്തുക, വളർച്ച ത്വരിതപ്പെടുത്തുക, നിക്ഷേപം വർധിപ്പിക്കുക, ഇന്ത്യയിലെ നിക്ഷേപവും വ്യവസായവും സുഗമമാക്കുക എന്നിവയാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. ജിഎസ്ടി, നികുതി ഘടനയെയും നികുതി ഗണനത്തെയും നികുതി അടവിനെയും, വായ്പാ വിനിയോഗത്തെയും, നിലവിലുള്ള പരോക്ഷ നികുതി സമ്പ്രദായത്തിലെ അപാകതകളെയും പരിഹരിക്കും.

വളരെ കുറച്ച് ഒഴിവുകളോടു കൂടിയ സമഗ്ര നികുതി സംവിധാനമാണ് ജിഎസ്ടിയിലൂടെ ഇനി നടപ്പിൽ വരിക. ഇത് ഉപഭോക്താക്കളുടെ നികുതി ഭാരം ലഘൂകരിക്കും. ധനമന്ത്രാലയത്തിന്റെ കണക്കു പ്രകാരം ജിഎസ്ടി ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 2 ശതമാനം വച്ച് വർധിപ്പിക്കും.

### ജിഎസ്ടിയുടെ പ്രധാന പ്രയോജനങ്ങൾ

രാജ്യത്തിന്റെ ദാരിദ്ര്യ ലഘൂകരണത്തിനും വികസനത്തിനും ആവശ്യമായ വിഭവങ്ങൾ ജിഎസ്ടി വർധിപ്പിക്കുമെന്ന് പ്രധാനമന്ത്രി ഒരു അഭിമുഖത്തിൽ പറയുകയുണ്ടായി. നികുതിയുടെ അടിസ്ഥാനം കൂടുതൽ ഉയരുമ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ മൊത്തത്തിലുള്ള വിഭവശേഷി വർധിക്കുകയും തത്ഫലമായി വികസനം പരോക്ഷമായി സംഭവിക്കുകയും ചെയ്യും. ഉത്തർ പ്രദേശ്, ബീഹാർ, മ

ധ്യപ്രദേശ് തുടങ്ങിയ ദരിദ്ര സംസ്ഥാനങ്ങൾ വലിയ ഉപഭോക്താക്കളായി കാലക്രമത്തിൽ മാറുമ്പോൾ ഇത് നേരിട്ടും സംഭവിക്കാം.

കൃത്യമായ വാറ്റ് രൂപീകരിച്ചുകൊണ്ട് ജിഎസ്ടി സ്വതന്ത്രവും കേന്ദ്രീകൃതവുമായി നികുതി സംവിധാനങ്ങളുടെ എല്ലാ അപാകതകളും ലഘൂകരിക്കും. ചരക്ക് സേവനങ്ങൾക്ക് പൊതു അടിസ്ഥാനവും പൊതു നിരക്കുകളും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ സമാന നിരക്കുകളും നിശ്ചയിക്കുമ്പോൾ നികുതി നിർവഹണം മെച്ചപ്പെടും.

മെയ്ക്ക് ഇൻ ഇന്ത്യക്കായി ജിഎസ്ടി സൗകര്യങ്ങൾ ഒരുക്കും. ജിഎസ്ടി ഇന്ത്യയിൽ ഒരു പൊതു നികുതി സംവിധാനം കൊണ്ടുവരും. നിലവിലുള്ള സംവിധാനത്തിന് മൂന്ന് തലങ്ങളാണുള്ളത്. അന്തർ സംസ്ഥാന ചരക്കുകൾക്ക് കേന്ദ്ര വില്പന നികുതി, വിവിധ സംസ്ഥാന നികുതികൾ, ഇറക്കുമതികൾക്ക് നല്കി വരുന്ന നികുതി ഒഴിവുകൾ. ജിഎസ്ടി ഇതെല്ലാം പരിഹരിക്കും. കേന്ദ്ര നികുതി ഇല്ലാതാകും. മിക്ക നികുതികളും ജിഎസ്ടിയിൽ ലയിക്കും. ഇറക്കുമതിയിന്മേലും ജിഎസ്ടി ബാധകമാകുമ്പോൾ ഇറക്കുമതിയെ സഹായിക്കുന്ന നടപടികൾക്കു പകരം ആഭ്യന്തരമായി ഇവിടെ നിർമ്മിക്കപ്പെടുന്ന ഉത്പന്നങ്ങൾക്ക് കൂടുതൽ സഹായങ്ങൾ ലഭിക്കും.

ജിഎസ്ടിയുടെ ഒരു ഗുണം വാല്യൂ ആഡഡ് ടാക്സ് അഥവാ വാറ്റ് സ്വയം സംരക്ഷിക്കാം എന്നതാണ്. ഓരോ കച്ചവടക്കാരനും അയാൾക്ക് ഉത്പ്പന്നങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാരനോട് വാറ്റിന്റെ രേഖകൾ ആവശ്യപ്പെടാം. ജിഎസ്ടിയുടെ ദ്വിവിധ നിരീക്ഷണ സംവിധാനമാണ് മറ്റൊരു പ്രത്യേകത. ഒന്ന് സംസ്ഥാനവും മറ്റൊന്ന് കേന്ദ്രവും. വിമർശകരും നികുതി ദായകരും ഈ ദ്വിവിധ സംവിധാനത്തെ ആകാംക്ഷയോടെയാണ് കാണുന്നത്. ഒരു തലത്തിൽ നികുതി പിരിക്കപ്പെട്ടില്ല എങ്കിൽ അടുത്ത തലത്തിൽ അത് ഉണ്ടാവും എന്നതാണ് ഇതിന്റെ പ്രത്യേകത.

വിവിധ നികുതികൾ ഒന്നിച്ചു ചേർന്ന് സാധാരണക്കാരന് ഭാരമാകുന്ന പഴയ രീതി ഇതോടെ മാറും. ജിഎസ്ടിയിൽ അടിസ്ഥാനപരമായി മൂന്നു നികുതികളുണ്ട്. കേന്ദ്രനികുതി, സംസ്ഥാന നികുതി, സംയോജിത ജിഎസ്ടി. മൂന്നാമത്തെ സംവിധാനം അന്തർ സംസ്ഥാന ഇടപാടുകൾകൾക്കാണ്. ഇപ്പോഴത്തെ നികുതി പരിഷ്കരണത്തിൽ എല്ലാവിധ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റം വില്പന, വാടക തുടങ്ങിയവയ്ക്ക് സംസ്ഥാന-കേന്ദ്ര ജിഎസ്ടി ഉണ്ടാവും. വിവിധ കേന്ദ്ര സംസ്ഥാന നികുതികൾ ലയിപ്പിച്ച് ഒറ്റ നികുതി സംവിധാനം നിലവിൽ വരുന്നതോടെ നികുതിയിലെ ഇരട്ടിപ്പ് ഇല്ലാതാകുന്നു, ഉത്പ്പന്നങ്ങൾക്ക് പൊതു ദേശീയ വിപണി നിലവിൽ വരുന്നു. ഉപഭോക്താവിന്റെ ഭാഗത്തു നിന്ന് നോക്കുമ്പോൾ പ്രധാന നേട്ടം ചരക്കുകളിന്മേലുമുള്ള മൊത്തം നികുതി ഭാരം 25-30 ശതമാനം വരെ കുറയുന്നു എന്നതാണ്.

**വിലകളിൽ സംഭവിക്കുന്ന കുറവ്:** നിർമ്മാതാക്കൾക്ക് ഉത്പാദന ചെലവിൽ നികുതി ഉൾപ്പെടുത്താൻ സാധിക്കില്ല. ഇതുമൂലം വിലകളിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു.

**നടപടി ചെലവുകൾ കുറയുന്നു:** നികുതി സംബന്ധമായ വിവിധ രേഖകൾ പ്രത്യേകം സൂക്ഷിക്കുന്നതിനു വരുന്ന ഭാരിച്ച ചെലവും സമയനഷ്ടവും ഇനി വേണ്ടിവരില്ല.

**ആഭ്യന്തര ഉത്പാദനം ശക്തിപ്പെടും:** ജിഎസ്ടി വഴി നികുതി ഭാരം കുറയുന്നതിനാൽ കൂടുതൽ ഉത്പ്പന്നങ്ങൾ നിർമ്മിച്ചുകൊണ്ട് നിർമ്മാതാക്കൾ ഇന്ത്യയിലെ ആഭ്യന്തര ഉത്പാദന രംഗം ശക്തിപ്പെടുത്തും.

**ക്ലിയറൻസ് കാലതാമസം ഒഴിവാകുന്നു:** ചരക്കുകൾ കൊണ്ടുപോകുന്നതിനിടെ നികുതി രേഖകൾ പരിശോധിക്കാൻ ചെക്ക് പോസ്റ്റുകൾ, ടോൾ പ്ലാസകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന കാലതാമസം മൂലം പെട്ടെന്നു കേടാകുന്ന ചരക്കുകളിന്മേൽ വ്യാപാരികൾക്ക് വലിയ നഷ്ടം ഉണ്ടാകുന്നുണ്ട്. ഈ മാർഗ തടസങ്ങളെല്ലാം നീക്കുന്നതിന് ഏകീകൃത നികുതി സംവിധാനം സഹായകരമാകും.

ഏകീകൃത നികുതി ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം പ്രധാനമായും പ്രയോജനപ്പെടുന്നത് വിലയുടെ കുറവിലാണ്. ഇത് സാധാരണക്കാരുടെ ജീവിത ഭാരം ലഘൂകരിക്കുന്നു. മാത്രവുമല്ല നികുതി സംവിധാനം കൂടുതൽ സുതാര്യവുമാക്കുന്നു. എന്തൊക്കെ നികുതി എന്തടിസ്ഥാനത്തിൽ വാങ്ങുന്നു

എന്ന് ഉപഭോക്താവിനു കൃത്യമായി മനസിലാക്കാൻ ഇതുവഴി സാധിക്കുന്നു.

ചരക്കു സേവന ശൃംഖലയുടെ തുടക്കത്തിൽ ജിഎസ്ടി നികുതികൾക്ക് ഉത്പാദകർക്ക് കടം നല്കുന്നുണ്ട്. വിവിധ രജിസ്റ്റേർഡ് വ്യാപാരികളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങാൻ ഉത്പാദകർക്ക് ഇത് പ്രോത്സാഹനമാവുകയും കൂടുതൽ വിതരണക്കാരെ നികുതിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരാനാകുകയും കഴിയും. കയറ്റുമതിക്കുള്ള കസ്റ്റംസ് തീരുവ ജിഎസ്ടി എടുത്തു കളഞ്ഞിരിക്കുന്നു. കൈമാറ്റ ചെലവ് കുറയുമ്പോൾ വിദേശ വിപണികളിൽ നമ്മുടെ മത്സരക്ഷമത വർധിക്കും.

## വസ്തു ഇടപാടുകൾ

അടിക്കടി ശക്തമായ സാമ്പത്തിക ആഘാതങ്ങൾ സംഭവിക്കുന്ന മേഖലയാണ് റിയൽ എസ്റ്റേറ്റ് അഥവാ ഭൂമി ഇടപാട്. നിർമ്മാണ മേഖലയാണ് കൃഷി കഴിഞ്ഞാൽ രാജ്യത്തെ മികച്ച രണ്ടാമത്തെ തൊഴിൽ അവസര സംവിധാനം. മൊത്ത ആഭ്യന്തര ഉത്പാദനത്തിലും ഗണ്യമായ വിഹിതം ഈ മേഖലയിൽ നിന്ന് ലഭിക്കുന്നു. 2015-16 ലെ സമ്പത്തിക സർവെ പ്രകാരം റിയൽ എസ്റ്റേറ്റ് മേഖല രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ 7.4 ശതമാനം വിഹിതം നല്കുന്നു. ഇപ്പോഴത്തെ ഇരട്ട നികുതി മൂലം ഈ മേഖലയിൽ വ്യവഹാരങ്ങളും അവ്യക്തതകളും സാധാരണമാണ്. ഇപ്പോഴത്തെ നിയമം അനുസരിച്ച് നിർമ്മാണം മുതൽ വസ്തു വില്പന വരെ വിവിധ നികുതികൾ ഉപഭോക്താവ് നല്കേണ്ടതുണ്ട്. സേവന നികുതി, വാറ്റ്, സ്റ്റാമ്പ് നികുതി, കെട്ടിട നിർമ്മാണ സെസ് എന്നിവയാണവ.

നിർദ്ദിഷ്ട ജിഎസ്ടി സംവിധാനം രാജ്യത്തെ പരോക്ഷ നികുതി ഘടനയ്ക്ക് അന്ത്യം കുറിക്കും. ചരക്കു സേവനങ്ങൾക്ക് ഈടാക്കുന്ന നികുതിയിൽ (സ്റ്റാമ്പ് ഡ്യൂട്ടി പോലുള്ള ഏതാനും നികുതികൾ ഒഴികെ ) ഒട്ടു മിക്ക പരോക്ഷ നികുതികളും ലയിച്ചു പോകും.അതുകൊണ്ടു തന്നെ ഇത് ഒരു വലിയ നികുതി പരിഷ്കാരം ആകുന്നു. ആധാരം മാത്രം ജിഎസ്ടിയുടെ പരിധിയിൽ വരികയില്ല. സ്റ്റാമ്പ് ഡ്യൂട്ടി മാത്രമാകും ഇതിൽ ബാധകം. റിയൽ എസ്റ്റേറ്റ് മേഖലയിൽ ജിഎസ്ടി സുതാര്യത കൊണ്ടുവരും. ഇതു വഴി നികുതി വെട്ടിപ്പ് നിയന്ത്രണ വിധേയമാകും.

## ആരോഗ്യ മേഖല

ഈ മേഖലയിലെ പ്രധാന ആശങ്ക ഇപ്പോഴത്തെ വിപരീത നികുതി ഘടനയാണ്. ഇത് രാജ്യത്തിനകത്തുള്ള നിർമ്മാതാക്കളെ പ്രതികൂലമായി ബാധിക്കുന്നു. തന്മൂലം വ്യവസായത്തിൽ മുതൽ മുടക്കാൻ നിക്ഷേപകർ മടിക്കുന്നു. ജിഎസ്ടി ഈ വിപരീത ഘടന ഒഴിവാക്കുകയോ ഈടാക്കിയ നികുതി മടക്കി നല്കുകയോ ചെയ്യും.അങ്ങനെ ഈ മേഖല കൂടുതൽ ശക്തമായി മുന്നേറുന്നതിനുള്ള രാസത്വരകമായി ജിഎസ്ടി വർത്തിക്കും.

യന്ത്രസാമഗ്രികളുടെ ഇറക്കുമതി ഇപ്പോഴത്തെ നികുതി ഘടനയിൽ വലിയ ചെലവേറിയ കാര്യമാണ്. ഇതു ലഘൂകരിക്കാനും ജിഎസ്ടി പ്രയോജനകരമാകും. ഔഷധ നിർമ്മാണ മേഖലയിലും ജിഎസ്ടി വളരെ ക്രിയാത്മകമായ ഫലങ്ങൾ ഉളവാക്കും. നികുതി ഘടന ലളിതമാക്കിക്കൊണ്ട് അത് വ്യവസായത്തെ സഹായിക്കും. ഇപ്പോൾ എട്ട് വിവിധ തരം നികുതികളാണ് ഔഷധനിർമ്മാണ മേഖലയിൽ ഈടാക്കപ്പെടുന്നത്. ഇതെല്ലാം കൂടി ഏകീകരിക്കപ്പെട്ടാൽ വ്യവസായ സംരംഭകത്വം വളരെ സൗകര്യപ്രദമാകും.

ജിഎസ്ടി നടപ്പാക്കുമ്പോൾ വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന കാര്യശേഷി വഴി ഇന്ത്യൻ ഔഷധ വിപണി 2 ശതമാനം വളർച്ച നേടുമെന്നും കണക്കാക്കപ്പെടുന്നു. ജിഎസ്ടി നടപ്പിലാവുന്നതോടെ, മരുന്ന് നിർമ്മാണ കമ്പനികൾ അവരുടെ വിതരണ ശൃംഖല യുക്തിഭദ്രമാക്കുകയും വിതരണ തന്ത്രങ്ങൾ പരിഷ്കരിക്കുകയും ചെയ്യും.

വലിയ കമ്പനികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം കൈമാറ്റ ചെലവ് കുറയുന്നു എന്നതാണ്. ഒപ്പം കേന്ദ്ര വില്പന നികുതി അവസാനിക്കുകയും ചെയ്യുന്നു. ജിഎസ്ടി വഴി നിർമ്മാണ ചെലവ് 2 ശതമാനം വരെ കുറയ്ക്കാനാവും. 20 ശതമാനം വരെ ലാഭം കൂട്ടാനും സാധിക്കും. ജിഎസ്ടി നിരക്ക് ഇപ്പോൾ നിലവിലുള്ള നിരക്കിനെക്കാൾ കുറവുമാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ജീവൻ രക്ഷാ മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാകുകയും ചെയ്യും. ഇതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യവും.

നിരവധി നികുതി ഇളവുകൾ ഈ മേഖലയ്ക്ക് ഇപ്പോൾ ഉണ്ട്. എന്നാൽ ഈ ഇളവുകൾ ജിഎ

സ്ടി നടപ്പിൽ വരുമ്പോൾ തുടർന്നും ലഭിക്കുമോ എന്നകാര്യത്തിൽ തീർച്ചയില്ല. ആരോഗ്യ ഇൻഷുറൻസ്, ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവ സേവന കേന്ദ്രീകൃതമാണെങ്കിലും ചിലപ്പോൾ വലിയ നികുതി നല്കേണ്ടി വരും. അപ്പോൾ ഇവയുടെ സേവനങ്ങളും ഉപഭോക്താക്കൾക്ക് ചെലവേറിയതായാക്കാം.

## ബാങ്കിങ് രംഗം

ഇന്ത്യയിലെ ബാങ്കിങ് മേഖലയിലും സാമ്പത്തിക സേവന മേഖലയിലും സേവന നികുതി 14.5 ശതമാനമാണ്. എന്നാൽ ജിഎസ്ടിയിൽ ഇത് 18 മുതൽ 20 ശതമാനം വരെയാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ ഈ സേവനങ്ങൾ ഇനി ചെലവേറും. ഈ മേഖലയിൽ ജിഎസ്ടി, കാര്യങ്ങൾ കൂടുതൽ കഠിനമാക്കും. വായ്പകളുടെ പലിശ, ഓഹരി വ്യാപാരം, വിദേശ നാണ്യ വിനിമയം തുടങ്ങിയവയും ജിഎസ്ടിയുടെ പരിധിയിൽ വരും. ഇത് പാടില്ല എന്ന് നിരവധി വിമർശനങ്ങൾ ഉയരുന്നുണ്ട്. മൊത്തത്തിൽ ബാങ്കിങ് സേവന മേഖലയിൽ ഇന്ത്യയ്ക്ക് ജിഎസ്ടി വലിയ വെല്ലുവിളി ഉയർത്തും. അതേസമയം ഈ പ്രതിസന്ധികളെ അതിജീവിച്ചാൽ ലോകത്തിനു തന്നെ വലിയ മാതൃക ആകുകയും ചെയ്യും.

## വിനോദസഞ്ചാര മേഖല

ഇന്ത്യയുടെ വിനോദ സഞ്ചാര വ്യവസായം വിവിധ നികുതികൾ ഈടാക്കപ്പെടുന്ന മേഖലയാണ്. കേന്ദ്രവും സംസ്ഥാനങ്ങളും ഈ വ്യവസായത്തിന്മേൽ നികുതി ചുമത്തുന്നു. ഇനിമേൽ ഹോട്ടലുകളും റെസ്റ്റോറന്റുകളും മറ്റും ജിഎസ്ടിക്കു കീഴിൽ വരും. അതോടെ ഈ നികുതികൾ എല്ലാം കൂടി ഒന്നാകും.

## വിദ്യാഭ്യാസ മേഖല

ഏറ്റവും കൂടുതൽ നികുതി ഇളവുകളും ആനുകൂല്യങ്ങളും ഉള്ള ഒരു മേഖലയാണ് വിദ്യാഭ്യാസം. സ്കൂളുകളും കോളേജുകളും നികുതി നല്കുന്നില്ല. ജിഎസ്ടി നടപ്പിലായാലും ഈ മേഖല ഇതേ പടി തുടരാനാണ് സാധ്യത.

## സാധാരണക്കാരുടെ മേലുള്ള ജിഎസ്ടിയുടെ സ്വാധീനം

നിലവിൽ എല്ലാ ചരക്കുകൾക്കും 12.5 ശതമാനമാണ് നികുതി. കൂടാതെ 5–15 ശതമാനം വരെ വാറ്റും. ഇത് താങ്ങേണ്ടത് ഉപഭോക്താവാണ്. ജിഎസ്ടിയിൽ മൊത്തം 18 ശതമാനം ടാക്സ് മാത്രമേ ഉപഭോക്താവ് നല്കേണ്ടി വരുന്നുള്ളൂ. 55 ശതമാനം സാധനങ്ങൾക്കും നികുതി ഉണ്ടാവില്ല. 32 ശതമാനത്തിന് കുറഞ്ഞ നികുതി. 12 ശതമാനത്തിന് സാധാരണ നികുതി ഇതാവും വ്യവസ്ഥ. അതായത് വീടുകളിലേയ്ക്കുള്ള അവശ്യ വസ്തുക്കൾക്ക് (തുണി, ബുക്കുകൾ, പാചക എണ്ണ തുടങ്ങിയവ) 5–8 ശതമാനം നികുതി മാത്രമേ കാണുകയുള്ളൂ. നികുതി 18 ശതമാനമായാൽ ഇവയുടെ വില കുത്തനെ ഉയരും. മൊത്തം വില ഘടന അസ്ഥിരമാകും.

ഹോട്ടൽ ഭക്ഷണത്തിന് ജിഎസ്ടിപ്രകാരം വില കുറയും. ഇപ്പോൾ ഇതിന് സേവന നികുതിയും വാറ്റും ഉണ്ട്. ജിഎസ്ടിയിൽ ഒറ്റ നികുതി മാത്രമെ ഈടാക്കുകയുള്ളൂ. ഫോൺ ബില്ല് ഉയരാൻ സാധ്യത ഉണ്ട്. റെയിൽ യാത്ര, ബാങ്ക് ഇടപാടുകൾ, വിമാന യാത്ര എന്നിവയും ചെലവേറിയതാകും.ചെറിയ കാറുകൾക്ക് അധികം നികുതി നല്കേണ്ടി വരില്ല. അധികം ചെലവുള്ള ഉപഭോക്തൃ ഉത്പ്പന്നങ്ങൾക്കും വില കുറയും. ടെലിവിഷന് വില കുറയും. ഇപ്പോൾ 20000 രൂപ വിലയുള്ള എൽ ഇ ഡി ടിവിക്ക് 24.5 ശതമാനം നികുതി ഉണ്ട്. ജിഎസ്ടിയിൽ 18 ശതമാനം മാത്രം നികുതി മതി. ബാഗുകൾ, ഷൂസുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയ്ക്ക് കൂടുതൽ വില നല്കണം. ഓൺ ലൈൻ വ്യാപാരവും ചെലവേറിയതാകും.

അങ്ങനെ വരുമ്പോൾ ജിഎസ്ടിയുടെ യഥാർത്ഥ വിജയം അത് സാധാരണക്കാരിൽ ചെലുത്തുന്ന സ്വാധീനം തന്നെയാണ്. ഒരു രാഷ്ട്രം ഒരു നികുതി എന്നത് അനുകൂല വഴിയിലുള്ള ഒരു മാറ്റമാണ്. ഇത് സാധാരണക്കാർക്കും രാജ്യത്തിന് മൊത്തത്തിലും പ്രയോജനകരവുമാണ്. ജിഎസ്ടി പൗരന്മാരിൽ അനുകൂല സ്വാധീനം ചെലുത്തും എന്നും ഇന്ത്യൻ സമ്പദ് ഘടനയ്ക്ക് ഉത്തേജനം പകരും എന്നും പ്രതീക്ഷിക്കുന്നു.അങ്ങനെ ഒരൊറ്റ നികുതി സമ്പ്രദായത്തിനു കീഴിൽ ഇന്ത്യ ഒരു ഏകീകൃത ദേശീയ വിപണിയായി മാറും എന്നു കരുതപ്പെടുന്നു.

*(ന്യൂഡൽഹിയിലെ ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിൽ ഡയറക്ടറാണ് ലേഖകൻ)*

# ഇന്ത്യയിലെ നികുതി സമ്പ്രദായം: ഒരു അവലോകനം

മാലിനി ചക്രവർത്തി

നിത്യജീവിതത്തിൽ നാമെല്ലാം ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഗവൺമെന്റിന് നികുതി നൽകുന്നവരാണ്. ഈ നികുതികളാണ് ഗവൺമെന്റിനെ അതിന്റെ കർത്തവ്യ നിർവഹണത്തിൽ സഹായിക്കുന്നത്. ക്രമസമാധാനപാലനം, പൊതുസേവനങ്ങൾ ലഭ്യമാക്കുക, സാമൂഹ്യ-ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, വിദ്യാഭ്യാസം, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്നിവയെല്ലാം നിർവ്വഹിക്കുന്നതിന് വേണ്ടിവരുന്ന സാമ്പത്തിക വിഭവശേഷി നികുതികൾ, ഉപഭോഗ നിരക്കുകൾ, സേവന നിരക്കുകൾ, കടമെടുപ്പ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നത്. ബാധ്യതകൾ വരുത്താത്തതും, ആസ്തികളിൽ കുറവ് വരുത്താത്തതുമായ വിഭവസ്രോതസുകളെ നികുതി വരുമാനം എന്ന് വിളിക്കുന്നു. ബാധ്യത സൃഷ്ടിക്കുന്നതും ആസ്തികൾ കുറക്കുന്നതുമായ (ഉദാ. ഓഹരി വിറ്റഴിക്കൽ) വിഭവശേഖരണം കാപിറ്റൽ വരുമാനം എന്നറിയപ്പെടുന്നു. നികുതികൾ, യൂസർ ഫീ/സേവന ചാർജുകൾ എന്നിവ മൂലധന വരുമാനത്തിന്റെയും കടമെടുപ്പ് കാപിറ്റൽ വരുമാനത്തിന്റെയും ഉദാഹരണങ്ങളാണ്.

## നികുതി, നികുതിയേതര വരുമാനം

നികുതി വരുമാനം, നികുതിയേതര വരുമാനം എന്നിങ്ങനെ റവന്യൂ വരുമാനത്തെ രണ്ടായി തിരിക്കാം.

**നികുതി വരുമാനം:** നിയമം അനുസരിച്ച് ഗവൺമെന്റ് ശേഖരിക്കുന്ന ധനം നികുതി എന്ന് അറിയപ്പെടുന്നു.

**നികുതിയേതര വരുമാനം:** യൂസർ ചാർജുകൾ, ഫീസ്, ഡിവിഡന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതം, പലിശ വരുമാനം, ഫൈൻ, പിഴ തുടങ്ങിയവ നികുതി ഇതര വരുമാനങ്ങളാണ്. ലോകമെങ്ങും പല രാജ്യങ്ങളിലും നികുതി വരുമാനം തന്നെയാണ് പ്രധാന വരുമാന സ്രോതസ്.

## പ്രത്യക്ഷ, പരോക്ഷ നികുതികൾ

നികുതികൾ പൊതുവെ പ്രത്യക്ഷ നികുതി, പരോക്ഷ നികുതി എന്ന് രണ്ടായി തിരിക്കാം.

**പ്രത്യക്ഷ നികുതി:** നികുതി ചുമത്തപ്പെടുന്ന വസ്തുവിന്റെ മേൽ തന്നെ നികുതിഭാരം നേരിട്ട് വരുന്ന നികുതികളാണ് പ്രത്യക്ഷ നികുതി എന്ന് അറിയപ്പെടുന്നത്. അതായത് ഗവൺമെന്റിന് നികുതി നൽകുന്ന സ്ഥാപനം അല്ലെങ്കിൽ വസ്തു തന്നെ ആ നികുതിഭാരം വഹിക്കുന്ന സാഹചര്യമാണിത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നികുതി കൈമാറ്റം ചെയ്യപ്പെടുന്നില്ല. ആദായം, സമ്പത്ത്, വസ്തു തുടങ്ങിയവയ്ക്ക് പ്രത്യക്ഷ നികുതി നൽകേണ്ടതുണ്ട്.

**പരോക്ഷ നികുതി:** നികുതി ഭാരം പിന്നീട് ഒരവസരത്തിൽ മറ്റു വ്യക്തികളിലേക്ക് വ്യാപാര ഇടപാടുകളിലൂടെ കൈമാറ്റം ചെയ്യാൻ പറ്റുന്നവയാണ് പരോക്ഷ നികുതികൾ. നികുതിഭാരം വഹിക്കുന്ന ഏജന്റിന് മേൽ ആയിരിക്കില്ല നികുതി ചുമത്തപ്പെടുക. കസ്റ്റംസ് തീരുവ, എക്സൈസ് തീരുവ, സേവന നികുതി, വില്പന നികുതി, മൂല്യവർദ്ധിത നികുതി (വാറ്റ്) തുടങ്ങിയവ പരോക്ഷ നികുതികളാണ്.

## ഇന്ത്യയിലെ വിവിധ തരം പ്രത്യക്ഷ-പരോക്ഷ നികുതികൾ

പ്രത്യക്ഷ-പരോക്ഷ നികുതികളിലായി പലതരം നികുതികൾ നിലവിലുണ്ട്. പലതരം ആദായം, ഉത്പാദനം, വസ്തുക്കളുടെയും സേവനങ്ങളുടെയും വില്പന, കയറ്റുമതി തുടങ്ങിയവക്കെല്ലാം നികുതി നൽകണം. ഇന്ത്യയിൽ നിലവിലുള്ള പലതരം നികുതികളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

### I) പ്രത്യക്ഷ നികുതികൾ

- **കോർപറേറ്റ് നികുതി :** രജിസ്റ്റർ ചെയ്ത കമ്പ

നികൾ, കോർപ്പറേറ്റുകൾ (രാജ്യത്തിനകത്തുള്ളതും ഇവിടെ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര, വിദേശ കമ്പനികളും ഉൾപ്പെടും) എന്നിവയുടെ വരുമാനത്തിൽ ചുമത്തുന്ന നികുതി. ആഭ്യന്തര കമ്പനികൾക്ക് അവയുടെ മൊത്തം വരുമാനത്തിനും വിദേശ/ബഹുരാഷ്ട്ര കമ്പനികൾക്ക് അവയുടെ ഇന്ത്യയിൽ നിന്നുള്ള വരുമാനത്തിനുമാണ് ഇത്തരത്തിൽ നികുതി ചുമത്തുന്നത്.

- **വ്യക്തികളുടെ ആദായ നികുതി :** വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങി കമ്പനികൾ അല്ലാത്തവർ 1961 ലെ ആദായനികുതി നിയമത്തിന് വിധേയമായി ആദായ നികുതി നൽകേണ്ടതുണ്ട്.
- **സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സ് :** സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ഓഹരികൾ, മ്യൂചൽ ഫണ്ടുകൾ തുടങ്ങിയവയുടെ ഇടപാടുകൾക്കുള്ള നികുതി സെക്യൂരിറ്റീസ് ട്രാൻസാക്ഷൻ ടാക്സ് എന്നറിയപ്പെടുന്നു.
- **കാപിറ്റൽ ഗെയിൻ ടാക്സ് :** പെയിന്റിംഗുകൾ, ആഭരണം, ഓഹരികൾ, മ്യൂചൽ ഫണ്ടുകൾ തുടങ്ങിയവയുടെ വില്പന, കൈമാറ്റം എന്നിവയിലൂടെ ലഭിക്കുന്ന ലാഭത്തിന് നൽകേണ്ട നികുതിയാണിത്. വാങ്ങിയ വിലയും വിറ്റഴിച്ച വിലയും തമ്മിലുള്ള അന്തരം ലാഭമായി കണക്കാക്കിയാണ് നികുതി. വസ്തുവിന്റെ വില്പന നടന്ന വർഷമാണ് നികുതി ഈടാക്കുന്നത്.
- **സ്വത്ത് നികുതി:** 1957 ലെ സ്വത്ത് നികുതി നിയമം അനുസരിച്ച് കമ്പനികൾ, വ്യക്തികൾ എന്നിവയുടെ ചില വസ്തുക്കളിൽ മേൽ ഈടാക്കുന്ന നികുതിയാണ് സ്വത്ത് നികുതി. ഉല്പാദന ക്ഷമമമായ വസ്തുക്കൾക്ക് ഇത് ഈടാക്കുന്നില്ല. അതിനാൽ, ഓഹരികളിലെ നിക്ഷേപം, ഡിബഞ്ചറുകൾ, യുടിഐ മ്യൂചൽ ഫണ്ടുകൾ തുടങ്ങിയവയ്ക്ക് സ്വത്ത് നികുതി ബാധകമല്ല. 2015-16 ൽ സ്വത്ത് നികുതി എടുത്തുകളഞ്ഞ് പകരം അതിധനികർക്ക് നികുതിയുടെമേൽ സർചാർജ് ഈടാക്കാൻ തുടങ്ങി.
- **വസ്തു നികുതി:** ആദായ നികുതി നിയമം അനുസരിച്ച് വസ്തുക്കളിൽ നിന്നുള്ള ആദായം നികുതി വിധേയമാണ്. കെട്ടിടങ്ങൾ, ഫ്ളാറ്റുകൾ, കടകൾ, ഭൂമി തുടങ്ങിയവയ്ക്ക് ഇത്തരത്തിൽ നികുതി ചുമത്തുന്നു.

**II) പരോക്ഷ നികുതികൾ**

- **എക്സൈസ് തീരുവ :** രാജ്യത്ത് ഉത്പാദിപ്പിക്കുന്നതും ആഭ്യന്തര ഉപഭോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതുമായ വസ്തുക്കൾക്ക് ചുമത്തുന്ന നികുതിയാണിത്.
- **വില്പന നികുതി :** വില്പന നടക്കുന്ന ഘട്ടത്തിലും ചിലതിന്റെ കൈമാറ്റ ഘട്ടത്തിലും വസ്തുവിന്റെ മൂല്യത്തിന്റെ നിശ്ചിത ശതമാനം കണക്കാക്കി വില്പന നികുതി ഈടാക്കുന്നു.
- **മൂല്യവർദ്ധിത നികുതി (VAT) :** പല ഘട്ടമായി ചുമത്തുന്ന വാറ്റ് വിപണന ശൃംഖലയുടെ ഓരോ ഘട്ടത്തിലും വരുന്ന മൂല്യവർധന കണക്കാക്കി ചുമത്തുന്നു. ശൃംഖലയുടെ ആദ്യ ഘട്ടങ്ങളിൽ ഈടാക്കിയ നികുതിയുടെ ആനുകൂല്യം പിന്നീട് ലഭിക്കും.
- **സേവന നികുതി :** ഒരു സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് ചുമത്തുന്ന നികുതി. സേവന ദാതാവാണ് നികുതി ശേഖരിച്ച് നൽകേണ്ടത്.
- **കസ്റ്റംസ് തീരുവ :** രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്ക് കസ്റ്റംസ് തീരുവ ഈടാക്കുന്നു. അതുപോലെ തന്നെ കയറ്റുമതി ചെയ്യുന്നവർക്കും കസ്റ്റംസ് തീരുവ ചുമത്തുന്നു.

## നികുതി ചുമത്താൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കുള്ള അധികാരം

- കോർപ്പറേറ്റ് നികുതി, വ്യക്തികളുടെ ആദായ നികുതി തുടങ്ങിയവ കേന്ദ്ര ഗവൺമെന്റിന്റെ അധികാര പരിധിയിൽ പെടും. (എന്നാൽ കാർഷികാദായ നികുതി സംസ്ഥാന ഗവൺമെന്റിനാണ്).
- പരോക്ഷ നികുതികളുടെ കാര്യത്തിൽ എക്സൈസ് തീരുവയും സേവന നികുതിയും

ഈടാക്കാൻ കേന്ദ്ര ഗവൺമെന്റിനാണ് അധികാരം. വില്പന നികുതി, മറ്റു ചില നികുതികൾ തുടങ്ങിയവ സംസ്ഥാന ഗവൺമെന്റുകൾക്ക് ഈടാക്കാം.

- വില്പന നികുതി, സ്റ്റാംപ് നികുതി, മദ്യത്തിന് ചുമത്തുന്ന സംസ്ഥാന എക്സൈസ് നികുതി, ഭൂനികുതി, വിനോദ നികുതി, തൊഴിൽ നികുതി, തുടങ്ങിയവ സംസ്ഥാന ഗവൺമെന്റുകൾക്ക് പിരിക്കാം. 2005 മുതൽ എല്ലാ സംസ്ഥാനങ്ങളും വാറ്റ് നികുതി സമ്പ്രദായത്തിലേക്ക് മാറിയതോടെ വില്പന നികുതി ഇല്ലാതായി.
- കെട്ടിട നികുതി, ഒക്ട്രോയി, മാർക്കറ്റുകൾക്ക് ചുമത്തുന്ന നികുതി, ജലവിതരണം, അഴുക്കുചാൽ ശുചിയാക്കൽ തുടങ്ങിയവയിൻമേലുള്ള നികുതി തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കി വരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഒക്ട്രോയി എടുത്തു കളഞ്ഞിട്ടുണ്ട്.

## കേന്ദ്ര സംവിധാനങ്ങളിലൂടെ ഈടാക്കുന്ന നികുതിയുടെ വിതരണം

പല കാരണങ്ങളാലും കേന്ദ്ര-സംസ്ഥാന ഗവൺമന്റുകളുടെ നികുതി അധികാരവും ചെലവ് ചെയ്യാനുള്ള ചുമതലകളും സംബന്ധിച്ച് അസന്തുലിതാവസ്ഥ നിലനിൽക്കുന്നു. ഇത് നേരിടാൻ തക്കവണ്ണം ഓരോ അഞ്ചുവർഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനെ നിയമിക്കും. നികുതി ശേഖരണങ്ങളിലൂടെ മുഖ്യമായും കേന്ദ്രത്തിന് ലഭിക്കുന്ന വരുമാനത്തിന്റെ വിതരണം എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുന്നു. സെസ്സ്, സർചാർജ്, കേന്ദ്രഭരണ പ്രദേശങ്ങളിലെ നികുതി എന്നിവ ഒഴിവാക്കിയും നികുതി പിരിക്കാനുള്ള ചെലവ് കിഴിച്ചുമുള്ള തുകയാണ് കേന്ദ്ര നികുതി വരുമാനത്തിലെ പങ്ക് വയ്ക്കാവുന്ന വിഹിതമായി കണക്കാക്കുന്നത്. 2015 ഏപ്രിലിൽ നിലവിൽ വന്ന 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കേന്ദ്ര നികുതി വരുമാനത്തിന്റെ 42 ശതമാനം ഇത്തരത്തിൽ ഓരോ വർഷവും സംസ്ഥാനങ്ങൾക്കായി നൽകാം. ബാക്കി കേന്ദ്രത്തിന് പൊതുബജറ്റിനായി നീക്കി വയ്ക്കാം.

## നികുതി-ജിഡിപി അനുപാതവും നികുതി പുരോഗതിയും ഇന്ത്യയിൽ

സമ്പദ് വ്യവസ്ഥയുടെ വലിപ്പമനുസരിച്ച് ഗവൺമെന്റ് ഈടാക്കുന്ന നികുതി എത്രയെന്ന് മനസിലാക്കാനുള്ള പ്രധാന സൂചകമാണ് ഓരോ രാജ്യത്തിന്റെയും നികുതി-ജിഡിപി അനുപാതം. ഇത് കൂടിയിരിക്കുന്നത് അധികം കടമെടുക്കാതെ മുന്നോട്ട് പോകാൻ ഗവൺമെന്റിനെ സഹായിക്കുന്നു. എന്നാൽ, പല വർഷങ്ങളിലായി മികച്ച വളർച്ചാ നിരക്ക് നേടിയിട്ടും ഇന്ത്യയിലെ നികുതി-ജിഡിപി അനുപാതം താഴ്ന്ന നിലയിലാണ്. ബ്രിക്സ് രാജ്യങ്ങളെ നോക്കിയാൽ ഏറ്റവും താഴ്ന്നത് ഇവിടെയാണെന്ന് കാണാം. അതിനാൽ തന്നെ ഈ അനുപാതം വർദ്ധിക്കേണ്ടത് അടിയന്തിര ആവശ്യമായി വരുന്നു.

നികുതി സമ്പ്രദായം നോക്കിയാൽ ഇന്ത്യയിലെ പുരോഗതിയുടെ കുറവാണ് മറ്റൊരു പ്രശ്നം. താഴ്ന്ന വരുമാനക്കാരുടെമേൽ കൂടുതലായി വരുന്ന നികുതി ഭാരം പുരോഗമനപരമല്ലാത്ത നികുതി വ്യവസ്ഥയ്ക്കായി കണക്കാക്കുന്നു. ധനവാനും ദരിദ്രനും ഒരേപോലെ നികുതി ചുമത്തുന്ന പരോക്ഷ നികുതികൾ പുരോഗമനപരമല്ലെന്നാണ് വിലയിരുത്തൽ. പ്രത്യക്ഷ നികുതികൾ നേരെ മറിച്ച് പുരോഗമനപരമായി കണക്കാക്കുന്നു. നികുതിദായകന്റെ കഴിവ് അനുസരിച്ച് ചുമത്തുന്നതിനാലും വരുമാനം വർദ്ധിക്കുന്നതനുസരിച്ച് നികുതി നിരക്ക് ഉയരുന്നതിലുമാണിത്. ഇന്ത്യയിൽ കേന്ദ്രവും സംസ്ഥാനങ്ങളും കൂടി ഈടാക്കുന്ന മൊത്തം നികുതിയുടെ 60 ശതമാനവും പരോക്ഷ നികുതിയാണ് എന്നത് നമ്മുടെ നികുതി ഘടന അങ്ങേയറ്റം പുരോഗമന വിരുദ്ധമാണെന്നതിന്റെ സൂചനയാണ്.

## നികുതി പരിഷ്ക്കരണം

നികുതി സംവിധാനം ലഘൂകരിക്കാനും നികുതി സൗഹൃദ രാഷ്ട്രമാക്കി ഇന്ത്യയെ മാറ്റാനും ലക്ഷ്യമിട്ട് നിരവധി പരിഷ്കരണങ്ങൾ മുൻ വർഷങ്ങളിലായി രാജ്യത്ത് നടപ്പാക്കി. അത്തരത്തിൽ ഇപ്പോൾ നടപ്പാക്കാൻ ലക്ഷ്യമിടുന്ന ഒരു സുപ്രധാന പരിഷ്കരണമാണ് ചരക്ക് സേവന നികുതി അഥവാ ജി.എസ്.റ്റി. 2005 ൽ വില്പന നികുതിക്ക് പകരം വാറ്റ് നിലവിൽ വന്നെങ്കിലും ഇപ്പോൾ പലതരം പരോക്ഷ നികുതികൾ വാറ്റിന് പുറമേ ചുമത്തുന്നുണ്ട്. ഒരേ

## ഇന്ത്യയിലെ നികുതി-ജിഡിപി അനുപാതം

| വർഷം | നികുതി-ജിഡിപി അനുപാതം | പ്രത്യക്ഷനികുതി ജിഡിപി അനുപാതം | പരോക്ഷ നികുതി ജിഡിപി അനുപാതം |
|---|---|---|---|
| 2001-02 | 13.39 | 3.11 | 10.28 |
| 2002-03 | 13.08 | 3.45 | 10.63 |
| 2003-04 | 14.59 | 3.86 | 10.73 |
| 2004-05 | 15.25 | 4.23 | 11.02 |
| 2005-06 | 15.91 | 4.54 | 11.37 |
| 2006-07 | 17.15 | 5.39 | 11.77 |
| 2007-08 | 17.45 | 6.39 | 11.06 |
| 2008-09 | 16.26 | 5.83 | 10.43 |
| 2009-10 | 15.5 | 5.8 | 9.6 |
| 2010-11 | 16.3 | 5.8 | 10.50 |
| 2011-12 | 16.3 | 5.6 | 10.7 |
| 2012-13 | 16.9 | 5.6 | 11.3 |
| 2013-14 (RE) | 17.1 | 5.7 | 11.4 |
| 2014-15 (BE) | 17.4 | 5.8 | 11.6 |

*അവലംബം: ഇന്ത്യൻ പബ്ലിക് ഫിനാൻസ് സ്റ്റാറ്റിസ്റ്റിക്സ്, ധനമന്ത്രാലയം*

ഉല്പന്നം ഉത്പാദനഘട്ടം മുതൽ അതിന്റെ വില്പന വരെ വിവിധ ഘട്ടങ്ങളിൽ പല തട്ടുകളിൽ നികുതി ചുമത്തപ്പെടുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നുവെന്നതാണ് ഇവിടെ പ്രശ്നം. വില്പന വിലയിൽ നികുതി വിഹിതം കൂടാനും നികുതി മൂലമുള്ള വില വർധന ഉണ്ടാക്കാനും ഇതിടയാക്കുന്നു. കൂടാതെ, പല സംസ്ഥാനങ്ങളും കേന്ദ്രവും പലതരം നികുതികൾ ചുമത്തുന്നത് നികുതി വെട്ടിപ്പിനും വഴിയൊരുക്കുന്നു.

ഇത്തരം പരോക്ഷ നികുതികളെയെല്ലാം നീക്കം ചെയ്ത ഏകീകൃത ഒറ്റ പരോക്ഷ നികുതിയിലേക്ക് കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ള നികുതിയാണ് ജി.എസ്.റ്റി. അത് വാറ്റിനോട് സാദൃശ്യം ഉള്ളതും അമിത നികുതി ഭാരം ലഘൂകരിക്കാൻ ഉദ്ദേശിച്ചുള്ളതും ആണ്. പെട്രോളിയം, പുകയില, മദ്യം തുടങ്ങി ചിലവ ഒഴികെ മുഴുൻ വസ്തുക്കളും സേവനങ്ങളും ജി.എസ്.റ്റി യുടെ പരിധിയിൽ വരും. ഒറ്റ നികുതിയെന്ന നിലയിൽ തന്നെ കേന്ദ്ര ജി.എസ്.റ്റി, സംസ്ഥാന ജി.എസ്.റ്റി എന്നീ രണ്ട് ഘടകങ്ങൾ അടങ്ങിയതാണ് ഇത്. എ സുബ്രഹ്മണ്യൻ അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശയനുസരിച്ച് ജിഎസ്റ്റി നിരക്ക് താഴെ പറയും വിധം ചുമത്തണം.

1) ഭൂരിപക്ഷം ചരക്കു-സേവനങ്ങൾക്കും സാധാരണ നിരക്ക് ബാധകമായിരിക്കും.

2) ആവശ്യസാധനങ്ങൾക്കും മറ്റും കുറഞ്ഞ നിരക്ക്

3) ആഡംബര വസ്തുക്കൾ ഉൾപ്പെടെയുള്ളവയ്ക്ക് ഉയർന്ന നിരക്ക്.

ജി.എസ്.റ്റിയുടെ വരവോടെ നികുതി ഘടനയിലെ കേന്ദ്ര-സംസ്ഥാന അതിർവരമ്പ് കുറയും. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഉല്പാദനത്തിനും വിതരണത്തിലും നികുതി ചുമത്താം എന്നതാണ് കാരണം. നികുതി സംവിധാനം ലഘൂകരിക്കാനും യുക്തിസഹമാക്കാനും അതുവഴി നികുതി വെട്ടിപ്പ് ഒഴിവാക്കാനും ജി.എസ്.റ്റി സഹായിക്കുമെന്നാണ് കണക്കുകൂട്ടൽ. അതേസമയം തന്നെ, ഇന്ത്യൻ നികുതിഘടന പുരോഗമനപരമാക്കാൻ ലക്ഷ്യമിട്ട് പ്രത്യക്ഷ നികുതി വർധിപ്പിക്കാനുള്ള ചില നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നതും പ്രധാനമാണ്.

*(സെന്റർ ഫോർ ബഡ്ജറ്റ് ആന്റ് ഗവേണൻസ് അക്കൗണ്ടബിലിറ്റി (CBGA) യിൽ ഉദ്യോഗസ്ഥനാണ് ലേഖകൻ)*

പ്രത്യേക ലേഖനം

# ജിഎസ്ടി: അന്താരാഷ്ട്ര അനുഭവങ്ങളും ഇന്ത്യയും

പ്രവാകർ സാഹു, അശ്വനി ബിഷ്നോയ്

പതിനൊന്നുവർഷത്തെ നിരന്തര ചർച്ച, രാഷ്ട്രീയ അനിശ്ചിതത്വം എന്നിവിയ്ക്കൊടുവിലാണ് ഇപ്പോൾ ജിഎസ്ടി നിയമം പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയിട്ടുള്ളത്. ചരക്ക്, സേവനം എന്നിവയിൽ നിലവിലുള്ള പതിനഞ്ചു കേന്ദ, സംസ്ഥാന പരോക്ഷ നികുതിനിരക്കുകൾ സംയോജിപ്പിച്ച് , രാജ്യത്തൊട്ടാകെ ഒറ്റ നികുതി നിരക്ക് ഏർപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് ജിഎസ്ടി. ഇന്ത്യയെ ഒറ്റ വിപണിയായി മാറ്റുകയാണ് ലക്ഷ്യം. വരുംവർഷങ്ങളിൽ ഇന്ത്യയുടെ ഗതി മാറ്റുന്ന ഈ ചരിത്ര നടപടി സാമ്പത്തിക പരിഷ്കാരങ്ങളിൽ ഇപ്പോഴത്തെ ഗവൺമെന്റിന്റെ നാഴികക്കല്ലായിരിക്കും.

നിലവിലുള്ള സെൻട്രൽ വാല്യു ആഡഡ് ടാക്സ് (സെൻവാറ്റ്), സംസ്ഥാന വാറ്റ് തുടങ്ങിയവയിൽ കൂടി നികുതിദായകർ അനുവഭവിക്കുന്ന ദുരിതങ്ങൾ ഏറെയാണ്. ഈ രണ്ടു നികുതികളും പരസ്പരം ബന്ധമുള്ളതല്ല എന്നു മാത്രമല്ല, ഇത് ഉപഭോക്തക്കൾക്ക് കൂടുതൽ നികുതി ബാധ്യത വരുത്തുന്നതുമാണ്. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യത്യസ്തമാണ്; സംസ്ഥാന വാറ്റ് നിരക്കുകളും വ്യത്യസ്തമാണ്. ചുരുക്കത്തിൽ ഏറ്റവും സങ്കീർണമായ നികുതി സംവിധാനമാണ് ഇന്ത്യയുടേത്.

രാജ്യത്തെ നിക്ഷേപകരും വ്യവസായികളും നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടേയും ബഹുമുഖ നികുതി നിരക്കുകളടങ്ങിയ സങ്കീർണമായ നികുതി സംവിധാനം. നികുതി നിബന്ധനകൾ പാലിക്കണമെങ്കിൽ വലിയ തോതിൽ സമയവും പണവും വേണ്ടിവരുന്നു. കഴിഞ്ഞ ഒരു ദശകത്തിലേറെയായി നിക്ഷേപകരും വ്യവസായികളും ഒരേപോലെ ആവശ്യപ്പെട്ടുവരുന്ന കാര്യമാണ് നികുതി സംവിധാനത്തിന്റെ ലളിതവത്കരണം. ചരക്കുകളുടേയും സേവനങ്ങളുടേയും നികുതികൾ സംയോജിപ്പിക്കുന്നതിലൂടെ നികുതിനിബന്ധനകൾ പാലിക്കുന്നതിനുള്ള ചെലവു കുറയുന്നുവെന്നു മാത്രമല്ല, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഒരുമിച്ച് പൂർണമായും ലഭിക്കുകയും ചെയ്യുന്നു.

കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ഇപ്പോഴത്തെ വാറ്റ് സംവിധാനത്തിനു ചില ന്യൂനതകളുണ്ട്. അസംസ്കൃതവസ്തുക്കൾക്കു നൽകുന്ന നികുതിയുടെ ഇൻപുട്ട് ക്രെഡിറ്റാണ് കേന്ദ്ര തലത്തിൽ ലഭിക്കുക. ഉത്പാദനത്തിനുശേഷം വരുന്ന ചെലവുകൾക്കു നൽകുന്ന നികുതിക്കു ഇൻപുട്ട് ക്രെഡിറ്റ് കിട്ടില്ല. വളരെക്കുറച്ചു ഉത്പന്നങ്ങൾക്കു മാത്രമേ സേവന നികുതി ചുമത്തിയിട്ടുള്ളു. അതുകൊണ്ടുതന്നെ ഇത്തരം വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രക്രിയയിൽ നൽകുന്ന സേവന നികുതിക്കു ഇൻപുട്ട് ക്രെഡിറ്റ് കിട്ടുക വളരെ പ്രയാസകരമാണ്. ചരക്ക്, സേവനം എന്നിവയ്ക്കു നികുതി ചുമത്തുന്ന സമഗ്രമായ ജിഎസ്ടി അതിനാൽ ഏറ്റവും അത്യാവശ്യമാണ്.

ഇപ്പോഴത്തെ സംസ്ഥാന വാറ്റിനും ഒട്ടേറെ പരിമിതികളുണ്ട്. കേന്ദ്രത്തിൽ ഇതിനകംതന്നെ നൽകിയ എക്സൈസ് ഡ്യൂട്ടിക്കുമേൽ വാറ്റ്, ആഢംബര നികുതി, വിനോദ നികുതി തുടങ്ങിയ പലതരം നികുതികൾ സംസ്ഥാനങ്ങളുടെ വാറ്റിലുണ്ട്. അതേസമയം കേന്ദ്ര വിൽപ്പന നികുതിയുടെ ( സിഎസ്ടി) ഇൻപുട്ട് ക്രെഡിറ്റ് എടുക്കാനുള്ള വകുപ്പ് സംസ്ഥാന വാറ്റിൽ ഇല്ലാതാനും. അതിനാൽ ഇൻപുട്ട് ക്രെഡിറ്റ് എടുക്കാവുന്ന വിധത്തിൽ കേന്ദ്ര, സംസ്ഥാന ജിഎസ്ടിക

ളിൽ സമഗ്രമായ ജിഎസ്ടി നിയമം ആവശ്യമാണ്. ചുരുക്കത്തിൽ ലളിതമായ നികുതി സംവിധാനം, നികുതിയുടെ കാസ്കേഡിംഗ് ഫലം കുറയ്ക്കൽ, പൊതുവിപണിയുടെ വികസനം, നികുതിദായകരുടെ എണ്ണം വർധിപ്പിക്കൽ, നികുതി നിബന്ധനകൾ പാലിക്കുന്നതിനു വേണ്ടി വരുന്ന ചെലവു കുറയ്ക്കൽ തുടങ്ങിയവയെല്ലാം നികുതിദായകനും ഗവൺമെന്റിന്റെ ഖജനാവിനും ഗുണകരമാകും.

കേന്ദ്ര, സംസ്ഥാന ജിഎസ്ടികൾ ഉൾപ്പെടുന്ന നിർദ്ദിഷ്ട ഇരട്ട ജിഎസ്ടി നിയമമാണ് ഇപ്പോഴത്തെ സംവിധാനത്തിനു പകരമായി എത്തുന്നത്. സിഎസ്ടിക്കു പകരം സംയോജിത ചരക്ക്, സേവന നികുതി ( ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ്-ഐജിഎസ്ടി) ആണ് നിലവിൽ വരിക. സംസ്ഥാനതലങ്ങളിലുള്ള ചരക്കുകൾ, സേവനങ്ങൾ എന്നിവയ്ക്കു നികുതി ചുമത്തുന്നതിനാണ് ഐജിഎസ്ടി. അതു ശേഖരിക്കുന്നതു കേന്ദ്രസർക്കാരായിരിക്കും. ചരക്ക്, സേവനങ്ങൾ എന്നിവയുടെ ഇറക്കുമതി, അന്തർ സംസ്ഥാനതലത്തിൽ നടത്തുന്ന ചരക്കുകളുടേയും സേവനങ്ങളുടേയും കൈമാറ്റം തുടങ്ങിയവയ്ക്ക് ഐജിഎസ്ടി ചുമത്തുന്നു.

ചരക്ക്, സേവനങ്ങൾ എന്നിവയുടെ ലക്ഷ്യസ്ഥാനത്താണ് നിർദ്ദിഷ്ട ജിഎസ്ടി നികുതി ഈടാക്കുക. അതായത് നികുതി ചുമത്താനുള്ള ബാധ്യത ചരക്ക്,സേവനങ്ങളുടെ ഉത്പാദന കേന്ദ്രത്തിൽനിന്നും ഉപയോഗ കേന്ദ്രങ്ങളിലേക്കു മാറുന്നു. ഇതിന്റെ ഫലമായി ഉത്പാദന സംസ്ഥാനങ്ങൾക്കു വരുമാന നഷ്ടമുണ്ടാകുന്നു. ഇത്തരത്തിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് അടുത്ത അഞ്ചുവർഷത്തേക്കു നഷ്ടപരിഹാരം ലഭിക്കുമെങ്കിലും വികസിത സംസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ചും വ്യവസായത്തിന്റെ വളർച്ചയ്ക്കായി അടിസ്ഥാനസൗകര്യമേഖലയിലും മറ്റു മേഖലകളിലും മറ്റും വൻതോതിൽ നിക്ഷേപം നടത്തിയിട്ടുള്ളവർക്ക്, ഇതൊരു നല്ല വാർത്തയല്ല.

ഇതിന്റെ ഫലമായി കേരളം, ബീഹാർ, ഒഡീഷ, ഉത്തർ പ്രദേശ് തുടങ്ങിയ ഉപഭോക്തൃ സംസ്ഥാനങ്ങൾ നേട്ടമുണ്ടാക്കുമ്പോൾ തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾക്ക് നഷ്ടമാണുണ്ടാകുന്നത്. പൊതുവായി പറഞ്ഞാൽ, രാജ്യമൊട്ടാകെ വരുന്ന ഒറ്റ നികുതി നിരക്ക് പൊതുവിപണി സൃഷ്ടിക്കുകയും ഉപഭോക്താക്കളുടെ നികുതി ബാധ്യത കുറയ്ക്കുകയും ചെയ്യും.

മദ്യം, വൈദ്യുതി, റിയൽ എസ്റ്റേറ്റ്, പെട്രോളിയം ഉത്പന്നങ്ങൾ തുടങ്ങിയ ചില മേഖലകളിൽ ജിഎസ് ടി നടപ്പാക്കുകയില്ല. ഇവയിൽ സംസ്ഥാനങ്ങൾക്ക് അവരുടെ നികുതി നിരക്കുകൾ നടപ്പാക്കാം. എന്നാൽ പൊതുവിലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്നതിനാൽ പെട്രോളിയം ഉത്പന്നങ്ങൾ ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് അഭിപ്രായമുണ്ട്.

നിലവിൽ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ നികുതി ഘടന ചിലർക്ക് അനുകൂലമായ അവസ്ഥ സൃഷ്ടിക്കുന്നു. ഏറ്റവും കുറഞ്ഞ നികുതി നിരക്കും നിയമത്തിന്റെ നൂലാമാലകൾ ഒഴിവായതുമായ സ്ഥലങ്ങളാണ് ഉത്പാദനത്തിനും ചരക്കു കടത്തിനും നിക്ഷേപകർ തെരഞ്ഞെടുക്കുക. ഉത്പാദനത്തിനു സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനത്തെ ഈ നികുതിയാനുകൂല്യം സ്വാധീനിക്കുന്നു. ഈ നികുതിയാനുകൂല്യം ഇല്ലാതാകുന്നത് "മേക്ക് ഇൻ ഇന്ത്യ"യ്ക്ക് നല്ലതാണ്. ചുരുക്കത്തിൽ ജിഎസ്ടിയിലൂടെ നികുതി സംവിധാനം ലളിതമാകുന്നത് രാജ്യത്തിന്റെ ഗതി തന്നെ തിരിച്ചുവിടും. പക്ഷേ, ഭൂമി ഏറ്റെടുക്കൽ, അയവുള്ള തൊഴിൽ നിയമം തുടങ്ങിയ പ്രധാനപ്പെട്ട സാമ്പത്തിക പരിഷ്കാരങ്ങൾ ഇതിനാവശ്യമാണ്.

## രാജ്യാന്തര അനുഭവം

ജിഎസ്ടിയുടെ വിജയം പ്രധാനമായും അതിന്റെ മാതൃകയിലും അതു നടപ്പാക്കുന്നതിലുമാണെന്നാണ് രാജ്യാന്തര അനുഭവം. ഇതു നടപ്പാക്കിയ രാജ്യങ്ങൾ കാലങ്ങൾകൊണ്ടു ജിഎസ്ടിയുടെ ഘടന മെച്ചപ്പെടുത്തുകയും വളർച്ച, വരുമാനം, വിലസ്ഥിരത എന്നിവയിൽ നേട്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ഓസ്ട്രേലിയ, കാനഡ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങളുടെ അനുഭവം കണക്കിലെടുത്താൽ ഹ്രസ്വ, മധ്യകാലത്തിൽ അവരുടെ ധനകാര്യ നില

മെച്ചപ്പെടുകയും വില സ്ഥിരത കൈവരുകയും ചെയ്തു. തീർച്ചയായും ആശങ്കയുളവാക്കുന്ന ഒരു കാര്യമുണ്ട്. ജിഎസ്ടി നിരക്ക് ഉയർന്നു നിന്നാൽ അതു നടപ്പാക്കുന്ന ഉടനേ വില വർധനയ്ക്കു സാധ്യതയുണ്ട്.

നിർദ്ദിഷ്ട ജിഎസ്ടി നിരക്കായ 18-22 ശതമാനം നടപ്പാക്കിയാൽ ഹ്രസ്വകാലത്തിൽ തന്നെ അതു പണപ്പെരുപ്പത്തിനു വഴിതെളിച്ചേക്കും. നികുതിയുടെ കാസ്കേഡിംഗ് ഫലം കുറയ്ക്കുന്നതിനൊപ്പം കൂടുതൽ പേർ നികുതി ബ്രാക്കറ്റിലേക്കു വരുന്നതുവഴി സർക്കാരിനു നികുതി വരുമാനം ഒരു വശത്തു വർധിക്കുമ്പോൾ വിലക്കയറ്റം കുതിക്കാനുള്ള സാധ്യതയാണ് മറുവശത്ത് നിലനിൽക്കുന്നത്.

ലോകത്ത് ഏതാണ്ട് 160-ഓളം രാജ്യങ്ങൾ വാറ്റ്/ ജിഎസ്ടി നടപ്പാക്കിയിട്ടുണ്ട്. അസിയാൻ രാജ്യങ്ങളിൽ ഏഴും എഷ്യൻ രാജ്യങ്ങളിൽ 19-ഉം യൂറോപ്യൻ രാജ്യങ്ങളിൽ 53-ഉം ഓഷ്യാന രാജ്യങ്ങളിൽ ഏഴും ആഫ്രിക്കൻ രാജ്യങ്ങളിൽ 44-ഉം കരീബിയൽ സെൻട്രൽ-നോർത്ത് അമേരിക്കൻ രാജ്യങ്ങളിൽ 19 -ഉം സൗത്തമേരിക്കൻ രാജ്യങ്ങളിൽ പതിനൊന്നും രാജ്യങ്ങൾ ജിഎസ്ടി നടപ്പാക്കിയിട്ടുണ്ട്. യൂറോപ്പാണ് ഇക്കാര്യത്തിൽ ഏറ്റവും മുന്നിൽ നൽക്കുന്നത്. 1954 -ൽ ഫ്രാൻസാണ് ആദ്യമായി ജിഎസ്ടി നടപ്പാക്കിയത്. 1968-ൽ ജർമനിയും 1973-ൽ യുണൈറ്റഡ് കിംഗ്ഡവും ജിഎസ്ടി നടപ്പാക്കി. നല്ലൊരു പങ്കു രാജ്യങ്ങളും സ്വീകരിച്ചിട്ടുള്ള വാറ്റ്/ജിഎസ്ടി നിരക്ക് 16-20 ശതമാനത്തിനിടയിലാണ്. ഇന്ത്യ 18-22 ശതമാനത്തിനിടയിലുള്ള നിരക്കാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ജിഎസ്ടി പോലെ ലളിതവും ഏകവുമായ നികുതി സംവിധാനം സമ്പദ്ഘടനയെ കൂടുതൽ മത്സരക്ഷമമാക്കുകയും കയറ്റുമതി മെച്ചപ്പെടുത്താൻ സഹായിക്കുകയും ഖജനാവിലേക്കു കൂടുതൽ വരുമാനം നേടുവാനും വിലസ്ഥിരത നേടുവാനും സഹായിക്കുകയും ചെയ്തതായാണ് അന്താരാഷ്ട്ര അനുഭവം.

അടുത്തകാലത്ത് ജിഎസ്ടി നികുതിഘടന നടപ്പിലാക്കിയ ഏഷ്യൻ രാജ്യമാണ് മലേഷ്യ. ഏകീകൃത നികുതി സംവിധാനത്തിനുവേണ്ടിയുള്ള പണിപ്പുരയിലാണ് ചൈന. 2015 ഏപ്രിൽ ഒന്നുമുതലാണ് മലേഷ്യ ജിഎസ്ടി നടപ്പാക്കിയത്. നികുതി നിരക്ക് ആറ് ശതമാനം. ബംഗ്ലാദേശ്, ശ്രീലങ്ക, പാക്കിസ്ഥാൻ, നേപ്പാൾ ഉൾപ്പെട ദക്ഷിണേഷ്യയിലെ രാജ്യങ്ങൾ 1990 കളിലോ രണ്ടായിരത്തിന്റെ ആദ്യമോ വാറ്റ് സംവിധാനം സ്വീകരിച്ചവയാണ്. ബറൂണ്ടി, കോംഗോ, സാംബിയ, മൊസാംബിക് തുടങ്ങിയ ഏതാനും രാജ്യങ്ങളൊഴികെയുള്ള മിക്ക ആഫ്രിക്കൻ രാജ്യങ്ങളും ഇന്ത്യയ്ക്കു മുമ്പേ വാറ്റ് നടപ്പാക്കിയവരാണ്. ഈ രാജ്യങ്ങൾ കഴിഞ്ഞ 7-8 വർഷങ്ങൾക്കുള്ളിൽ ഇതു നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഇതേപോലെ, രണ്ടായിരത്തിൽ ജിഎസ്ടി നടപ്പാക്കിയ ഓസ്ട്രേലിയയ്ക്കും മികച്ച നേട്ടമാണ് ഉണ്ടായത്. പ്രത്യേകിച്ചും നികുതി വരുമാനം, കറന്റ് അക്കൗണ്ട് ബാലൻസ് എന്നിവയിൽ. വിജയകരമായി ജിഎസ്ടി നടപ്പാക്കിയ മറ്റൊരു രാജ്യമാണ് ന്യൂസിലൻഡ്. യൂറോപ്യൻ യൂണിയനിൽ ജിഎസ്ടി പൊതുവേ അറിയപ്പെടുന്നത് മൂല്യവർധിത നികുതി (വാറ്റ്) എന്നാണ്. ഔട്ട്പുട്ട് വാറ്റും ഇൻപുട്ട് വാറ്റുമാണ് അവിടെയുള്ളത്.

ജിഎസ്ടി നടപ്പാക്കി താമസിയാതെ തന്നെ പല രാജ്യങ്ങളും നികുതി നിരക്കു വർധിപ്പിച്ചു. ഇന്ത്യൻ സാഹചര്യത്തിൽ ഇതിനു വലിയ പ്രാധാന്യമുണ്ട്. റവന്യു ന്യൂട്രൽ നിരക്ക് 27 ശതമാനമാകണമെന്ന രീതിയിൽ ചർച്ച നടക്കുന്നുണ്ട്. ഇപ്പോഴത് പ്രായോഗികമായ 16-18 ശതമാനം നിരക്കിലേക്ക് താഴ്ത്തുന്നതിനെക്കുറിച്ചുള്ള ചർച്ചയിലാണ്. യുക്തിസഹമായ നികുതി നിരക്ക് ജിഎസ്ടിയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമാണ്.

പണപ്പെരുപ്പത്തിനു വഴിതെളിക്കുന്ന സ്വഭാവമാണ് ജിഎസ്ടി യുടേതെന്നതാണ് അതു നടപ്പാക്കിയ മിക്ക രാജ്യങ്ങളും നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. പ്രത്യേകിച്ചും നികുതിനിരക്കു നിലവിലുള്ളതിനേക്കാൾ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ. ഉദാഹരണത്തിന് സിംഗപ്പൂർ. 1994-ൽ ജിഎസ്ടി നടപ്പാക്കിയപ്പോൾ പണപ്പെരുപ്പം കുതിച്ചു. ജിഎസ്ടി നടപ്പാക്കിയശേഷം വിലകൾ എങ്ങനെ നീങ്ങുന്നുവെന്നു ശ്രദ്ധിക്കുന്നതിൽ ഭരണാധികാരികൾ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് ഇതു കാണിക്കുന്നു. മലേഷ്യക്ക്

വിലക്കയറ്റ റിസ്ക് ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിച്ചു. മലേഷ്യയിലെ ഡൊമസ്റ്റിക് ട്രേഡ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് മന്ത്രാലയം ജിഎസ്ടി നടപ്പാക്കുന്നതുവഴിയുണ്ടാകാനിടയുള്ള വിലക്കയറ്റത്തിനെതിരേ ജാഗ്രത പുലർത്തിയതു വഴിയാണിതിനു സാധിച്ചത്.

കുറേക്കൂടി സങ്കീർണമാണ് ഇന്ത്യയുടെ നിർദ്ദിഷ്ട ജിഎസ്ടി. അതിനാൽതന്നെ ജിഎസ്ടി സജ്ജമാകാൻ ബിസിനസുകളെ പ്രാപ്തരാക്കുകയെന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിതന്നെയാണ്. പ്രത്യേകിച്ചും 2017 ഏപ്രിൽ ഒന്നു മുതൽ ജിഎസ്ടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ.

രാജ്യാന്തര അനുഭവത്തിൽ ജിഎസ്ടി ഒരു കേന്ദ്ര സർക്കാർ നികുതിയാണ്. രണ്ടു വ്യത്യസ്ത ഗവൺമെന്റു തലങ്ങളിൽ ജിഎസ്ടി ഏർപ്പെടുത്തുന്നത് അനുചിതവും ലാഭകരവുമല്ലായെന്നാണ് വിലയിരുത്തുന്നത്. നികുതിപ്പിരിവിനു വരുന്ന ഉയർന്ന ചെലവ്, നികുതി നിയമങ്ങൾ പാലിക്കുന്നതിനു വരുന്ന ഉയർന്ന ചെലവ്, നികുതിപ്പൊരുത്തമില്ലായ്മയിൽനിന്നു ഉയർന്നുവരുന്ന കോട്ടങ്ങൾ പുനർവിതരണ നയങ്ങൾ നടപ്പാക്കുന്നതിലുള്ള കേന്ദ്രസർക്കാരിന്റെ അധികാര പരിമിതി തുടങ്ങിയവയെല്ലാം ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. സംസ്ഥാനനന്തര വ്യാപാരങ്ങളിൽ ഉപദേശീയ ജിഎസ്ടി നിരക്ക് ഏർപ്പെടുത്തുന്നതിലുള്ള സാങ്കേതികത്വത്തെക്കുറിച്ച് എതിർപ്പ് ഉയർന്നിരുന്നു.

അതുകൊണ്ട് മിക്ക രാജ്യങ്ങളും വാറ്റ് ദേശീയ തലത്തിൽ നിശ്ചയിക്കുകയും ഉപ ഗവൺമെന്റുകൾക്ക് വരുമാനം പങ്കുവയ്ക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള ഉപ ദേശീയ വാറ്റ് അടുത്തകാലത്തു നടപ്പാക്കിയ രാജ്യമാണ് ബ്രസീൽ. യൂറോപ്യൻ യൂണിയൻ ചരക്കിന്റെ ഉപഭോഗസ്ഥാനം നോക്കിയാണ് വാറ്റ് നടപ്പാക്കിയത്. പക്ഷേ, സംസ്ഥാനന്തര വ്യാപാരത്തെ സംബന്ധിച്ച കാര്യങ്ങളിൽ ഇപ്പോഴും ചർച്ചകൾ തുടരുകയാണ്. ഇരട്ട ജിഎസ്ടി നികുതി ഏർപ്പെടുത്തിയതിലെ കനേഡിയൻ അനുഭവം ഒരു പരിധിവരെ വിജയകരമാണ്.

ജിഎസ്ടി നടപ്പാക്കിയതിൽനിന്നു ലഭിച്ച രാജ്യാന്തര അനുഭവങ്ങൾ പറയുന്ന പ്രധാന കാര്യങ്ങളിലൊന്ന് ഇളവുകൾ ഏറ്റവും കുറച്ചു നിർത്തുകയെന്നതാണ്. ഇതിനു രാഷ്ട്രീയ ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള പല കോണുകളിൽനിന്നുള്ള സമർദ്ദത്തെ ഫലപ്രദമായി നേരിടേണ്ടതായി വരും. ഇതത്ര എളുപ്പമല്ല. എങ്കിലും ഇതു നടപ്പാക്കുന്ന എല്ലാ സംസ്ഥാനങ്ങളും കൂടി സഹകരിച്ചാൽ കൂട്ടായി സൗജന്യ പട്ടിക വെട്ടിക്കുറയ്ക്കുക സാധ്യമാണ്. നീണ്ട ഇളവു പട്ടിക നിലനിർത്തുന്നത് സംസ്ഥാനങ്ങളുടെ ധനകാര്യ നില മെച്ചപ്പെടുത്തുകയില്ല; നികുതി അടിത്തറ കുറയുകയും ചെയ്യും. മാത്രവുമല്ല സമഗ്രമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനം ഉറപ്പാക്കാനും കഴിയാതെയും വരും.

പൊതുജനങ്ങൾ, ബിസിനസ്, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ ജിഎസ്ടിയുടെ സ്വീകാര്യത ഉറപ്പുവരുത്തുകയെന്നത് എളുപ്പമായ ഒന്നായിരിക്കുകയില്ലെന്നാണ് ഇതു നടപ്പിലാക്കിയ രാജ്യങ്ങളുടെ പാഠങ്ങൾ പഠിപ്പിക്കുന്നത്. മുൻകൂട്ടിയുള്ള മികച്ച ആസൂത്രണം, വ്യവസായത്തിന് ഇത് സ്വകീയമാക്കുവാനുള്ള സമയം, ബിസനസ് മേഖലയും ഗവൺമെന്റും തമ്മിലുള്ള നിരന്തര ചർച്ചകൾ, ജിഎസ്ടി ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിൽ വ്യവസായമേഖലയുടെ പങ്കാളിത്തം, യുക്തിസഹമായ നികുതിനിരക്ക്, ഇതു സംബന്ധിച്ച നിയമ രേഖകളുടെ ലഭ്യത തുടങ്ങിയവയെല്ലാം നിർബാധമായി ജിഎസ്ടി നടപ്പാക്കാൻ ആവശ്യമാണെന്നു നിരവധി രാജ്യങ്ങളുടെ അനുഭവങ്ങൾ തെളിയിക്കുന്നു. തുടക്കത്തിൽ നടപ്പാക്കുന്നതിൽ ചില പ്രശ്നങ്ങൾ ഉണ്ടെങ്കിലും ജിഎസ്ടി ഏറ്റവും മികച്ച നികുതി സംവിധാനമാണെന്ന് ഇതിനകം തെളിയിച്ചിരിക്കുകയാണ്.

## പ്രായോഗിക പ്രശ്നങ്ങൾ

ഗവൺമെന്റ് തരണം ചെയ്യേണ്ട രണ്ടു പ്രധാന വെല്ലുവിളികൾ ഇവയാണ്. ഒന്ന്, റവന്യു ന്യൂട്രൽ നികുതി നിരക്ക് (ആർഎൻ ആർ) നിശ്ചയിക്കൽ. രണ്ട്, ജിഎസ്ടി നടപ്പാക്കേണ്ട കുറഞ്ഞ പരിധി കണക്കാക്കൽ. നികുതി ക്രെഡിറ്റ് നൽകുമ്പോഴും വരുമാനത്തിൽ കുറവുണ്ടാകാത്ത ആർഎൻആർ ഉറപ്പാക്കു

വാൻ ഗവൺമെന്റ് നിയമപരമായി ബാധ്യസ്ഥമാണ്. രാജ്യത്തെ ചെറുകിട ബിസിനസ് സംരംഭങ്ങളെ ബാധിക്കാത്ത വിധത്തിൽ ജിഎസ്ടി നടപ്പാക്കേണ്ട പരിധി നിശ്ചയിക്കുകയെന്നതും വിഷമം പിടിച്ച തീരുമാനമാണ്.

അടുത്ത ഏപ്രിൽ ഒന്നു മുതൽ ജിഎസ്ടി നടപ്പാക്കുകയെന്ന ലക്ഷ്യത്തിനു മറ്റു ചില വെല്ലുവിളികളും തടസമാകുന്നു. ജിഎസ്ടി നടപ്പാക്കുന്നതിനുള്ള ഐടി പ്ലാറ്റ്ഫോം ലഭ്യമാക്കുകയെന്നതാണ് ഒരു പ്രധാന വെല്ലുവിളി. സംസ്ഥാന ജിഎസ്ടി, കേന്ദ്ര ജിഎസ്ടി, സംയോജിത ജിഎസ്ടി എന്നിവയടങ്ങിയ സങ്കീർണമായ ജിഎസ്ടി നടപ്പാക്കുന്നതിനുള്ള ഭരണപരമായ സംവിധാനങ്ങളുടെ രൂപപ്പെടുത്തലാണ് മറ്റൊരു പ്രശ്നം. നികുതി വ്യവഹാരനയങ്ങളും നടപടിക്രമങ്ങളും ഏകീകരിച്ച് ശക്തമായ വ്യവഹാരം സംവിധാനം ജിഎസ്ടി കൊണ്ടുവരുന്നതിനു മുമ്പു തന്നെ ദേശീയ തലത്തിൽ രൂപപ്പെടുത്തിയെടുക്കണം.

ഏറ്റവും മികച്ച ഐടി നെറ്റ്‌വർക്ക് ലഭ്യമാക്കുന്നതാണ് ജിഎസ്ടി നടപ്പാക്കുന്നതിലെ മറ്റൊരു വലിയ വെല്ലുവിളി. ഗവൺമെന്റ് ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് നെറ്റ്‌വർക്ക് (ജിഎസ്ടിഎൻ) ഇപ്പോൾതന്നെ രൂപീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, നികുതി അടയ്ക്കൽ, ഐജിഎസ്ടി സെറ്റിൽമെന്റ് തുടങ്ങിയവയ്ക്കായി ജിഎസ്ടി പോർട്ടൽ ജിഎസ്ടിഎന്നിന് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ബാങ്കിംഗ് സംവിധാനത്തിന്റെ മെച്ചപ്പെടുത്തൽ, നികുതിവകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം, വികസനകാര്യത്തിൽ പുറകിൽ നിൽക്കുന്നതും വരുമാന സാധ്യതയിൽ പുറകിൽ നിൽക്കുന്നതുമായ സംസ്ഥാനങ്ങളുടെ താൽപര്യം സംരക്ഷിക്കൽ, കേന്ദ്ര, സംസ്ഥാനങ്ങളുടെ ഇപ്പോഴത്തേയും ഭാവിയിലേയും വരുമാനം സംരംക്ഷിക്കുകയും സന്തുലിതമാക്കുകയും ചെയ്യൽ ഉൾപ്പെടെ നിരവധി വെല്ലുവിളികളാണ് മുന്നിലുള്ളത്.

ആദ്യം തന്നെ ജിഎസ്ടി വിജയകരമായി നടപ്പാക്കുന്നതിന് യോജിച്ച ജിഎസ്ടി നിരക്ക് ( ആർഎൻആർ) ഉറപ്പാക്കേണ്ടതുണ്ട്. റവന്യൂ ന്യൂട്രൽ റേറ്റ് 11-12 ശതമാനത്തിനിടയിലായിരിക്കണമെന്നതു സംബന്ധിച്ച് നിരവധി ശിപാർശകൾ ലഭിച്ചിട്ടുണ്ട്. ആർഎൻആർ, ജനറൽ സെയിൽസ് ടാക്സ് റേറ്റ് സ്ട്രക്ചർ എന്നിവയിൽ ശിപാർശ ചെയ്യുന്നതിനു നിയോഗിച്ച ഗവൺമെന്റിന്റെ മുഖ്യ സാമ്പത്തികോപദേഷ്ടാവായ ഡോ അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി (2015) 15-15.5 ശതമാനം ആർഎൻആർ ആണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്റ്റാൻഡേർഡ് ജിഎസ്ടി നിരക്ക് 17-18 ശതമാനമായിരിക്കണമെന്നും കമ്മിറ്റി നിർദ്ദേശിക്കുന്നു.

സംസ്ഥാനങ്ങൾക്കു നിശ്ചിത ബാൻഡിൽ സംസ്ഥാന ജിഎസ്ടി ഏർപ്പെടുത്താൻ സ്വാതന്ത്ര്യം നൽകുന്നതിനുള്ള നിർദ്ദേശം ഏകീകൃത ജിഎസ്ടിയുടെ ലക്ഷ്യത്തിൽ വെള്ളം ചേർക്കലാണ്. അതുകൊണ്ട് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പ്രാതിനിധ്യമുള്ള, ഉന്നതാധികാര സമിതിയായ ജിഎസ്ടി കൗൺസിൽ എല്ലാ സംസ്ഥാനങ്ങളിലും ഒറ്റ ജിഎസ്ടി നിരക്ക് എന്നതിൽ ഉറച്ചു നിൽക്കണം. ശക്തമായ ജിഎസ്ടി കൗൺസിലിൽ മൂന്നിലൊന്ന് വോട്ടിംഗ് പവറോടെ കേന്ദ്രത്തിലേക്ക് അധികാരം ചായുന്നതിന്റെ പ്രശ്നങ്ങളുമുണ്ട്.

എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ചു ചേർന്ന്, ഏകാഭിപ്രായത്തോടെ ജിഎസ്ടി ബിൽ പാസാക്കിയിരിക്കുകയാണ്. ഇതു രാഷ്ട്രീയകക്ഷികളുടെ ഭാഗത്തു നിന്നുള്ള പക്വമായ നടപടി മാത്രമല്ല, തീർച്ചയായും ഗവൺമെന്റിന്റെ വലിയ നേട്ടവുംകൂടിയാണ്. ഏതാണ്ട് 7.5 ദശലക്ഷം ബിസിനുകൾക്ക് രജിസ്റ്റർ ചെയ്യാനും പണം അടയ്ക്കാനും റിട്ടേൺ ഫയൽ ചെയ്യാനുമുള്ള ജിഎസ്ടി പോർട്ടലാണ് ഒരുങ്ങുന്നത്. ഇതു തീർച്ചയായും ബിസിനസ് രംഗത്ത് വലിയ ആശ്വാസം നൽകുന്ന നടപടിയാണ്. ചുരുക്കത്തിൽ ചരിത്രസംഭവമായ പരിഷ്കാരമാണ് ജിഎസ്ടി. ജിഎസ്ടിയുടെ മേന്മ അവിതർക്കവും വ്യക്തവുമാണ്. എന്നാൽ ഇതിന് ചീത്തവശമുണ്ടെങ്കിൽ അത് നയരൂപീകരണത്തിന്റേയും നടത്തിപ്പിന്റെയും പോരായ്മയാണ്. ജിഎസ്ടിയുടെ ഭാവിയും വിജയസാധ്യതയും കാലം തന്നെ നിശ്ചയിക്കും.

*(ലേഖകർ യഥാക്രമം ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എക്കണോമിക് ഗ്രോത്തിൽ അസോസിയേറ്റ് പ്രൊഫസറും കുരുക്ഷേത്ര എൻഐടിയിൽ അസിസ്റ്റന്റ് പ്രൊഫസറുമാണ്)*



# കള്ളപ്പണ നിയന്ത്രണവും ഗവൺമെന്റ് നടപടികളും

ദിലാശാ സേത്ത്

സെപ്റ്റംബർ 30 അർദ്ധരാത്രിക്ക് പോലും രാജ്യമെമ്പാടുമുള്ള വിവിധ ആദായ നികുതി ഓഫീസുകൾക്കു മുന്നിൽ ആളുകൾ തിരക്കു കൂട്ടുകയായിരുന്നു. മറ്റ് അനേകരാകട്ടെ വീട്ടിലും ഓഫീസിലുമുള്ള കമ്പ്യൂട്ടറുകൾക്കു മുന്നിൽ കണ്ണും നട്ടിരിക്കുന്നു. കൈവശം വച്ചിരിക്കുന്ന അനധികൃത സ്വത്ത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തി സ്വയം കുറ്റവിമുക്തരാകാനുള്ള ജനത്തിന്റെ തിക്കും തിരക്കുമായിരുന്നു ഇത്. കൈവശമുള്ള കള്ളപ്പണത്തിന്റെ കണക്കുകൾ വെളിപ്പെടുത്തുന്നതിന് ജൂൺ ഒന്നു മുതൽ നാലു മാസത്തേയ്ക്ക് ഗവൺമെന്റ് വാതിലുകൾ തുറന്നിട്ടിരുന്നു. രാജ്യത്തെ 64275 പേരാണ് ഈ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ അവസരം പ്രയോജനപ്പെടുത്തിയത്. പാതിരാത്രി കുറച്ച് ക്ലേശിച്ചാലെന്താ, സ്വത്തു വിവരം വെളിപ്പെടുത്തി മനസമാധാനത്തോടെ അവർക്കെല്ലാം ഉറങ്ങാൻ സാധിച്ചു. അല്ലെങ്കിൽ ഭാവിയിൽ എപ്പോൾ വേണമെങ്കിലും ഉണ്ടായേക്കാവുന്ന കള്ളപ്പണം കണ്ടുകെട്ടാനുള്ള ഗവൺമെന്റിന്റെ അന്വേഷണ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥർക്കു മുന്നിൽ തലകുമ്പിട്ട് നിന്ന് കൈവിട്ടുകളഞ്ഞ അവസരം ഓർത്ത് അവർക്ക് ദുഃഖിക്കേണ്ടി വരുമായിരുന്നു. സ്വത്തു വിവരം വെളിപ്പെടുത്തിയതോടെ ആദായനികുതി നിയമം, സ്വത്ത് നിയമം, ബിനാമി നിയമം തുടങ്ങിയവയുടെ ഭാഗമായുള്ള നിരവധി ശിക്ഷാനടപടിയിൽ നിന്നാണ് അവർ രക്ഷപ്പെട്ടത്. ഈ നികുതി വരുമാനം വഴി ഗവൺമെന്റിന് നികുതിയിനത്തിൽ 30000 കോടി രൂപ ലഭിക്കും. അനധികൃത സ്വത്തായി ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്ന 65250 കോടിയുടെ 45 ശതമാനമാണ് ഈ തുക. ഇതു പക്ഷെ വലിയൊരു മഞ്ഞ് മലയുടെ അഗ്രം മാത്രമാകുന്നു. എന്തായാലും കള്ളപ്പണം കണ്ടുപിടിക്കാൻ ശക്തമായ നടപടികളുമായി ഗവണ്മെന്റ് മുന്നോട്ട് പോവുകയാണ്. കള്ളപ്പണ വിവരങ്ങൾ വെളിപ്പെടുത്താനുള്ള അവസാന അവസരമായിരുന്നു സെപ്റ്റംബർ 30. ഇനി കടുത്ത നടപടികളായിരിക്കും ഉണ്ടാവുക എന്ന സൂചന പ്രധാനമന്ത്രി നല്കിക്കഴിഞ്ഞു.

രാജ്യത്തെ 120 കോടി ജനസംഖ്യയിൽ അഞ്ചു ശതമാനത്തിൽ താഴെ മാത്രം, അഥവാ 5.43 കോടി ആളുകൾ മാത്രമാണ് നികുതി അടയ്ക്കുന്നത്. വരുമാനം വെളിപ്പെടുത്താതെയും നികുതി നല്കാതെയും രാജ്യത്തെ മഹാ ഭൂരിപക്ഷം പൗരന്മാരും കുറ്റം ചെയ്യുമ്പോൾ സത്യസന്ധരായ നികുതി ദാതാക്കൾ കനത്ത നികുതി ഭാരമാണ് ചുമക്കുന്നത്.

സമ്പദ് വ്യവസ്ഥയിൽ ഇപ്പോൾ എത്രത്തോളം കള്ളപ്പണം ഉണ്ട് എന്ന് തിട്ടപ്പെടുത്തുക ക്ലേശകരമാണ്. വിവിധ പഠനങ്ങളും റിപ്പോർട്ടുകളും നല്കുന്നത് അമ്പരപ്പിക്കുന്ന കണക്കുകളാണ്. ഇന്ത്യയുടെ രണ്ട് ട്രില്യൺ ഡോളർ മൂല്യമുള്ള സമ്പദ് വ്യവസ്ഥ

യുടെ ഏകദേശം 20 – 70 ശതമാനം വരും അത്. 2010 ഡിസംബർ വരെ സ്വിസ് ബാങ്കുകളിൽ ഇന്ത്യൻ പൗരന്മാരുടെ വകയായി 9500 കോടി ഡോളർ നിക്ഷേപം ഉണ്ടായിരുന്നു എന്നാണ് അവിടുത്തെ ഗവൺമെന്റിന്റെ വെളിപ്പെടുത്തലുകൾ. എട്ടു ലക്ഷം കോടിയുടെ നേരിട്ടുള്ള നികുതി വരുമാനത്തിൽ 60 ശതമാനം കോർപ്പറേഷൻ നികുതിയും 40 ശതമാനം വ്യക്തികളുടെ ആദായ നികുതിയുമാണ്. നികുതിയുടെ അടിത്തറ വ്യാപിപ്പിക്കാനുള്ള സാധ്യതയാണ് ഇത് വ്യക്തമാക്കുന്നത്. രാജ്യത്തെ 25 ലക്ഷം പാൻ കാർഡ് ഉടമകളിൽ 5.43 കോടി ആളുകൾ മാത്രമാണ് നികുതി നല്കുന്നത്. തെരഞ്ഞെടുപ്പ് വാഗ്ദാനത്തിന്റെ ഭാഗമായി കള്ളപ്പണത്തിനെതിരെ ഗവൺമെന്റ് നിലപാട് കർക്കശമാക്കിയതോടെ നികുതി വെട്ടിപ്പുകാർക്കും അനധികൃത സമ്പാദ്യം വിദേശത്ത് സൂക്ഷിക്കുന്നവർക്കും ഇനി കഷ്ടകാലമായിരിക്കും.

കള്ളപ്പണം നിയന്ത്രിക്കാൻ ഗവൺമെന്റ് ബഹുമുഖ തന്ത്രങ്ങളാണ് നടപ്പാക്കുന്നത്. വിദേശ ആസ്തി വെളിപ്പെടുത്താനുള്ള ഏക ജാലകം സംവിധാനമൊരുക്കിയിട്ടുണ്ട്. കള്ളപ്പണം കണ്ടെത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടുമുണ്ട്. രണ്ടു ലക്ഷം രൂപയ്ക്കു മേലുള്ള എല്ലാ പണമിടപാടുകൾക്കും ഇപ്പോൾ പാൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. വിവിധ രാജ്യങ്ങളുമായി വിവരകൈമാറ്റ കരാറുകളും ഒപ്പുവച്ചു കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കാൻ പോകുന്ന ചരക്കു സേവന നികുതി എന്ന ബൃഹത്തായ നികുതി പരിഷ്കരണം മൂലം ഇനി പരോക്ഷ നികുതി ഒഴിവാക്കുക പ്രയാസമാകും. വിവിധ പരോക്ഷ നികുതികളായ സേവന നികുതി, എസ്കൈസ് നികുതി,മൂല്യ വർധിത നികുതി(വാറ്റ്) തുടങ്ങിയവ ഇനി ജിഎസ്ടിയിൽ ഉൾപ്പെടും.

## നികുതി വെട്ടിപ്പുകാർക്കെതിരെ കർശന നടപടികൾ

പാൻ കാർഡുപയോഗിച്ചും രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഗവൺമെന്റ് സ്വീകരിച്ച കർശന നികുതിയടവ് നടപടികളിലൂടെയും 16,000 കോടി രൂപ സംഭരിച്ചതായി ധനമന്ത്രാലയം വെളിപ്പെടുത്തി.നിലവിൽ നികുതി വകുപ്പിന്റെ 92 ശതമാനം വരുമാനവും ഉറവിടത്തിൽ നിന്നു തന്നെ ഈടാക്കുന്ന നികുതിയിൽ നിന്നാണ്. ബാക്കി 8 ശതമാനം മാത്രമാണ് സൂക്ഷ്മ പരിശോധനയിൽ കൂടി ലഭിക്കുന്നത്.ഇത് മാറ്റത്തിന്റെ സൂചനയാണ്. എൽ ആൻഡ് ടി ഇൻഫോടെക്കിന്റെ സഹായത്തോടെ ആദായനികുതി വകുപ്പിലെയും വിവിധ സ്രോതസുകളിലെയും ലഭ്യമായ വിവരങ്ങൾ ശേഖരിക്കാൻ ഗവൺമെന്റിനു സാധിക്കും. കൂടാതെ പാൻ നമ്പർ ഉപയോഗിക്കുന്ന വ്യക്തികളെ സംബന്ധിക്കുന്ന വിശദാംശങ്ങളും ശാസ്ത്രീയമായി ലഭിക്കും. അങ്ങനെ നികുതി വെട്ടിപ്പുകാരെ കണ്ടെത്തുക എളുപ്പമാകും. പാൻ പ്രൊഫൈലിങ് സമ്പ്രദായത്തിലൂടെ ഒരു വ്യക്തി നടത്തുന്ന സ്ഥലക്കച്ചവടം, ആഭരണങ്ങളും വാഹനങ്ങളും വാങ്ങുന്നത് തുടങ്ങി എല്ലാ സാമ്പത്തിക നടപടികളും സംബന്ധിച്ചുള്ള വിവരം ആദായ നികുതി വകുപ്പിനു ലഭിക്കും. നികുതി അടയ്ക്കാത്തവരിൽ നിന്ന് എത്ര തുക ഈടാക്കണമെന്നുള്ള കണക്കുവച്ച് ഇവരുടെ പട്ടിക തയാറാക്കാനും ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നു.

2016 ജനുവരി ഒന്നു മുതൽ രണ്ടു ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ ഇടപാടുകൾക്കും പാൻ ഉപയോഗിക്കണം എന്ന് ഗവൺമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. സ്വർണാഭരങ്ങൾ വാങ്ങുമ്പോഴും ഇത് നിർബന്ധമാണ്. നേരത്തെ ഇതിന്റെ പരിധി അഞ്ച് ലക്ഷമായിരുന്നു. ഇപ്പോൾ ഇതും രണ്ടു ലക്ഷമാക്കിയിട്ടുണ്ട്. മേലിൽ എല്ലാ വിധ സ്ഥിര നിക്ഷേപങ്ങൾക്കും അത് പോസ്റ്റ് ഓഫീസിൽ ആവട്ടെ, സഹകരണ ബാങ്കിൽ ആകട്ടെ, ബാങ്കിതര കമ്പനികളിലാവട്ടെ, എല്ലാത്തിനും പാൻ നിർബന്ധമാക്കിയിട്ടുണ്ട്.

ഇപ്പോൾ ഏഴ് ഏജൻസികളാണ് ഇടപാടുകൾ സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു വ്യക്തിയിൽ നിന്ന് പത്തു ലക്ഷമോ അതിലധികമോ രൂപ സ്ഥിര നിക്ഷേപം സ്വീകരിക്കുന്ന ബാങ്കുകൾ, രണ്ടു ലക്ഷത്തിലധികം വരുന്ന തുകയ്ക്ക് ക്രെഡിറ്റ് കാർഡുകൾ വഴി പണമിടപാടുകൾ നടത്തുമ്പോൾ ആ കാർഡ് നല്കിയ ബാങ്കുകൾ, രണ്ടു ലക്ഷം രൂപയിലധികം വരുന്ന തുകയ്ക്ക് മ്യൂചൽ ഫണ്ടു നിക്ഷേപം നടത്തുമ്പോൾ, അഞ്ചുലക്ഷത്തിലധികം രൂപയുടെ ഓഹരികൾ വിൽക്കുന്ന കമ്പനികൾ,30 ലക്ഷത്തിനും അതിനു മുകളിലുമുള്ള തുകയ്ക്ക് കടപ്പത്രങ്ങൾ വില്ക്കുമ്പോൾ തുടങ്ങിയ

സന്ദർഭങ്ങളിൽ നികുതി സംബന്ധിച്ച നടപടിക്രമങ്ങൾ പാലിക്കണം. അഞ്ചു ലക്ഷത്തിനു മുകളിലുള്ള തുകയ്ക്ക് കടപ്പത്രങ്ങൾ നല്കുമ്പോൾ റിസർവ് ബാങ്കും ഈ നടപടിക്രമങ്ങൾ പാലിക്കണം.

## നിരീക്ഷണം ശക്തിപ്പെടുത്തി ആദായ നികുതി വകുപ്പ്

പൊടുന്നനെ നടത്തിയ അന്വേഷണങ്ങളും വിവരശേഖരണവും വഴി കഴിഞ്ഞ രണ്ടര വർഷം കൊണ്ട് ഗവൺമെന്റ് ഈടാക്കിയത് 1986 കോടി രൂപയുടെ നികുതിയും വെളിപ്പെടുത്താതെ വച്ചിരുന്ന 56,378 കോടിയുടെ സ്വത്തുമാണ്. നികുതി ഈടാക്കിയതിൽ കൂടുതലും ആതുര ശുശ്രൂഷാ വിദ്യാഭ്യാസ മേഖലകളിലെ സ്ഥാപനങ്ങളിൽ നിന്നായിരുന്നു. മറ്റുചില വിവരം അനുസരിച്ച് ആദായനികുതി അടച്ച് നിയമനടപടികളിൽ നിന്ന് സ്വതന്ത്രരാകാൻ 7 ലക്ഷം വ്യക്തികൾക്ക് നികുതി വകുപ്പ് കത്ത് അയക്കുകയുണ്ടായി. പാൻകാർഡിൽ നിന്നല്ലാതെ ലഭിച്ച 90 ലക്ഷം പേരുടെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഇത്.

സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ 10 ലക്ഷം രൂപയ്ക്കു മേലുള്ള നിക്ഷേപങ്ങളും 30 ലക്ഷത്തിനു മേലുള്ള സ്ഥാവര വസ്തുക്കളുടെ ക്രയവിക്രയവും പലപ്പോഴും പാൻകാർഡ് ഇല്ലാതെയാണ് നടക്കുന്നത്. നേരിട്ടുള്ള നികുതി പിരിവിനായി 42000 ഉദ്യോഗസ്ഥരെ നികുതിവകുപ്പ് ചുമതലപ്പെടുത്തിയിട്ടള്ളതിനാൽ നികുതി പിരിവ് ഇനി കാര്യക്ഷമമായി നടക്കും എന്നാണ് പ്രധാനമന്ത്രി ഏതാനും മാസങ്ങൾ മുമ്പ് നികുതിവകുപ്പ് ഉദ്യോഗസ്ഥരുടെ സമ്മേളനത്തിൽ അറിയിച്ചത്. കമ്പനികൾ സമർപ്പിക്കുന്ന റിട്ടേണുകൾ കൃത്യമായി പരിശോധിക്കാനും എവിടെയെങ്കിലും അപാകത കണ്ടാൽ ഉടൻ നടപടി സ്വീകരിക്കാനും സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സ് ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ 50000 കോടിയുടെ പരോക്ഷ നികുതിയും 21000 കോടിയുടെ വെളിപ്പെടുത്താത്ത സ്വത്തു വിവരങ്ങളും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

## സാമ്പത്തിക ഇടപാടുകൾക്ക് നിയന്ത്രണം

വ്യക്തികൾ 15 ലക്ഷത്തിൽ കൂടുതൽ രൂപ കൈവശം വയ്ക്കുന്നതും മൂന്നു ലക്ഷത്തിൽ കൂടുതൽ രൂപയുടെ നേരിട്ടുള്ള കറൻസി ഇടപാടുകൾ നടത്തുന്നതും തടയാൻ മുൻ സുപ്രിം കോടതി ജഡ്ജി എം ബി ഷാ അധ്യക്ഷനായി 2014 ൽ രൂപീകരിച്ചിരിക്കുന്ന കള്ളപ്പണം തടയാനുള്ള പ്രത്യേക അന്വേഷണ സംഘം അടുത്ത നാളിൽ പുറപ്പെടുവിച്ച റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് അംഗീകരിച്ച് നിയമമായാൽ നിർദ്ദിഷ്ട പരിധിയിലധികം പണം കൈവശം വയ്ക്കുന്നത് ശിക്ഷാർഹമായ കുറ്റമായിരിക്കും. ധനമന്ത്രാലയവും ഇത് സംബന്ധിച്ച ചർച്ചകൾ നടത്തിക്കഴിഞ്ഞു.

പണം കൈവശം വയ്ക്കുന്നതിനു പരിധി നിശ്ചയിച്ചാൽ മാത്രമെ പണമിടപാടുകൾക്ക് പരിധി നിശ്ചയിക്കുന്നത് വിജയിക്കുകയുള്ളു. ഏതെങ്കിലും വൻ കമ്പനിയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന് നിശ്ചിത പരിധിയിലധികം പണം കൈവശം സൂക്ഷിക്കാൻ ആവശ്യം വന്നാൽ ആദായ നികുതി കമ്മിഷണറുടെ അനുമതിയോടെ അത് ആകാവുന്നതാണ്.

രാജ്യത്തെ കയറ്റുമതി, ഇറക്കുമതി, വിദേശ നാണ്യ വിനിമയം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത ശേഷം അന്വേഷണ ഏജൻസിക്ക് കൈമാറാൻ റിസർവ് ബാങ്കിനും നിർദ്ദേശം ലഭിച്ചു കഴിഞ്ഞു. രാജ്യത്തേയ്ക്കുള്ള അനധികൃത പണത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനാണ് ഇത്. ഇതിന് പ്രത്യേക സംവിധാനം ഉണ്ടാകും.

## വിദേശത്ത് ഒളിപ്പിച്ചിരിക്കുന്ന കള്ളപ്പണം

മറ്റു രാജ്യങ്ങളുമായുള്ള വിവര കൈമാറ്റ ഉടമ്പടി വിദേശ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന കള്ളപ്പണത്തിന് വൻ വെല്ലുവിളി ഉയർത്തുന്നുണ്ട്.ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഇത്തരം ഉടമ്പടി കഴിഞ്ഞ വർഷം പ്രാബല്യത്തിൽ വന്നു. വിദേശത്ത് സൂക്ഷിക്കുന്ന പണത്തിനും നികുതി നല്കുന്നു എന്ന് ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 2017 മുതൽ മറ്റ് രാജ്യങ്ങളിൽ നിന്നും ഇന്ത്യയ്ക്ക് ഇതു സംബന്ധിച്ച സാമ്പത്തിക വിവരങ്ങൾ ലഭിക്കും.

എച്ച്ഡിഎഫ്സി ബാങ്കിന്റെ വിദേശ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന 8000 കോടിയുടെ കള്ളപ്പണത്തിനെതിരെ ഗവൺമെന്റ് 175 കേസുകളിൽ

164 പ്രോസിക്യൂഷൻ ഫയൽ ചെയ്തിരിക്കുകയാണ്. ഇന്റർ നാഷണൽ കൺസോർഷ്യം ഓഫ് ഇൻവെസ്റ്റിഗേറ്റീവ് ജേണലിസ്റ്റ്സ് എന്ന സംഘടന പുറത്ത് കൊണ്ടുവന്ന, വിദേശ അക്കൗണ്ടുകളിൽ രഹസ്യമായി സൂക്ഷിച്ചിട്ടുള്ള 5000 കോടി രൂപയുടെ വിശദാംശങ്ങൾ അടിസ്ഥാനമാക്കി ഗവൺമെന്റ് 55 പ്രോസിക്യൂഷൻ കേസുകൾ വേറെയും ഫയൽ ചെയ്തിട്ടുണ്ട്. പനാമാ രേഖകളിലും ഇത്തരം നികുതി വെട്ടിപ്പിന്റെയും ബാങ്ക് അക്കൗണ്ടുകളുടെയും 250 വെളിപ്പെടുത്തലുകൾ ഉണ്ട്. വിദേശത്ത് രഹസ്യമായി നിക്ഷേപിച്ചിരുന്ന 4147 കോടി രൂപയുടെ 60 ശതമാനം നികുതി ഇനത്തിൽ ഗവൺമെന്റിന് 2015 ൽ 2428 കോടി രൂപ വരുമാനമായി ലഭിക്കുകയുണ്ടായി.

പനാമ രേഖകളിലൂടെ ചോർന്നത് 11 ദശലക്ഷം വിവരങ്ങളാണ്. ഇതിൽ സാമ്പത്തിക നിയമങ്ങൾ തെറ്റിച്ച വിവിധ മേഖലകളിലെ പ്രസിദ്ധരടക്കം 500 ഇന്ത്യക്കാരുടെ പേരുണ്ട്. കഴിഞ്ഞ 40 വർഷത്തെ രേഖകളാണ് ഇവയിൽ ഉള്ളത്. പനാമയിലെ പ്രശസ്തമായ മൊസാക്ക് ഫൊൺസെക്കാ എന്ന നിയമ സ്ഥാപനത്തിന്റെ ഓഫീസിൽ നിന്നാണ് രേഖകൾ ചോർന്നിരിക്കുന്നത്. 35 രാജ്യങ്ങളിൽ ഇവർക്ക് ശാഖകൾ ഉണ്ട്. ചോർന്ന് ലഭിച്ച പനാമ രേഖകളുടെ പശ്ചാത്തലത്തിൽ രാജ്യത്തെ കള്ളപ്പണ, നികുതി നിയമങ്ങൾ പരിഷ്കരിക്കണമെന്ന് പ്രത്യേക അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇരട്ട നികുതി വർജ്ജന കരാർ

മൗറീഷ്യസ്, സൈപ്രസ്, സിംഗപ്പൂർ തുടങ്ങി നികുതി നിയമങ്ങളില്ലാത്ത രാജ്യങ്ങളിലെ പോലെ നിലവിലുള്ള നികുതി കരാറുകളിലെ പഴുതുകളാണ് നികുതി വെട്ടിപ്പുകാർ സാധാരണ ചൂഷണം ചെയ്യുന്നത്. ഇതിലൂടെ സംഭവിക്കുന്നത് വിദേശരാജ്യങ്ങളിൽ സൂക്ഷിച്ചിട്ടുള്ള കള്ളപ്പണം വിദേശ മൂലധന നിക്ഷേപമായി ഇന്ത്യയിലേക്ക് എത്തുന്നു എന്നതാണ്. എന്നാൽ ഇരട്ട നികുതി വർജ്ജന കരാർ വഴി രണ്ടു രാജ്യങ്ങളിലും നികുതി വെട്ടിപ്പുകാർ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. അതിനാൽ മൗറീഷ്യസ്, സൈപ്രസ്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങൾക്കൊപ്പം ഇന്ത്യയും ഇരട്ട നികുതി വർജ്ജന കരാർ പരിഷ്കരിച്ചു വരികയാണ്.

മൗറീഷ്യസും സിംഗപ്പൂരുമാണ് ഇന്ത്യയിൽ നേരിട്ടു ഏറ്റവുമധികം വിദേശ നിക്ഷേപം നടത്തുന്ന രാജ്യങ്ങൾ. ഇന്ത്യയിലെ മൊത്തം നിക്ഷേപത്തിന്റെ പകുതിയോളം വരും ഇത്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ മൗറീഷ്യസിന്റെ ഇന്ത്യയിലെ നിക്ഷേപം 95.9 ദശലക്ഷം അമേരിക്കൻ ഡോളറാണ്. അമേരിക്ക പോലും ഇതിന്റെ പകുതി നിക്ഷേപം ഇന്ത്യയിൽ നടത്തിയിട്ടില്ല. സിംഗപ്പൂരിന്റെ നിക്ഷേപമാകട്ടെ 45.8 ദശലക്ഷം അമേരിക്കൻ ഡോളറും. ഈ പട്ടികയിൽ 8.5 ദശലക്ഷം ഡോളറുമായി എട്ടാമതാണ് സൈപ്രസിന്റെ സ്ഥാനം.

2017 ഏപ്രിൽ ഒന്നു മുതൽ നടപ്പിലാക്കാൻ പോകുന്ന ജനറൽ ആന്റി അവോയിഡൻസ് റൂൾ മേൽപ്പറഞ്ഞ നികുതി നിയമ രഹിത സമ്പദ് വ്യവസ്ഥകൾ അവരുടെ കരാറുകൾ പരിഷ്കരിച്ച് പഴുതുകൾ അടയ്ക്കാൻ സ്വമേധയാ മുന്നോട്ടു വന്നുകൊണ്ടിരിക്കുകയാണ്. നികുതി ഇടപാടുകൾ പരിശോധിക്കാൻ ഇന്ത്യൻ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നതിനായി ക്രോഡീകരിക്കുന്ന നിയമങ്ങളാണ് ജനറൽ ആന്റി അവോയിഡൻസ് റൂൾ.

ഇന്ത്യ കഴിഞ്ഞ ഏപ്രിലിൽ തന്നെ മൗറീഷ്യസുമായുള്ള ഇരട്ട നികുതി വർജ്ജന കരാർ ഭേദഗതി ചെയ്തിരുന്നു. മൗറീഷ്യസ് വഴി ഇന്ത്യയിലേയ്ക്ക് മൂലധനം നിക്ഷേപിക്കുന്ന കമ്പനികൾ 2017 ഏപ്രിലിൽ ആരംഭിക്കുന്ന അടുത്ത സാമ്പത്തിക വർഷം മുതൽ രണ്ടു വർഷത്തിലൊരിക്കൽ നിലവിലുള്ള നിരക്കിന്റെ 50 ശതമാനം ഹ്രസ്വകാല മൂലധന ആദായ നികുതി നല്കണം. ഇപ്പോഴത്തെ ഹ്രസ്വകാല മൂലധന ആദായ നികുതി നിരക്ക് 15 ശതമാനമാണ്. 2019 മുതൽ മുഴുവൻ നിരക്കും നല്കണം. 50 ശതമാനം സൗജന്യ നിരക്ക് അനുവദിക്കുന്നത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 27 ലക്ഷം രൂപ മൗറീഷ്യസിൽ ചെലവഴിച്ചിട്ടുള്ള കമ്പനികൾക്കു മാത്രമാണ്. സിംഗപ്പൂരുമായുള്ള കരാർ ഇരു രാജ്യങ്ങളും തമ്മിൽ ചർച്ച ചെയ്തു വരികയാണ്. എന്തായാലും മൗറീഷ്യസിന്റെ പോലെ 2017 ഏപ്രിൽ 1 മുതൽ അത് സ്വയമേവ ഭേദഗതി ചെയ്യപ്പെടും.

ഇന്ത്യയ്ക്ക് നിലവിൽ 82 രാജ്യങ്ങളുമായി ഇരട്ട നികുതി വർജന കരാർ ഉണ്ട്. ഇക്കൂട്ടത്തിൽ പ്രധാ

ന നികുതി രാജ്യങ്ങളും ഉണ്ട്. ഇതിൽ 30 രാജ്യങ്ങളുമായുള്ള കരാർ ഇന്ത്യ പരിഷ്കരിച്ചിട്ടുണ്ട്. ഇരു രാജ്യങ്ങളും സഹകരിച്ചാൽ മാത്രമേ ഇവിടെ നികുതി പിരിവ് കാര്യക്ഷമമാകുകയുള്ളു.

യൂറോപ്പിലെയും അമേരിക്കയിലെയും കമ്പനികൾ സൈപ്രസ് വഴിയാണ് ഇന്ത്യയിൽ നിക്ഷേപം നടത്തുന്നത്. കാരണം അവിടെ നികുതി തുച്ഛമാണ്. വെറും 10 ശതമാനം മാത്രം.ഇന്ത്യയ്ക്ക് നികുതി അവകാശങ്ങൾ നല്കാമെന്ന് സൈപ്രസും സമ്മതിച്ചിട്ടുണ്ട്. സൈപ്രസ് ബാങ്കുകളിൽ പണം സൂക്ഷിച്ചിട്ടുള്ള ഇന്ത്യക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാത്തതിന്റെ പേരിൽ 2013 മുതൽ ഇന്ത്യ സൈപ്രസിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്പോൾ കരിമ്പട്ടികയിൽ നിന്ന് സൈപ്രസിനെ നീക്കാമെന്ന് ഇന്ത്യയും സമ്മതിച്ചിട്ടുണ്ട്.

## ബിനാമി ഇടപാട് (നിരോധന)നിയമം

കഴിഞ്ഞ ഓഗസ്റ്റിലാണ് ഇന്ത്യൻ പാർലമെന്റ് ബിനാമി ഇടപാട് (നിരോധന) നിയമ ഭേദഗതിക്ക് അംഗീകാരം നല്കിയത്. നികുതി വെട്ടിക്കുന്നതിനായി വേറൊരു വ്യക്തിയുടെ പേരിൽ ആസ്തികൾ സമ്പാദിക്കുന്നവരെ ശിക്ഷിക്കാനും കൂടുതൽ പിഴ ഈടാക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ നിയമം. അതായത് ബിനാമി ഇടപാടുകൾ തടയുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം. വ്യാജ പേരിൽ ഇടപാടുകൾ നടത്തുന്നവരെയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരത്തക്ക വിധമാണ് ഇത് പരിഷ്കരിച്ചിരിക്കുന്നത്.

കള്ളപ്പണം വസ്തുവഹകളിൽ നിക്ഷേപിച്ച് രക്ഷപ്പെടുന്നവരുണ്ട്. എത്രയോ റിയൽ എസ്റ്റേറ്റ് ഇടപാടുകൾ ഇപ്പോഴും അജ്ഞാതമാണ്. നിയമം ലംഘിക്കുന്നവർക്ക് പിഴയും ഏഴു വർഷം വരെ കഠിന തടവും ഉൾപ്പെടെയുള്ള കനത്ത ശിക്ഷ ലഭിക്കും. പിഴ ബിനാമി വസ്തുവിന്റെ വിപണി മൂല്യത്തിന്റെ 25 ശതമാനം വരെയാകാം. തെറ്റായ വിവരങ്ങൾ നല്കുന്നതിനുള്ള ശിക്ഷ ആറു മാസം മുതൽ അഞ്ചു വർഷം വരെ കഠിന തടവും ബിനാമി വസ്തുവിന്റെ വിപണി മൂല്യത്തിന്റെ 10 ശതമാനം വരെയും ആകാം.

## മുന്നോട്ടുള്ള പാത

ലോകത്തിലെ പ്രധാന സമ്പദ് വ്യവസ്ഥകൾ എല്ലാം ഒരുമിച്ച് കള്ളപ്പണം നിയന്ത്രിക്കാനുള്ള മാർഗങ്ങൾ സ്വീകരിച്ചു വരുകയാണ്. രാജ്യങ്ങൾ തമ്മിൽ സൗജന്യമായി വിവരങ്ങൾ കൈമാറുന്നതിനാൽ വെട്ടിപ്പു നടത്തുന്നവരെ കൃത്യമായി തിരിച്ചറിയാൻ പ്രയാസമില്ല. ഇന്ത്യാ ഗവൺമെന്റും കള്ളപ്പണം കണ്ടുപിടിക്കാൻ എല്ലാ നടപടികളുമായി രംഗത്തിറങ്ങിയിരിക്കുകയാണ്. ഇതിനായി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായവും തേടുന്നുണ്ട്. നേരിട്ടുള്ള പണമിടപാടുകൾ നിരുത്സാഹപ്പെടുത്തുകയും കാർഡുകൾ വഴി പണം ഇടപാട് നടത്തുന്ന സമ്പദ് വ്യവസ്ഥ നടപ്പാക്കുകയുമാണ് നവീന സാങ്കേതിക വിദ്യയുടെ ലക്ഷ്യം.കള്ളപ്പണത്തിന്റെ വിതരണം നിയന്ത്രിക്കാൻ ഇതാണ് ഏറ്റവും അനയോജ്യമായ മാർഗവും.

*('ബിസിനസ് സ്റ്റാന്റേർഡി'ന്റെ ധനകാര്യ കറസ്പോണ്ടന്റാണ് ലേഖകൻ)*

**വിജ്ഞാനപാത**

### ഐഎസ്ആർഒ GSAT-18, SCATSAT-1 ഉപഗ്രഹങ്ങൾ വിജയകരമായി വിക്ഷേപിച്ചു

ഇന്ത്യയുടെ ഏറ്റവും പുതിയ വാർത്താ വിനിമയ ഉപഗ്രമായ GSAT-18 ഫ്രഞ്ച് ഗയാനയിലെ കൗറുവിൽ നിന്നും വിജയകരമായി വിക്ഷേപിച്ചു. 3404 kg ഭാരമുള്ള GSAT-18 ഉപഗ്രഹം 48 വാർത്താവിനിമയ ഉപാധികളെ ഉൾക്കൊള്ളുന്നതാണ്. ഭാരക്കൂടുതലുള്ള ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കാൻ യൂറോപ്യൻ സ്പേസ് ഏജൻസിയുടെ ഏരിയൻ-5 (Ariane-5) റോക്കറ്റുകളെയാണ് ഇന്ത്യ ഇപ്പോഴും ആശ്രയിച്ചുവരുന്നത്. അതിനു പകരമായി GSLV Mk III റോക്കറ്റ് സീരീസുകൾ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത് സ്വന്തമായി വിക്ഷേപണം നടത്താനുള്ള ശ്രമത്തിലാണ് ഇന്ത്യയിപ്പോൾ.

കാലാവസ്ഥാ പഠനത്തിനായുള്ള SCATSAT-1 ന്റെ വിക്ഷേപണവും ISRO വിജയകരമായി പൂർത്തീകരിച്ചു. പി.എസ്.എൽ.വി.സി-35 വിക്ഷേപണ വാഹനത്തിലൂടെ SCATSAT ഉൾപ്പെടെ വിദേശ നിർമ്മിത ഉപഗ്രഹങ്ങളടക്കം 8 ഉപഗ്രഹങ്ങളാണ് ISRO ഭ്രമണപഥത്തിലെത്തിച്ചത്. 2016 സെപ്റ്റംബർ 26-ന് സതീഷ് ധവാൻ സ്പേസ് സെന്ററിൽ നടന്ന ഈ ശാസ്ത്ര ദൗത്യത്തിലൂടെ ഭ്രമണപഥത്തിലെത്തിയവയിൽ ബോംബെ ഐഐടിയുടെ PRATHAM, ബംഗലുരു യൂണിവേഴ്സിറ്റിയുടെ PISAT എന്നീ ഉപഗ്രഹങ്ങളും ഉൾപ്പെടുന്നു.

# ചരക്കു സേവന നികുതി: ഒരു രാഷ്ട്രം, ഒരു നികുതി

ശിശിർ സിൻഹ

"ചരക്കു സേവന നികുതിക്ക് നിയമ പ്രാബല്യം വന്നതോടെ ഫെഡറൽ സംവിധാനം നിലനില്ക്കുന്ന നമ്മുടെ രാജ്യത്ത് ഇനി ഏറ്റവും മികച്ച സാമ്പത്തിക നിർവഹണം നടക്കും എന്ന കാര്യത്തിൽ സംശയമില്ല. അത് സംസ്ഥാനങ്ങളെ ശാക്തീകരിക്കും. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വരുമാനം വർധിപ്പിക്കും. ഉത്തരവാദിത്തങ്ങളിൽ നിന്ന് പൗരന്മാർ ഒഴിഞ്ഞു മാറുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യും. നികുതിക്കു മേൽ നികുതി ചുമത്തപ്പെടുന്നില്ല എന്ന് അത് ഉറപ്പാക്കും. ഇനി ഒരേ ചരക്കിന്റെ മേൽ മൂല്യമനുസരിച്ച് വീണ്ടും വീണ്ടും നികുതി ഉണ്ടാകില്ല. മാത്രവുമല്ല ഈ നിയമം നടപ്പിലാകുന്നതോടെ ചില ഉത്പ്പന്നങ്ങളുടെ വില കുറയുകയും ചെയ്യും. അത് ഉറപ്പായും നമ്മുടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും ചെയ്യും. വളരെ നിർണായകമായ ഈ ഘട്ടത്തിൽ നമുക്ക് ഇത് ആവശ്യവുമാണ്." ചരക്കു സേവന നികുതിയുമായി ബന്ധപ്പെട്ട ഭരണഘടനാ ഭേദഗതിബിൽ പരിഗണിക്കുന്നതിനും പാസാക്കുന്നതിനുമായി സമ്മേളിച്ച രാജ്യസഭയിൽ 2016 ഓഗസ്റ്റ് 3 ന് ധനമന്ത്രി അരുൺ ജെയ്റ്റ്ലി നടത്തിയ പ്രസംഗത്തിൽ നിന്നുള്ള വാചകങ്ങളാണിവ.

ചരക്കു സേവന നികുതി (ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് അഥവാ ജിഎസ്ടി) പരിഷ്കാരങ്ങൾ നടപ്പാക്കാനുള്ള സ്വതന്ത്ര ഇന്ത്യയുടെ ദീർഘനാളത്തെ കാത്തിരിപ്പിന് വിരാമമായിരിക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് സമാന്തരമായി ചരക്കു സേവന നികുതി ഈടാക്കാൻ സാധ്യമാകുന്ന 122-ാമത് ഭരണഘടനാ ഭേദഗതി ബില്ല് നിയമമാകുന്നതോടെ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു പുതിയ നികുതി ഭരണ വ്യവസ്ഥയിലേയ്ക്ക് ഇന്ത്യ ചുവടു വയ്ക്കും. ഒപ്പം ജിഎസ്ടി എന്ന പരോക്ഷ നികുതി സംവിധാനം നിലവിലുള്ള കാനഡ, ഓസ്ട്രേലിയ, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും അണി ചേരും.

അടുത്ത സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 1 മുതൽ ജിഎസ്ടി നടപ്പാക്കുന്നതിന് ഗവൺമെന്റ് എല്ലാ തയാറെടുപ്പുകളും ആരംഭിച്ചു കഴിഞ്ഞു. ഇതിന് ആദ്യം ചെയ്യേണ്ടിയിരുന്നത് കേന്ദ്ര സംസ്ഥാന ഉന്നത തല സംവിധാനമായ ഗുഡ്സ് ആൻഡ് സർവീസ് കൗൺസിൽ രൂപീകരിക്കുകയാണ്. അതിനുള്ള തീരുമാനങ്ങളായി കഴിഞ്ഞു. അടുത്തത് ജിഎസ്ടി പൂർണമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ വിവര സാങ്കേതിക സഹായവും ജിഎസ്ടി ശൃംഖലയുമാണ്. മൂന്നാമതായി ചെയ്യാനുള്ളത്, പൊതുജനങ്ങൾക്ക് വേണ്ടിയുള്ള ജിഎസ്ടിയുടെ മാതൃകാ നിയമങ്ങളാണ്.നാലാമത്തെ കാര്യം ജിഎസ്ടി നിരക്കുകൾ, ആരെയൊക്കെ ഒഴിവാക്കണം? പരിധി എന്ത്? പ്രധാന നിയമങ്ങൾ തുടങ്ങിയവയാണ്. ഇത് 2016 നവംബർ 22 ന് നിശ്ചയിക്കും.

### എന്താണ് ജിഎസ്ടി?

ചരക്കുകൾക്കും സേവനങ്ങൾക്കും ഒരുപോലെ ബാധകമായ ലളിതവത്കൃത നികുതി ഘടനയാണ് ജിഎസ്ടി. വിതരണ ശൃംഖലയുടെ എല്ലാ ഘട്ടത്തിലും ഈടാക്കുന്ന മൂല്യ വർധിത നികുതിയാണ് അത്. നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്ന എല്ലാ ഉത്പ്പന്നങ്ങൾക്കും നിലവിലുള്ള നികുതിക്ക് പകരം, വിതരണം ചെയ്യപ്പെടുന്ന എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കുമാണ് ഇത് ബാധകമാകുക. ഉറവിടാധിഷ്ഠിത നികുതിക്കു പകരം ലക്ഷ്യാധിഷ്ഠിത നികുതിയായിരിക്കും ഇത്.

ഫെഡറൽ സംവിധാനം നിലനിർത്തുന്നതിനായി രാജ്യം രണ്ട് തരം ജിഎസ്ടി കളാണ് നടപ്പാക്കുക. അതായത്, കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പൊതുവായ ഒരു നികുതി ഘടന ഉണ്ടായിരിക്കും.

ഇതു കൂടാതെ ഒരു സംയോജിത ജിഎസ്ടിയും ഉണ്ടായിരിക്കും. അന്തർസംസ്ഥാന തലത്തിൽ വിതരണം ചെയ്യുന്ന ചരക്കുകൾക്കും സേവനങ്ങൾക്കുമാണ് ഇത് ഈടാക്കുക. കേന്ദ്ര ഗവൺമെന്റാണ് ഇത് ശേഖരിക്കുക. ഇറക്കുമതി ചെയ്യുന്ന ചരക്കുകളും സേവനങ്ങളും അന്തർ സംസ്ഥാന വിഭാഗത്തിലാണ് ഉൾപ്പെടുത്തുക. അതിനാൽ കസ്റ്റംസ് തീരുവ കൂടാതെ ഇവയ്ക്ക് സംയോജിത ജിഎസ്ടിയും ഈടാക്കും. ഇവയുടെയെല്ലാം നിരക്കുകൾ നിശ്ചയിക്കുന്നത് ജിഎസ്ടി കൗൺസിലാണ്.

## ജിഎസ്ടി എന്തിന്?

നിയമ നിർമ്മാണത്തിലൂടെ ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ വിവിധ തലങ്ങളിൽ നികുതി ചുമത്താനുള്ള അധികാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നല്കിയിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയാണ്. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന (മദ്യം, കറുപ്പ്, ലഹരിപദാർത്ഥങ്ങൾ എന്നിവ ഒഴികെയുള്ള) ചരക്കുകൾക്ക് നികുതി ചുമത്താനുള്ള നിയമം നിർമ്മിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. അതേസമയം ക്രയവിക്രയം നടത്തുന്ന ചരക്കുകൾക്ക് നികുതി ഈടാക്കാൻ സംസ്ഥാന ഗവൺമെന്റുകൾക്കും അധികാരം ഉണ്ട്. ഇതിൽ കേന്ദ്രത്തിന് രണ്ട് വ്യത്യസ്ത അധികാരങ്ങളുണ്ട്. ഒന്ന് അന്തർസംസ്ഥാന തലത്തിൽ വില്പന നടത്തുന്ന ചരക്കുകളുടെ മേൽ നികുതി ചുമത്താനുള്ള അധികാരം(എന്നിരുന്നാലും ഇത് പിരിക്കുന്നതും കൈവശം വയ്ക്കുന്നതും സംസ്ഥാനങ്ങളാണ്). രണ്ട്, സേവന നികുതി. സേവന നികുതി ഈടാക്കാൻ കേന്ദ്രത്തിനു മാത്രമെ സാധിക്കുകയുള്ളു.

ഇത് മൊത്തത്തിലുള്ള പരോക്ഷ നികുതി സംവിധാനത്തെയും സങ്കീർണമാക്കും. മാത്രമല്ല, ഇതിനു മറ്റുപല ദോഷങ്ങളുമുണ്ട്. ഉദാഹരണത്തിന് ഈ സംവിധാനത്തിൽ ഒരു കച്ചവടക്കാരന് നികുതിയുമായി ബന്ധപ്പെട്ട ഒട്ടനവധി രേഖകൾ സൂക്ഷിക്കേണ്ടതുണ്ട്.ഇത് അയാളുടെ വ്യാപാരത്തിന്റെ ചെലവുകൾ വർധിപ്പിക്കും. അതുപോലെ നികുതിയുടെ ഗുണിതങ്ങൾ അതായത് നികുതിയുടെ മേൽ നികുതി, ഉപഭോക്താവിനെ സംബന്ധിച്ചിടത്തോളം ഉത്പ്പന്നങ്ങളുടെ വില വർധിപ്പിക്കും. എന്നാൽ ജിഎസ്ടി ഏക നികുതിയായതിനാൽ കച്ചവടക്കാർക്ക് ഇത് വളരെ ഉപകാരപ്രദമാണ്. ചെലവും കുറവാണ്. അതുപോലെ തന്നെ നിർമ്മാതാവ് മുതൽ ഉപഭോക്താവ് വരെയുള്ള എല്ലാ തലങ്ങളിലും ജിഎസ്ടി ചുമത്തപ്പെടുന്നു. മുൻപ് നികുതി അടച്ചതാണെങ്കിൽ അത് രേഖപ്പെടുത്തപ്പെടുകയും അങ്ങനെ നികുതിയുടെ മേൽ നികുതി എന്ന രീതി ഇല്ലാതാവുകയും ചെയ്യുന്നു. പുതിയ നികുതി സമ്പ്രദായം മൊത്തത്തിലുള്ള നികുതിഭാരം (25–30 ശതമാനം വരെ) ലഘൂകരിക്കും എന്നാണ് വിശ്വസിക്കപ്പെടുന്നത്. ഇത് ഉപഭോക്താക്കൾക്ക് ആശ്വാസമാകും.

## ജിഎസ്ടിഎൻ

ജിഎസ്ടി നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സേവനങ്ങളും വിവരസാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ് വർക്ക് (ജിഎസ്ടിഎൻ)സ്ഥാപിച്ചിരിക്കുകയാണ്. വകുപ്പ് 25 പ്രകാരമുള്ള ഒരു കമ്പനിയാണ് ഇത്. അതായത് ലാഭത്തിനു വേണ്ടിയായിരിക്കില്ല ഇത് പ്രവർത്തിക്കുക. സ്വകാര്യ കമ്പനിയായിരിക്കും. ഇതിൽ 24.5 ശതമാനം ഓഹരികൾ കേന്ദ്ര ഗവൺമെന്റിന് ഉണ്ടാവും.24.5 ശതമാനം ഓഹരികൾ ഡൽഹി, പുതുച്ചേരി ഉൾപ്പെടെയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും സംസ്ഥാന ധന മന്ത്രിമാരുടെ കമ്മിറ്റിക്കും ബാക്കി ഓഹരികൾ ഗവൺമെന്റിതര സാമ്പത്തിക സ്ഥാപനങ്ങൾക്കും ആയിരിക്കും.കമ്പനിയുടെ മറ്റ് അധികാരങ്ങൾ –

- കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ, നികുതി ദായകർ മറ്റ് ഗുണഭോക്താക്കൾ എന്നിവർക്ക് ആവശ്യമായ വിവരസാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുക.
- ഗുണഭോക്താക്കൾക്ക് ജിഎസ്ടി സേവനങ്ങൾ ലളിതമാക്കുന്നതിന് ജിഎസ്ടി സഹായദായകരുമായി ചേർന്ന് വേണ്ട ബോധവത്കരണം നടത്തുക.
- നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്കും ഗുണഭോക്താക്കൾക്കും ആവശ്യമായ പരിശീലനവും ഉപദേശങ്ങളും നല്കുക, ഇതുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും പഠനങ്ങളും നടത്തുക.

- കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നികുതി വകുപ്പുകൾക്ക് ഫലപ്രദമായ നടത്തിപ്പ് സൗകര്യങ്ങൾ ഒരുക്കുക.
- കേന്ദ്ര സംസ്ഥാന നികുതി വകുപ്പിന് ആവശ്യമായ ടാക്സ് പ്രൊഫൈലിങ് യൂട്ടിലിറ്റി (ടിപിയു) സോഫ്റ്റ് വെയർ വികസിപ്പിക്കുക
- നികുതി ഭരണ സംവിധാനം സുതാര്യമാക്കുന്നതിന് ഉദ്യോഗസ്ഥരെ സഹായിക്കുക.

## ജിഎസ്ടി കൗൺസിൽ

ഭരണഘടനയുടെ 101-ാമത് ഭേദഗതിക്കു ശേഷമുള്ള എടുത്തു പറയേണ്ട സംഭവ വികാസം ജിഎസ്ടി കൗൺസലിന്റെ രൂപീകരണമായിരുന്നു. ജിഎസ്ടിക്കു വേണ്ടിയുള്ള കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഉന്നതാധികാര സമിതിയാണ് ഈ കൗൺസിൽ. ജിഎസ്ടി യുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ അധികാരമുള്ള സമിതിയാണിത്. കേന്ദ്ര ധനമന്ത്രിയാണ് ഇതിന്റെ തലവൻ. ചെയർമാൻ ഉൾപ്പെടെ രണ്ട് പേർ കേന്ദ്രത്തിൽ നിന്നും 29 സംസ്ഥാനങ്ങളിലും 2 കേന്ദ്ര ഭരണ പ്രദേശങ്ങളിലും നിന്നുള്ളവരും ഉൾപ്പെടെ 33 പേർ അംഗങ്ങളായിരിക്കും കൗൺസിലിൽ ഉണ്ടാവുക. കൗൺസിൽ യോഗങ്ങളിൽ കേന്ദ്ര റവന്യു സെക്രട്ടറി എക്സ് ഓഫീഷ്യോ സെക്രട്ടറിയും, കേന്ദ്ര എക്സൈസ്, കസ്റ്റംസ് ചെയർമാൻമാർ വോട്ടവകാശമില്ലാത്ത സ്ഥിരം ക്ഷണിതാക്കളും ആയിരിക്കും.

ജിഎസ്ടിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, അതായത് നികുതിയിൽ നിന്ന് ഒഴിവാക്കേണ്ട ചരക്കു സേവനങ്ങൾ, മാതൃകാ നിയമങ്ങൾ, വിതരണ സ്ഥലവുമായി ബന്ധപ്പെട്ട തത്വങ്ങൾ, നിയന്ത്രണങ്ങൾ, പരിധികൾ, പ്രകൃതി ദുരന്തങ്ങളും മറ്റും സംഭവിക്കുമ്പോൾ വിഭവസമാഹരണത്തിനായി പ്രത്യേക നിരക്ക്, ചില പ്രത്യേക സംസ്ഥാനങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ, തറവില ഉൾപ്പെടെയുള്ള നിരക്കുകൾ എന്നിവ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന ഗവൺമെൻുകൾക്ക് കൗൺസിൽ കാലാകാലങ്ങളിൽ ശിപാർശകൾ സമർപ്പിക്കും.

ഹാജരായിട്ടുള്ള അംഗങ്ങളിൽ നാലിൽ മൂന്ന് ഭൂരിപക്ഷമുള്ള വോട്ട് കണക്കാക്കിയാണ് യോഗങ്ങളിൽ കൗൺസിൽ തീരുമാനങ്ങൾ സ്വീകരിക്കുക. കേന്ദ്രത്തിനോ സംസ്ഥാനത്തിനോ വീറ്റോ അധികാരം ഉണ്ടായിരിക്കുന്നതല്ല. പക്ഷെ കൗൺസിൽ ഏതു തീരുമാനം സ്വീകരിക്കുന്നതിനും നാലിൽ മൂന്ന് വോട്ട് ശതമാനം ആവശ്യമാണ്.

## ജിഎസ്ടി കൗൺസിലിന്റെ പ്രധാന തീരുമാനങ്ങൾ

ആദ്യ രണ്ടു യോഗങ്ങളിൽ കൗൺസിൽ ചില സുപ്രധാന തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അവ ചുവടെ.

**പ്രാരംഭ പരിധി** - ജിഎസ്ടിക്ക് പ്രാരംഭ ഒഴിവ് 20 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസാം, മേഘാലയ, മണിപ്പൂർ,നാഗാലാൻഡ്, മിസോറാം, അരുണാചൽ പ്രദേശ്, സിക്കിം എന്നീ ഏഴ് വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കും ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ് എന്നീ മലയോര സംസ്ഥാനങ്ങൾക്കും ഈ തുക 10 ലക്ഷം മാത്രമായിരിക്കും. അതായാത് പൊതു സംസ്ഥാനങ്ങളിൽ 20 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കുമ്പോൾ മേൽപ്പറഞ്ഞ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെയും മലയോര സംസ്ഥാനങ്ങളിലെയും വ്യാപാരികളിൽ വാർഷിക വിറ്റുവരവ് 10 ലക്ഷത്തിൽ താഴെ മാത്രമുള്ളവരെയും ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ഇത്തരം ചെറുകിട കച്ചവടക്കാരുടെ ചെറിയ കണക്കുകൾ കൂട്ടിക്കിഴിക്കുക എന്നത് നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വലിയ തലവേദനയാണ് എന്നു പറഞ്ഞാണ് പ്രാരംഭ പരിധി കുറച്ചതിനെ വിദഗ്ധർ ന്യായീകരിക്കുന്നത്.

**പരസ്പര ശാക്തീകരണം** - ഭരണ അധികാരം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മധ്യമാർഗം സ്വീകരിക്കാനാണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കിടയിലെ തീരുമാനം. ഇതനുസരിച്ച് 1.5 കോടി വരെ വാർഷിക വിറ്റ് വരവുള്ള എല്ലാ മൊത്ത വിതരണക്കാരെയും സംസ്ഥാനങ്ങളുടെ നിന്ത്രണത്തിൽ നിന്ന് ഒഴിവാക്കും. 1.5 കോടിക്കു മുകളിൽ വാർഷിക വിറ്റുവരവുള്ള കച്ചവടക്കാരുടെ മേൽ നഷ്ട നിർണയ

ത്തിന്റെ പേരിൽ കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥരുടെ ഉഭയ നിയന്ത്രണവും പരസ്പര ശാക്തീകരണവും ഉണ്ടാകാം. നിലവിലുള്ള 11 ലക്ഷത്തോളം സേവനനികുതി ഇടപാടുകാരുടെ മേൽ അവരുടെ വരുമാന പരിധി പരിഗണിക്കാതെ തന്നെ കേന്ദ്ര ഗവൺമെന്റിനായിരിക്കും നിയന്ത്രണം എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

**സങ്കലന പദ്ധതി** – ഒരു സങ്കലന പദ്ധതി രൂപീകരിക്കാനുള്ള പൊതു ധാരണ ഉണ്ടായിട്ടുണ്ട്. അതായത് 50 ലക്ഷം വരെ മൊത്തം വിറ്റുവരവുള്ള വ്യാപാരികൾ 1–2 ശതമാനം നികുതി നലകണം. ഇത് ചെറുകിട വ്യാപാരികളെ സഹായിക്കാനാണ്. ഈ പദ്ധതിയിൽ ഒരു നികുതി ദാതാവ്, അദ്ദേഹത്തിന്റെ വാർഷിക വിറ്റുവരവ് അനുസരിച്ചാണ് നികുതി നല്കേണ്ടത്. കേന്ദ്ര ചരക്കു സേവന നികുതിക്കും സംസ്ഥാന ചരക്കു സേവന നികുതിക്കുമുള്ള നികുതിയുടെ താഴ്ന്ന നിരക്ക് ഒരു ശതമാനത്തിൽ താഴെയാവില്ല. സങ്കലന നികുതി തെരഞ്ഞെടുക്കുന്ന ഒരു നികുതി ദാതാവിന് തന്റെ ഉപഭോക്താക്കളിൽ നിന്ന് നികുതി വാങ്ങേണ്ടി വരില്ല. അന്തർ സംസ്ഥാന വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന നികുതി ദായകർ ഈ പദ്ധതിക്ക് അർഹരല്ല.

**മേഖലാടിസ്ഥാനത്തിലുള്ള ഒഴിവ്** – ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവയ്ക്കൊപ്പം ഏഴ് വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും നിലവിൽ മേഖലാടിസ്ഥാനത്തിലുള്ള ഒഴിവ് ലഭിക്കും. എക്സൈസ് തീരുവയിലെ മേഖലാടിസ്ഥാനത്തിലുള്ള ഒഴിവ് തുടരാനും ജിഎസ്ടി അടുത്ത വർഷം മുതൽ ആരംഭിക്കാനുമാണ് തീരുമാനം. എന്നാലും ഇത് ഒഴിവായിട്ടല്ല തിരിച്ചടവായിട്ടാവും നല്കുക. ഒഴിവാക്കിയിരിക്കുന്ന എല്ലാ ഉത്പ്പന്നങ്ങൾക്കും ജിഎസ്ടിയുടെ കീഴിൽ നികുതി ചുമത്താമെന്ന് വ്യവസ്ഥയുണ്ട്. കേന്ദ്രമായാലും സംസ്ഥാനമായാലും പിരിക്കുന്ന നികുതി,ഒഴിവാക്കിയിരിക്കുന്ന ഉത്പ്പന്നത്തിന് തിരിച്ചടയ്ക്കണം. സംസ്ഥാനങ്ങൾ അവർ ആഗ്രഹിക്കുന്ന ചില പ്രത്യേക വ്യവസായങ്ങൾക്ക് ഇപ്പോൾ ഒഴിവ് നല്കും. അതിന്റെ വിശദാംശങ്ങൾ തയാറാക്കി വരുന്നതേയുള്ളു.

### ചരക്കു സേവന നികുതി

**കേന്ദ്ര നികുതിയിൽ നിന്നും ഉൾപ്പെടുത്തുന്നവ**

കേന്ദ്ര എക്സൈസ് തീരുവ

എക്സൈസ് തീരുവ ( ഔഷധങ്ങൾ ശുചീകരണ സാമഗ്രികൾ)

അധിക എക്സൈസ് തീരുവകൾ (പ്രത്യേക പ്രാധാന്യമുള്ള വസ്തുക്കൾ)

അധിക എക്സൈസ് തീരുവകൾ (തുണികളും തുണി ഉത്പ്പന്നങ്ങളും)

അധിക കസ്റ്റംസ് തീരുവകൾ( പൊതുവെ സിവിഡി എന്നു പറയും)

പ്രത്യേക അധിക കസ്റ്റംസ് തീരുവകൾ (എസ്എഡി)

സേവന നികുതി

സംസ്ഥാനത്തുനിന്നുള്ള ചരക്കുകളുടെയും സേവനത്തിന്റെയും സെസുകളും സർച്ചാർജുകളും

**സംസ്ഥാന നികുതികളിൽ നിന്നും ഉൾപ്പെടുത്തുന്നവ**

സംസ്ഥാനത്തിന്റെ മൂല്യ വർദ്ധിത നികുതി.

വില്പന നികുതി.

ക്രയ നികുതി.

ആഡംബര നികുതി

പ്രവേശക നികുതി (എല്ലാ ഇനങ്ങളും)

വിനോദ നികുതി(പ്രാദേശിക ഭരണകൂടങ്ങൾ)

പരസ്യ നികുതി

ഭാഗ്യക്കുറി, വാതുവയ്പ്, ചൂതുകളി എന്നിവയ്ക്കുള്ള നികുതി.

ചരക്കു സേവന വിതരണവുമായി ബന്ധപ്പെട്ട സംസ്ഥാന സെസുകളും സർച്ചാർജുകളും

**ജിഎസ്ടി ബാധകമല്ലാത്തവ**

മദ്യം

വൈദ്യുതി

ഭൂമി ഇടപാടുകൾ

| ജിഎസ്ടി ബാധകമാവുന്നവ (പിന്നീട്) |
|---|
| അസംസ്കൃത പെട്രോളിയം |
| മോട്ടോർ സ്പിരിറ്റ് ( പെട്രോൾ) |
| ഹൈസ്പീഡ് ഡീസൽ |
| പ്രകൃതി വാതകം |
| വിമാന ഇന്ധനം |

## ജിഎസ്ടി നിരക്കുകൾ

ജിഎസ് ടി നിരക്ക് നിശ്ചയിക്കുന്നതിന് ധനമന്ത്രിയുടെ എംപവർ കമ്മിറ്റി രണ്ടു തത്വങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് തന്നെയായിരിക്കും കൗൺസിലിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും. ഇതിലെ ആദ്യ തത്വം നികുതിയുടെ നിരക്ക് നിലവിൽ താങ്ങാവുന്നതാകയാൽ ഭാവിയിൽ അത് കൂടുതൽ പൗരസൗഹൃദമാകും എന്നാണ്. രണ്ടാമത്തെ തത്വം അനുസരിച്ച് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഭാരിച്ച സാമ്പത്തിക ഉത്തരവാദിത്വങ്ങളും ചുമതലകളും നിറവേറ്റുന്നതിനുള്ള വരുമാനം ഇതിൽ നിന്ന് സമാഹരിക്കാനാവണം. അന്തിമ നിരക്കുകൾ നിശ്ചയിക്കുന്നതിനു മുമ്പ് ജിഎസ്ടി കൗൺസിൽ ഈ രണ്ടു തത്വങ്ങളും പിന്തുടരുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. നാല് നിരക്കുകൾ ഉണ്ടാകുമെന്നാണ് കരുതുന്നത്–

- മെരിറ്റ് റേറ്റ് - അവശ്യവസ്തുക്കളും സേവനങ്ങളും
- സ്റ്റാൻഡേർഡ് റേറ്റ് - പൊതുവായ ചരക്കുകളും സേവനങ്ങളും
- സ്പെഷൽ റേറ്റ് - വിലപിടിപ്പുള്ള ലോഹങ്ങൾ
- നിൽ റേറ്റ് - ഒഴിവാക്കിയിട്ടുള്ള വസ്തുക്കളും സേവനങ്ങളും

ജിഎസ്ടിയുടെ വരവ് ആഭ്യന്തര വിദേശ വിപണികളിൽ നമ്മുടെ ഉത്പ്പന്നങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ഇത് 2 ശതമാനം വർധന ഉണ്ടാക്കുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനത്തിൽ ഇതുമൂലം ഗണ്യമായ വർധന ഉണ്ടാകും. ഇതിന്റെ സുതാര്യത മൂലം നടപ്പാക്കാനും വളരെ എളുപ്പമാണ്. ഇത് നടപ്പിലാകുന്നതോടെ അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ വ്യാപാര സ്ഥാനം ഉയരും. അത് വിദേശ നിക്ഷേപകർ ഇവിടേയ്ക്ക് കൂടുതൽ മൂലധന നിക്ഷേപം നടത്തുന്നതിനും ഇടയാക്കും.

**പുകയിലയും പുകയില ഉത്പന്നങ്ങളും ജിഎസ്ടിയും:** ഈ ഉത്പ്പന്നങ്ങളുടെ മേൽ കേന്ദ്ര എക്സൈസ് തീരുവ ചുമത്താൻ കേന്ദ്രത്തിന് അധികാരമുണ്ട്. ജിഎസ്ടി നടപ്പാക്കിയ ശേഷം എന്തെങ്കിലും വരുമാന നഷ്ടമുണ്ടായാൽ സംസ്ഥാനങ്ങൾക്ക് ആദ്യത്തെ അഞ്ചു വർഷം പൂർണ തോതിൽ നഷ്ട പരിഹാരം ലഭിക്കും

**ഇറക്കുമതിയോടും കയറ്റുമതിയോടുമുള്ള സമീപനം:** ഇറക്കുമതി ചെയ്യുന്ന ചരക്കുകളും സേവനങ്ങളും അന്തർ സംസ്ഥാന വിതരണ വിഭാഗത്തിലാകും കണക്കാക്കുക. അവയ്ക്ക് ആ നിരക്കിലുള്ള ജിഎസ്ടി ചുമത്തും. കയറ്റുമതിക്ക് പൂജ്യം നിരക്കായിരിക്കും നികുതി.

**ഒഴിവാക്കിയിരിക്കുന്ന ചരക്കുകളും സേവനങ്ങളും:** ഒഴിവാക്കിയിരിക്കുന്നവയുടെ പട്ടിക കഴിയുന്നത്ര ചുരുക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഏതൊക്കെ ചരക്കുകളും സേവനങ്ങളും ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു എന്ന് ജിഎസ്ടി കൗൺസിൽ തീരുമാനിക്കും.

ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് രണ്ടു നിയമനിർമ്മാണങ്ങൾ നടത്തും. ഒന്ന് കേന്ദ്ര ജിഎസ്ടിയുമായി ബന്ധപ്പെട്ടത്; മറ്റൊന്ന് സംസ്ഥാന ജിഎസ്ടിയുമായി ബന്ധപ്പെട്ടത്. സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും സംസ്ഥാന ജിഎസ്ടിയുമായി ബന്ധപ്പെട്ട് നിയമ നിർമ്മാണങ്ങൾ നടത്തും. ഇത് സാധാരണ നിയമങ്ങളാകയാൽ പാസാക്കുന്നതിന് പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും കേവല ഭൂരിപക്ഷം മതിയാകും.

*(മുതിർന്ന മാധ്യമ പ്രവർത്തകനായ ലേഖകൻ ഇപ്പോൾ ABP ന്യൂസിന്റെ ബിസിനസ് എഡിറ്ററായി പ്രവർത്തിച്ചുവരുന്നു)*



ഓരോ പുലരിയും പൊന്നോണമാക്കാൻ
KSFE
പൊന്നോണച്ചിട്ടികൾ 2016
G.O. (Rt) No. 579/2016/TD dt. 27/07/2016
900 പവനിലധികം
സ്വർണ്ണ സമ്മാനങ്ങൾ (7 കി. ഗ്രാമിലധികം)
ചിട്ടിയിൽ ചേർന്നവർക്ക് അത്യാഹിത പരിരക്ഷ
5% ചിട്ടി തവണകൾ അടച്ചാൽ പ്രത്യേക വായ്പ*
ഒന്നാം സമ്മാനം
മൊത്തം 110 പവൻ
10 പവൻ വീതം 11 പേർക്ക്
രണ്ടാം സമ്മാനം
മൊത്തം 300 പവൻ
1/2 പവൻ വീതം 600 പേർക്ക്
മൂന്നാം സമ്മാനം
മൊത്തം 4000 തങ്കനാണയങ്ങൾ
(ഒരു ചിട്ടിയിൽ ഒരു ഗ്രാം തങ്കനാണയം വീതം ഒരാൾക്ക്)
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ-20.
Toll Free Helpline: 1800 425 3455
Ph: 0487-2332255. Fax: 0487-2336232 Email: mail@ksfe.com Website: www.ksfe.com
KSFE – വളരുന്ന കേരളത്തിന്റെ വിരലടയാളം

# നികുതി വ്യവസ്ഥയുടെ ലളിതവത്കരണം

തിംസി ജയ്പുരിയ

നികുതി സമ്പ്രദായത്തിലെ അസ്ഥിരതയുടെ പേരിൽ ആഗോളമായിത്തന്നെ ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയതിനൊടുവിൽ, കഴിഞ്ഞ രണ്ടുവർഷമായി ഇന്ത്യ ഒരു നികുതി ശുദ്ധീകരണ പ്രക്രിയയിലായിരുന്നു. അടുത്ത നാലുകൊല്ലം കൊണ്ട് കോർപ്പറേറ്റു നികുതി 30% ൽ നിന്നും 25% ആയി കുറവു ചെയ്യുന്നതും നികുതി ഒഴിവാക്കലും നികുതി ഇളവു ചെയ്യലും അടക്കം നികുതി നിയമങ്ങൾ ലളിതവൽക്കരിക്കാനും അവ കൂടുതൽ വ്യക്തവും സുതാര്യവും ആക്കുവാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

സ്റ്റാർട്ടപ്പുകൾക്കുള്ള ഉത്തേജകങ്ങളിലൂടെയും സംരംഭകത്വ പ്രോത്സാഹനത്തിനുള്ള നയങ്ങളിലൂടെയുമുള്ള ഒരു നിര പരിഷ്കാരങ്ങളാണ് ഇന്ന് ഇന്ത്യയുടെ മതിപ്പ് ഉയർത്തുന്നത്. ഇന്ത്യക്കകത്തോ പുറത്തോ നിക്ഷേപിച്ചിട്ടുള്ള വെളിപ്പെടുത്താത്ത വരുമാനം പ്രഖ്യാപിക്കുന്നതിനും വരുമാനത്തിന്റെ 45 ശതമാനത്തിനുള്ള നികുതി അടച്ചുകൊണ്ട് ബന്ധപ്പെട്ട നിയമ നടപടികൾ ഒഴിവാക്കുന്നതിന് ഒരു ഹ്രസ്വകാലത്തേക്ക് നികുതിദായകരെ അനുവദിക്കുന്ന പ്രഖ്യാപനം ബഡ്ജറ്റ് പ്രസംഗത്തിൽ ധനമന്ത്രി നടത്തിയിരുന്നു.

2016 ജൂൺ 1 മുതൽ നാലുമാസത്തേക്ക് നിലവിലുണ്ടായിരുന്ന ഈ പദ്ധതിക്ക് വിപുലമായ പ്രതികരണമുണ്ടാവുകയും 65000 കോടി രൂപയുടെ കണക്കിൽ പെടാത്ത വരുമാനം വെളിപ്പെടുത്തുകയും ചെയ്തു. ഈ പദ്ധതിയിൻ പ്രകാരമുള്ള വെളിപ്പെടുത്തലിന് ഉയർന്ന നിരക്ക് നികുതിയോ പിഴയോ ഉണ്ടാവില്ലെന്നു മാത്രമല്ല അതേ സംബന്ധിച്ച് മറ്റ് പരിശോധനകളോ അന്വേഷണങ്ങളോ ഉണ്ടാവുകയുമില്ല.

1957ൽ തുടങ്ങിവച്ചതും വ്യക്തികളോ സ്ഥാപനങ്ങളോ അവിഭക്ത ഹിന്ദുകുടുംബങ്ങളോ 30 ലക്ഷം രൂപയ്ക്കു മേൽ സ്വത്തു കൈവശം വയ്ക്കുമ്പോൾ ശതമാനം നിരക്കിൽ ഈടാക്കിവന്ന സ്വത്തു നികുതി വേണ്ടെന്നു വയ്ക്കാനും സർക്കാർ തീരുമാനിച്ചു.

വ്യവഹാരങ്ങൾ ഒഴിവാക്കാൻ വേണ്ടി നിലവിൽവന്ന പ്രത്യക്ഷ നികുതി തർക്ക തീരുമാന പദ്ധതി (Direct Tax Dispute Resolution Scheme) നികുതിദായകർക്ക് തങ്ങളുടെ പഴയ കേസുകൾ നിശ്ചിത നികുതി, പലിശ അല്ലെങ്കിൽ പിഴ എന്നിവ നികുതി കുടിശ്ശികക്കോ പ്രത്യേക നികുതിക്കോ അനുസരിച്ച് അടച്ചുകൊണ്ട് തീർപ്പുകല്പിക്കാനുള്ള അവസരമാണ് പ്രദാനം ചെയ്യുന്നത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം വിവിധങ്ങളായ കോർപ്പറേറ്റു, വ്യക്തി സംബന്ധ നികുതി കേസുകളോ തർക്കങ്ങളോ ഒന്നിച്ചു തീർപ്പു കല്പിക്കുന്നതിലൂടെ തീർപ്പാകാതെ കിടക്കുന്ന നേരിട്ടുള്ള നികുതി വ്യവഹാരങ്ങൾ കുറച്ചുകൊണ്ടു വരുക എന്നതാണ്.

ഇതിനു പുറമേയാണ് ആദായനികുതി ആക്റ്റിൽ 2012ൽ എ.പി.എ (Advance Pricing Agreement) എന്ന ഒരു പദ്ധതിയും 2014ൽ Roll Back പ്രൊവിഷനും ഏർപ്പെടുത്തിയത്. ഈ പദ്ധതി നികുതിദായകർക്ക് സ്വദേശത്തു തന്നെ വിലകണക്കാക്കാനുള്ള തങ്ങളുടെ വില നിർണ്ണയ രീതി മാറ്റുന്നതിനോ അങ്ങേയറ്റം വരുംകാല അഞ്ചുകൊല്ലത്തേക്ക് രാജ്യാന്തര വ്യാപാര രംഗത്തെ നികുതി നിർണ്ണയത്തെ അകറ്റി നിർത്തുന്നതിനോ അവസരം നൽകുന്നു. ഇതിനു പുറമേയാണ് കഴിഞ്ഞ നാലുകൊല്ലത്തേക്ക് തങ്ങളുടെ എ.പി.എ തിരികെ കൊണ്ടുപോകാനുള്ള അവസരം നികുതി ദായകർക്കു ലഭിക്കുന്നത്. ഇതിനകം ഇത്തരത്തിലുള്ള (ഏകപക്ഷീയമായതോ ഇരുപക്ഷത്തേക്കുമുള്ളതോ ആയ) 700 കേസുകൾ ഇതിനകം ഫയൽ ചെയ്യപ്പെട്ടുകഴിഞ്ഞു.

നികുതി നിർണ്ണയ വ്യവസ്ഥകളുടെ വ്യാഖ്യാനങ്ങളിന്മേൽ ഐക്യരൂപ്യമുള്ള സമീപനത്തിനായി കേന്ദ്ര പ്രത്യക്ഷ നികുതിബോർഡ് (Central Board of Direct Taxes) വ്യക്തമായ മാർഗനിർദ്ദേശ കുറി

പ്പുകളും സർക്കുലറുകളും നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യമുള്ള വിഷയങ്ങൾ കണ്ടെത്താനായി ധനമന്ത്രി രൂപംകൊടുത്ത ഉന്നതതല സമിതിയുടെ ശുപാർശകളിന്മേൽ സർക്കുലറുകളും മറ്റും പുറപ്പെടുവിച്ചുകൊണ്ട് ഈ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തി വരികയാണ്. വ്യവഹാരങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനും നിയമങ്ങൾ പാലിക്കുന്നതിലെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും ലക്ഷ്യമിട്ട് CBDT ആദായ നികുതി ആക്റ്റിലെ വ്യവസ്ഥകളിന്മേൽ വിശദീകരണവും നൽകുന്നുണ്ട്. ഉദാഹരണത്തിന് ഇൻഡയറക്ട് ട്രാൻസ്ഫർ, വിദേശ നികുതി ക്രെഡിറ്റു നിയമങ്ങൾ എന്നിവയിൽ ഭേദഗതിയോ വിശദീകരണങ്ങളോ നൽകിയിട്ടുണ്ട്. ഇത് വ്യവഹാരങ്ങൾ കുറയ്ക്കുക മാത്രമല്ല തർക്കനികുതിയുടെ പരിധി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

ഇതിനിടെ കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി കണ്ടുവരുന്ന ഒരു സുപ്രധാന മാറ്റം പ്രതികൂലമല്ലാത്ത ഒരു നികുതി കാലത്തിനു വേണ്ടിയും ആദായനികുതി വകുപ്പിന്റെ പ്രതിച്ഛായ നന്നാക്കുന്നതിനുമായി പ്രധാനന്ത്രി തന്നെ നേരിട്ടിടപെട്ട് ആദായനികുതി ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നു എന്നതാണ്.

എല്ലാ ആദായനികുതി ഉദ്യോഗസ്ഥരേയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് അന്വേഷണങ്ങൾക്കും ആവലാതികൾക്കും ശരിയായ സമയത്ത് പരിഹാരം കാണുന്നതിനായി 'സർവ്വോത്തം' പ്ലാറ്റ്ഫോറം ആദായനികുതി വകുപ്പ് പ്രയോജനപ്പെടുത്തിവരുന്നു. ഇപ്രകാരം PAN, TAN അപേക്ഷകളിന്മേൽ വേഗത്തിലും കടലാസ് രഹിതമായും നടപടി സ്വീകരിക്കുന്നു.

നികുതിദായകരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കാനും കടലാസ് രഹിത ആദായനികുതി റിട്ടേൺ സമർപ്പിക്കൽ ഇന്ത്യയിൽ സാധ്യമാക്കാനും ആദായനികുതി വകുപ്പ് ഡിജിറ്റൽ കയ്യൊപ്പിന്റേയോ ഇലക്ട്രോണിക് വേരിഫിക്കേഷൻ കോഡിന്റെയോ (EVC) ഉപയോഗം പ്രാബല്യത്തിൽ വരുന്നു. ആധാർനമ്പർ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, നികുതിദായകർ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-മെയിൽ മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് EVC സൃഷ്ടിക്കാൻ കഴിയുന്നതാണ്. കൂടുതൽ നികുതിദായകരെ ഇലക്ട്രോണിക് വേരിഫിക്കേഷൻ കോഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് CBDT അടുത്തയിടെ അധികമായി രണ്ടു രീതികൾ കൂടി ഉൾപ്പെടുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇപ്പോൾ നികുതിദായകർക്ക് തങ്ങളുടെ ബാങ്ക് അക്കൗണ്ടോ ഡീമാറ്റ് അക്കൗണ്ട് വിവരങ്ങളോ EVC സൃഷ്ടിക്കാനും കടലാസുരഹിത ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിനും ഇലക്ട്രോണിക് വേരിഫിക്കേഷൻ നടത്താനുമായി ഉപയോഗിക്കാവുന്നതാണ്.

ഇതിൻ പ്രകാരം ഇ-മെയിൽ വഴിയുള്ള ആശയവിനിമയങ്ങളും അതിലൂടെയുള്ള കടലാസു രഹിത പരിശോധനാ നടപടികളും ഒരു തുടക്കമെന്ന നിലയിൽ വിവിധ വകുപ്പുകളിൽ ഇപ്പോൾതന്നെ നടന്നു വരുന്നുണ്ട്.

ഇത്തരത്തിലുള്ള നിരവധി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ഇന്ത്യയിലെ നികുതി വ്യവസ്ഥ ആഗോളതലത്തിൽ പുതിയ ഉയരങ്ങൾ താണ്ടുമെന്നും അത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പ്രേരക ശക്തിയാകുമെന്നും കരുതാം.

*(പ്രമുഖ സാമ്പത്തിക വിദഗ്ധനും പത്രപ്രവർത്തകനുമാണ് ലേഖകൻ)*

**വിജ്ഞാനപാത**

## ജിഎസ്ടി: നാലു നികുതി നിരക്കുകൾ കേന്ദ്ര പരിഗണനയിൽ

ചരക്കു സേവന നികുതി സംബന്ധിച്ച് 0 മുതൽ 26 ശതമാനം വരെയുള്ള നാലു വ്യത്യസ്ത നികുതി നിരക്കുകൾ കേന്ദ്ര ഗവണ്മെന്റിന്റെ പരിഗണനയിൽ. ന്യൂ ഡൽഹിയിൽ ധനമന്ത്രി അരുൺ ജെയ്റ്റ്ലിയുടെ അധ്യക്ഷതയിൽ നടന്ന ജിഎസ്ടി കൗൺസിലിലാണ് ഇതു സംബന്ധിച്ച ശുപാർശ അവതരിപ്പിക്കപ്പെട്ടത്. 6% വരുന്ന കുറഞ്ഞ നിരക്ക്, 12% വരുന്ന സ്റ്റാന്റേർഡ് 1 റേറ്റ് (Standard 1 Rate), 18% വരുന്ന സ്റ്റാന്റേർഡ് 2 റേറ്റ് (Standard 2 Rate), 26% വരുന്ന ഉയർന്ന നിരക്ക് എന്നിവയാണ് അവ. ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുൾപ്പെടെയുള്ള അവശ്യ സേവനങ്ങൾ നികുതി രഹിതമായി തുടരും. അതേ സമയം ആഡംബര ചരക്കു സേവനങ്ങൾക്കാണ് ഉയർന്ന നികുതി നിരക്കായ 26 ശതമാനം ഏർപ്പെടുത്തുക.

# ചരക്ക് സേവന നികുതിയുടെ സദ്ഫലങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ

**ഡോ. ജോസ് സെബാസ്റ്റ്യൻ**




ഏറെ നാളത്തെ തയ്യാറെടുപ്പുകൾക്കും കാത്തിരിപ്പിനും ശേഷം ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ അത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സാമ്പത്തിക സംഭവമായിരിക്കും. പരോക്ഷ നികുതിരംഗത്ത് വർഷങ്ങളിലൂടെ പുരോഗമിച്ച് വന്ന പരിഷ്കരണ ശ്രമങ്ങളുടെ ഫലമാണ് ചരക്ക് സേവനനികുതി. ഇന്ത്യയുടെ പരോക്ഷ നികുതി വ്യവസ്ഥയുടെ മിക്കവാറും എല്ലാ പരിമിതികളും ദോഷവശങ്ങളും പരിഹരിച്ച് ലോക നികുതിവ്യവസ്ഥയുമായി കണ്ണിചേരുന്ന ഈ കാൽവയ്പ് വ്യാപാര വ്യവസായ മണ്ഡലങ്ങളിൽ ആവേശം ജനിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഭരണഘടനാ ഭേദഗതി പാർലമെന്റിന്റെ ഇരു സഭകളും പാസ്സാക്കിയെങ്കിലും ഇനിയും ഒട്ടനവധി കാര്യങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ 2017 ഏപ്രിൽ ഒന്ന് മുതൽ ചരക്ക് സേവന നികുതിയിലേക്ക് പ്രവേശിക്കാനാവൂ. രാജ്യം ഒന്നാകെ ഇതിനു വേണ്ടിയുള്ള പരിശ്രമത്തിലാണ്. ചരക്ക് സേവന നികുതി ഏർപ്പെടുത്തേണ്ടി വന്ന സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുകയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് അതുണ്ടാക്കിയേക്കാവുന്ന സദ്ഫലങ്ങൾ ചർച്ച ചെയ്യുകയുമാണ് ഈ ലേഖനം.

## ചരക്ക് സേവന നികുതിയിലേക്ക് നയിച്ച സാഹചര്യങ്ങൾ

ലോകത്തെ 165 ഓളം രാജ്യങ്ങളിൽ നിലവിലുള്ള നികുതി സമ്പ്രദായമാണ് ചരക്ക് സേവന നികുതി. അടിസ്ഥാനപരമായി ഒരു ഉത്പന്നത്തിന്റെയോ സേവനത്തിന്റേയോ ഉത്ഭവം മുതൽ ഉപഭോഗം വരെയുള്ള വിവിധ തലങ്ങളിലെ മൂല്യവർദ്ധനവിന്മേൽ മാത്രം നികുതിചുമത്തുന്ന ഒരു മൂല്യവർദ്ധിത നികുതിയാണ് ചരക്ക് സേവനനികുതി. ഓരോ തലത്തിലും ചുമത്തപ്പെടുന്ന നികുതി തൊട്ടടുത്ത തലത്തിൽ ചുമത്തുന്ന നികുതിയിൽ നിന്ന് തട്ടിക്കിഴിക്കുന്ന സമ്പ്രദായത്തിലൂടെയാണ് മൂല്യവർദ്ധനവിന്മേൽ മാത്രം നികുതി ചുമത്തുന്ന ഈ സമ്പ്രദായം പ്രവർത്തിക്കുന്നത്. ഈ സമ്പ്രദായം സുഗമമായി പ്രവർത്തിക്കണമെങ്കിൽ ഒന്നോ രണ്ടോ നികുതി നിരക്കുകളേ ഉണ്ടാകാവൂ. ഇക്കാരണം കൊണ്ട് ചരക്ക് സേവനനികുതി ഏർപ്പെടുത്തിയിട്ടുള്ള ഒട്ടെല്ലാ രാജ്യങ്ങളിലും രണ്ടു നിരക്കുകളേയുള്ളു; ഒരു മാതൃകാ (standard) നിരക്കും ചില പ്രത്യേക ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും കുറഞ്ഞ ഒരു നിരക്കും. കുറച്ച് ഉൽപന്നങ്ങളെയും സേവനങ്ങളെയും നികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കുന്ന പതിവ് മിക്ക രാജ്യങ്ങളിലുമുണ്ട്. ഈ വിധത്തിൽ ചിട്ടപ്പെടുത്തിയ ചരക്ക് സേവനനികുതി സമ്പ്രദായം വരുമാന വർദ്ധനവിനോടൊപ്പം സാമ്പത്തിക വളർച്ചയിലേക്കും നയിക്കുന്നുവെന്നതും മിക്കവാറും വികസന നികുതി സമ്പ്രദായങ്ങളുടെയും എക്സൈസ് തീരുവകളുടെയും

ദോഷഫലങ്ങൾ മറികടക്കുന്നു എന്നതുമാണ് പ്രധാന സവിശേഷതകൾ.

ഒട്ടനവധി കാരണങ്ങൾ കൊണ്ട് അന്താരാഷ്ട്ര തലത്തിൽ നിലനില്ക്കുന്ന ഈ നികുതി വ്യവസ്ഥയുടെ ഭാഗമാവാൻ ഇന്ത്യ വളരെ വൈകി. ചരക്ക് സേവനനികുതിയുടെ സദ്ഫലങ്ങൾ കൃത്യമായി മനസ്സിലാക്കാൻ നിലവിലുള്ള നികുതി സമ്പ്രദായത്തിന്റെ ദോഷഫലങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. പ്രധാനമായും താഴെപ്പറയുന്ന മൂന്ന് ദോഷങ്ങളാണ് ഇന്ത്യയിലെ പരോക്ഷ നികുതി വ്യവസ്ഥയ്ക്ക് ഉള്ളത്.

### 1. കുടുസായ (Narrow) നികുതി അടിത്തറ

ഇന്ത്യയുടെ ഫെഡറൽ സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന ന്യൂനത കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും നേരിട്ടുവരുന്ന കടുത്ത വിഭവദാരിദ്ര്യമാണ്. അനുദിനം വർദ്ധിച്ചുവരുന്ന ചെലവുകൾ നികത്തത്തക്ക വിധം വരുമാനം വർദ്ധിക്കുന്നില്ല. ഇതിന്റെ ഫലമായി റവന്യൂകമ്മിയും ധനകാര്യകമ്മിയും ക്രമാതീതമായി വർദ്ധിച്ച് സമ്പദ് വ്യവസ്ഥയുടെ സുസ്ഥിരതയ്ക്ക് ഭീഷണിയായി ഭവിച്ചിട്ടുണ്ട്. എത്രമാത്രം പൊതുവിഭവങ്ങൾ പൊതു ആവശ്യങ്ങൾക്കായി ഒരു സമൂഹം മാറ്റിവയ്ക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ താരതമ്യപ്പെടുത്താറുണ്ട്. ലോകത്തെ മിക്കവാറും വികസിത രാജ്യങ്ങളുടെയും നികുതി – ദേശീയ വരുമാന അനുപാതം 30% ന് അടുത്തായിരിക്കുമ്പോൾ, 2015-16 കണക്കുകൾ പ്രകാരം ഇന്ത്യയിലേത് 16.4% മാത്രമാണ്. ഇതിന് പ്രധാന കാരണം ഇന്ത്യയിലെ പരോക്ഷ നികുതി വ്യവസ്ഥ മുഖ്യമായും ചരക്കുകളുടെ മേൽ നികുതി ചുമത്തുന്നതാണ് എന്നതാണ്. ചരക്കുകളോടൊപ്പം സേവനങ്ങളുടെ മേലും നികുതി ചുമത്താനുള്ള അധികാരം ഈ പട്ടിക പ്രകാരം സംസ്ഥാനങ്ങൾക്കോ കേന്ദ്രത്തിനോ നൽകിയിട്ടില്ല. എങ്കിലും കുറേ സേവനങ്ങളുടെ മേൽ നികുതി ചുമത്താനുള്ള അനുവാദം സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും ഭരണഘടന നല്കുന്നുണ്ട്. ഇപ്രകാരം കേന്ദ്രം ചുമത്തിവരുന്ന നികുതികളാണ് കപ്പൽ മാർഗമോ വിമാനം വഴിയോ റെയിൽവേ വഴിയോ ഉള്ള ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതി, റെയിൽവേയിലെ ടിക്കറ്റുകളുടെ മേലുള്ള നികുതി, ഹോട്ടലുകളിലും റസ്റ്റോറന്റുകളിലുമുള്ള ചെലവുകളുടെ മേലുള്ള നികുതി തുടങ്ങിയവ. സംസ്ഥാനങ്ങൾ ചുമത്തുന്ന സമാനമായ നികുതികളാണ് വൈദ്യുതി ഉപഭോഗത്തിൻമേലുള്ള നികുതി, അച്ചടി മാധ്യമങ്ങൾ ഒഴിച്ചുള്ള മാധ്യമങ്ങളിലെ പരസ്യങ്ങളുടെ മേലുള്ള നികുതി, റോഡ്, ഉൾനാടൻ ജലപാതകൾ എന്നിവയിലൂടെയുള്ള ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതി, വിനോദങ്ങൾ, വാതുവയ്പ്, ചൂതാട്ടം എന്നിവയുടെ മേലുള്ള നികുതികൾ തുടങ്ങിയവ. ശ്രദ്ധിക്കേണ്ട കാര്യം ഇവയൊന്നും 'സേവനനികുതി' എന്ന പേരിൽ അല്ല ചുമത്തപ്പെടുന്നതും നികുതിദായകരുടെയും നികുതി പ്രാക്ടീഷണർമാരുടെയും ഇടയിൽ അറിയപ്പെടുന്നതും എന്നതാണ്. ഡോ. എം. ഗോവിന്ദറാവുവിന്റെ പഠനപ്രകാരം ഈ സ്രോതസ്സുകളിൽ നിന്നു കേന്ദ്രവും സംസ്ഥാനങ്ങളും സമാഹരിക്കുന്ന പരോക്ഷ നികുതി 1985-1999 കാലഘട്ടത്തിൽ മൊത്തം നികുതി വരുമാനത്തിന്റെ 6.6% വും ദേശീയ വരുമാനത്തിന്റെ 1% മാത്രമായിരുന്നു.

സേവന നികുതി എന്ന പേരിൽ 1994ൽ കേന്ദ്ര സർക്കാർ നികുതി ചുമത്താൻ തുടങ്ങിയത് ഭരണഘടന നല്കുന്ന ശിഷ്ടാധികാരം (Residuary powers) ഉപയോഗിച്ചാണ്. തുടക്കത്തിൽ ടെലികമ്മ്യൂണിക്കേഷൻ, ജീവൻ ഒഴിച്ചുള്ള ഇൻഷുറൻസ്, ഓഹരി ഇടപാടുകാർ എന്നീ മൂന്നു സേവനങ്ങളുടെ മേലാണ് നികുതി ഏർപ്പെടുത്തിവന്നത്. കേന്ദ്രസർക്കാർ കുറേ വർഷങ്ങളായി കൂടുതൽ സേവനങ്ങളെ സേവന നികുതിയുടെ പരിധിയിൽ കൊണ്ടു വന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ എതിർ പട്ടിക (Negative list) യിൽ പെടാത്ത എല്ലാ സേവനങ്ങളുടെ മേലും സേവന നികുതി ഉണ്ട്. സേവന നികുതി കേന്ദ്ര സർക്കാരിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സായി മാറിയിട്ടുണ്ട്. (പട്ടിക കാണുക)

1994-95ൽ കേന്ദ്ര സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ വെറും 0.44% മാത്രം സംഭാവന ചെയ്തിരുന്ന സേവന നികുതി 2015-16 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റു പ്രകാരം 14.49% സംഭാവന ചെയ്യുമെന്നാണ് മതിപ്പു കണക്കുകൾ സൂചിപ്പിക്കുന്നത്.

അതിവേഗം വളരുന്ന, ദേശീയ വരുമാനത്തിന്റെ

| പട്ടിക - ഇന്ത്യയുടെ ദേശീയ വരുമാനത്തിൽ സേവനങ്ങളുടെ ഓഹരിയും സേവന നികുതിയുടെ സംഭാവനും | | | | |
|---|---|---|---|---|
| വർഷം | ദേശീയ വരുമാനത്തിൽ സേവന നികുതിയുടെ ഓഹരി (ശതമാനം) | സേവന നികുതി വരുമാനം (മില്യൺ രൂപയിൽ) | സേവന നികുതി ദേശീയ വരുമാനത്തിന്റെ ശതമാനമെന്ന നിലയിൽ | കേന്ദ്രത്തിന്റെ മൊത്തം നികുതി വരുമാനത്തിൽ സേവന നികുതിയുടെ ഓഹരി (ശതമാനം) |
| 1994-95 | 45.0 | 4,70 | 0.04 | 0.44 |
| 1999-00 | 50.0 | 21,280 | 0.12 | 1.24 |
| 2004-05 | 53.0 | 1,42,00 | 0.48 | 4.66 |
| 2009-10 | 54.7 | 5,84,220 | 0.96 | 9.35 |
| 2015-16* | 61.5 | 21,00,000 | 1.85 | 14.49 |

* ബഡ്ജറ്റ് എസ്റ്റിമേറ്റ്
അവലംബം : സാമ്പത്തിക സർവ്വേ, കേന്ദ്രസർക്കാർ

60% നു മേൽ സംഭാവന ചെയ്യുന്ന സേവനമേഖലയുടെ അനന്തമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താതെ ഇന്ത്യയുടെ നികുതി - ദേശീയ വരുമാന അനുപാതം വർദ്ധിപ്പിക്കാൻ ഒക്കുകയില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. കാരണം, ദേശീയ വരുമാനത്തിന്റെ 61.5% സംഭാവന ചെയ്യുന്ന ഒരു മേഖല മൊത്തം നികുതി വരുമാനത്തിന്റെ 14.49% മാത്രമേ സംഭാവന ചെയ്യുന്നുള്ളു എന്നോർക്കണം. സേവനങ്ങൾക്കു മേൽ നികുതി ചുമത്താനുള്ള അധികാരം സംസ്ഥാനങ്ങളുമായി പങ്കുവച്ച് കേന്ദ്രത്തോടൊപ്പം സംസ്ഥാനങ്ങളുടെയും നികുതി അടിത്തറ വിപുലപ്പെടുത്തുന്നതിന്റെ ധനശാസ്ത്ര യുക്തി ഇതാണ്.

സേവന മേഖലയിൽ നിന്നുള്ള കുറഞ്ഞ നികുതി വരുമാനത്തിന് മറ്റ് ചില അർത്ഥങ്ങളുണ്ട്. സേവനങ്ങളുടെ മേൽ താരതമ്യേന കുറഞ്ഞ നികുതി ഭാരം എന്നത് ചരക്കുകളുടെ മേൽ ഉള്ള ഉയർന്ന നികുതിഭാരത്തിന്റെ ചെലവിലാണ്. അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ ഉൽപന്നങ്ങൾ അത്ര മത്സരക്ഷമമല്ലെങ്കിൽ അതിന്റെ കാരണം ഒരു പരിധിവരെ സേവനങ്ങളെയും ചരക്കുകളെയും വ്യത്യസ്തമായി കാണുന്ന ഇന്ത്യയിലെ പരോക്ഷ നികുതി വ്യവസ്ഥയാണ്. പാവപ്പെട്ടവരെ അപേക്ഷിച്ച് സേവനങ്ങൾ കൂടുതൽ ഉപഭോഗം ചെയ്യുന്നത് സമ്പന്നരാണ്. സേവനങ്ങളുടെ മേൽ കുറഞ്ഞ നികുതിഭാരം എന്നതിനർത്ഥം പാവപ്പെട്ടവരുടെ മേൽ താരതമ്യേന ഉയർന്ന നികുതിഭാരം ചുമത്തപ്പെടുന്നു എന്നു കൂടിയാണ്. ചരക്കുകളെയും സേവനങ്ങളെയും സമഗ്രമായി കണ്ട് നികുതി ചുമത്തുന്ന ചരക്കു സേവന നികുതിയാണ് ഈ പ്രശ്നങ്ങൾക്കെല്ലാമുള്ള ആത്യന്തിക പരിഹാരം.

## 2. നികുതിക്കു മേൽ നികുതി സൃഷ്ടിക്കുന്ന സങ്കീർണ്ണതകൾ

ഇന്ത്യയിലെ പരോക്ഷ നികുതി വ്യവസ്ഥ ഒന്നിലധികം നികുതികൾ അടങ്ങുന്നതാണ്. കേന്ദ്രതലത്തിൽ പ്രധാനമായും മൂന്ന് തരം നികുതികളുണ്ട്. ഉത്പാദന തലത്തിലെ എക്സൈസ് തീരുവ, അന്തർ സംസ്ഥാന വില്പനകൾക്ക് മേലുള്ള കേന്ദ്ര വില്പന നികുതി, സേവന നികുതി തുടങ്ങിയവയാണിവ. ഈ നികുതികൾ സഹിച്ച് സംസ്ഥാനങ്ങളിൽ എത്തുന്ന ചരക്കുകളുടെ മേൽ സംസ്ഥാനങ്ങൾ മൂല്യവർദ്ധിത നികുതി ചുമത്തുന്നു. അസംസ്കൃത വസ്തുക്കളുടെയും ഘടകങ്ങളുടെയും മേലുള്ള നികുതികൾക്ക് മോഡ്‌വാറ്റ് (MODEVAT) പദ്ധതി പ്രകാരം അന്തിമ ഉൽപന്നത്തിന്റെ മേലുള്ള നികുതിയിൽ നിന്ന് തട്ടിക്കിഴിക്കൽ (Set off) സാധ്യമാണ്. പക്ഷേ സംസ്ഥാനങ്ങളിൽ മൂല്യ വർദ്ധിത നികുതി ചുമത്തുമ്പോൾ

ഉൽപാദന-വിതരണ തലങ്ങളിലെ നികുതികൾക്ക് തട്ടിക്കിഴിക്കിൽ ലഭ്യമല്ല. ഇതുമൂലം നികുതിക്ക് മേൽ നികുതി, അതായത് Cascading എന്ന പ്രതിഭാസം സംജാതമാകുന്നു. കാരണം ഉത്പാദകരും ലാഭശത മാനം കണക്കാക്കുന്നത് നികുതി ഉൾപ്പെടെയുള്ള വിലമേലാണ്. ഈ പതിവു കാരണം ആത്യന്തിക ഉപ ഭോക്താവ് കൊടുക്കേണ്ടി വരുന്ന വില കൂടുന്നു. ഉത്പാദനത്തിന്റെയും വ്യാപാരത്തിന്റെയും ഓരോ തലത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനവിന്മേൽ മാത്രം നികുതി ചുമത്തുന്ന മൂല്യ വർദ്ധിത നികുതിയിൽ നിന്ന് ചരക്ക് സേവനനികുതിയിലേക്ക് പ്രവേശിക്കു മ്പോൾ ഈ ദോഷവശം പൂർണ്ണമായും പരിഹരിക്കാ നാവുന്നു. ഇതുമൂലം ഉത്പാദന ചെലവിലുണ്ടാകുന്ന കുറവിന്റെ പ്രയോജനം സമ്പദ്‌വ്യവസ്ഥയ്ക്ക് മൊത്തം ലഭ്യമാകും.

### 3. നൂലാമാലകളും അപഭ്രംശങ്ങളും

നമ്മുടെ പരോക്ഷ നികുതി വ്യവസ്ഥ സൃഷ്ടി ക്കുന്ന സങ്കീർണ്ണതകളും അപഭ്രംശങ്ങളും രാജ്യത്തെ പല വിപണികളായി വിഭജിക്കുകയാണ്. സംസ്ഥാന ങ്ങൾ തമ്മിൽ നികുതി ചുമത്തുന്ന രീതിയിൽ ഐക്യ രൂപ്യമില്ല. നിയമങ്ങളും സമ്പ്രദായങ്ങളും വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യസ്തമാണ്. ഇതിനു പുറമെ യാണ് അന്തർ സംസ്ഥാന ചെക്ക് പോസ്റ്റുകളും മുനി സിപ്പാലിറ്റികളും കോർപ്പറേഷനുകളും ചുമത്തുന്ന പ്രവേശന നികുതികളും. ചെക്ക് പോസ്റ്റുകളിൽ മണി ക്കൂറുകളോളം കാത്തുകെട്ടി കിടക്കേണ്ടിവരുന്നതു മൂലം ചരക്കു ഗതാഗത ചെലവ് അന്താരാഷ്ട്ര നിരക്കുകളെക്കാൾ 3-4 ഇരട്ടി കൂടുതൽ ആണെന്ന് പഠനങ്ങൾ കണ്ടെത്തിയിട്ടിട്ടുണ്ട്. അമേരിക്കൻ ഐക്യ നാടുകളിൽ ഒരു ട്രക്ക് 800 കിലോമീറ്റർ ഒരുദിവസം താണ്ടുമ്പോൾ ഇന്ത്യയിൽ കഷ്ടിച്ച് 280 കിലോമീ റ്റർ ഇഴഞ്ഞുനീങ്ങിയാലായി. നമ്മുടെ റോഡുകളുടെ സ്ഥിതി മാത്രമല്ല ഇതിനു കാരണം. വിവിധ സംസ്ഥാ നങ്ങളിലെ ചെക്ക്പോസ്റ്റുകളിലെ കാത്തുകിടപ്പു കൂടി യാണ്.

നിയമങ്ങളിലെ സങ്കീർണ്ണതകളും കുരുക്കു കളും നികുതി വെട്ടുപ്പുകാർക്ക് വൻ അവസരമാണ് ഉണ്ടാക്കി കൊടുത്തുകൊണ്ടിരിക്കുന്നത്. ചരക്കുൽപാ ദനം എന്ന പ്രക്രിയ പല സേവനങ്ങളും ഉൾച്ചേർന്ന താണ്. സേവനങ്ങളെയും ചരക്കുകളെയും വ്യത്യസ്ത രീതിയിൽ വ്യാപാരികൾക്കും ഉൽപാദ കർക്കും ഒത്തുകളിക്കാൻ നിലവിലെ സ്ഥിതി ധാരാളം അവസരങ്ങളൊരുക്കുന്നുണ്ട്. തങ്ങളുടെ ഉൽപാദന ചെലവിൽ സേവനങ്ങളുടെ ഭാഗം പെരുപ്പിച്ചു കാട്ടി നികുതി വെട്ടിക്കുന്ന പതിവ് വളരെ വ്യാപകമാണ്. സത്യത്തിൽ ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ സാധ നങ്ങളും സേവനങ്ങളും തമ്മിലുള്ള അതിർവരമ്പ് നേർത്ത് നേർത്ത് വന്നുകൊണ്ടിരിക്കുകയാണ്.

### ഇന്ത്യൻ ചരക്ക് സേവന നികുതിയുടെ മുഖ്യ വശങ്ങൾ

ഏതാണ്ടെല്ലാ ഫെഡറൽ രാജ്യങ്ങളെയും പോലെ ഇന്ത്യയും ചരക്ക് സേവന നികുതിയുടെ ദ്വയ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന ങ്ങളും കേന്ദ്രവും ഒരേ നികുതി അടിത്തറയിന്മേൽ സംസ്ഥാന ചരക്ക് സേവന നികുതിയും (SGST) കേന്ദ്ര ചരക്ക് സേവന നികുതിയും ചുമത്തുന്ന സമ്പ്ര ദായമാണിത്. അന്യ സംസ്ഥാന ഇടപാടുകൾ ഏകീ കൃത ചരക്ക് സേവനനികുതി (Integrated GST) ക്ക് വിധേയമായിരിക്കും. സംസ്ഥാന ചരക്ക് സേവന നികുതിയും കേന്ദ്ര ചരക്ക് സേവന നികുതിയും ഉൾപ്പെടുന്ന ഏകീകൃത ചരക്ക് സേവന നികുതി കേന്ദ്ര സർക്കാരാണ് ചുമത്തുന്നതെങ്കിലും വരുമാനം കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കിട്ടെടുക്കും. കേന്ദ്ര ചരക്ക് സേവന നികുതിയിൽ CENVAT എന്ന റിയപ്പെടുന്ന കേന്ദ്ര എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, ചികിത്സാ സംബന്ധവും ശുചീ കരണ സംബന്ധവുമായ ചരക്കുകളുടെ മേലുള്ള എക്സൈസ് തീരുവ, സേവന നികുതി കൗണ്ടർ വെയ്ലിംഗ് ഡ്യൂട്ടി (Countervailing duty) എന്നറി യപ്പെടുന്ന പ്രത്യേക അധിക കസ്റ്റംസ് തീരുവ, സർചാർജുകൾ, സെസ്സുകൾ എന്നിവ ലയിച്ചുചേരും. സംസ്ഥാന ചരക്ക് സേവന നികുതിയിൽ ലയിച്ചുചേ രുന്ന നികുതികൾ മൂല്യവർദ്ധിത നികുതി, വാങ്ങൽ നികുതി, വിനോദ നികുതി (പഞ്ചായത്ത്, മുനിസി പ്പാലിറ്റി, കോർപ്പറേഷനുകൾ തുടങ്ങിയ പ്രാദേശിക സർക്കാറുകൾ ചുമത്തുന്ന വിനോദ നികുതി ഒഴിച്ചു ള്ളത്), ആഡംബര നികുതി, ഭാഗ്യക്കുറി, വാതുവയ്പ്, ചൂതാട്ടം എന്നിവയിന്മേൽ ഉള്ള നികുതി, കോർപ്പറേ ഷനുകളും മുനിസിപ്പാലിറ്റികളും ചുമത്തുന്ന പ്രവേ

ശന നികുതി, സംസ്ഥാന സർക്കാറുകൾ ചുമത്തുന്ന സെസ്സുകൾ, സർചാർജ്ജുകൾ എന്നിവയാണ്. മദ്യവും പെട്രോൾ അടക്കമുള്ള പെട്രോളിയം ഉൽപന്നങ്ങളും ചരക്ക് സേവന നികുതിക്ക് പുറത്തായിരിക്കും. സംസ്ഥാന സർക്കാരുകൾ നിലവിൽ ചുമത്തിവരുന്ന വിൽപനനികുതി സമ്പ്രദായത്തിൽ ഇവ രണ്ടും തുടരും.

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും പല നികുതികളും ചരക്ക് സേവന നികുതിയിൽ ലയിച്ചു ചേരുന്നതു മൂലം ഈ നികുതികളുടെ നഷ്ടം കൂടി പരിഹരിക്കത്തക്ക വിധം, അതായത് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന നികുതിവരുമാനം ലഭിക്കത്തക്ക വിധം ഉയർന്ന ഒരു നിരക്ക് ഏർപ്പെടുത്തേണ്ടിവരും. ഏത് നിരക്കിൽ എർപ്പെടുത്തിയാലാണ് ഈ വരുമാനം ലഭിക്കുക? ഇക്കാര്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തലവേദനയായിട്ട് കുറേക്കാലമായി. കാരണം നിരക്ക് വളരെ ഉയർന്നുപോയാൽ ജനങ്ങളുടെ ഇടയിൽ നിന്നും എതിർപ്പ് ഉയർന്നേക്കാം. നേരേമറിച്ച് നിരക്ക് വളരെ താണുപോയാൽ നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനം പോലും ലഭിക്കാതാവുകയും ചെയ്യും. ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിക്കപ്പെട്ട അരവിന്ദ് സുബ്രഹ്മണ്യം കമ്മിറ്റി 18% എന്ന നിരക്ക് ശുപാർശ ചെയ്തെങ്കിലും ഇക്കാര്യത്തിൽ സമവായം ഇനിയും ഉണ്ടാവേണ്ടതുണ്ട്. രണ്ട് നിരക്കുകൾ, അതായത് അവശ്യവസ്തുക്കൾക്കും ദൈനംദിന ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്തതായ വസ്തുക്കൾക്കും കുറഞ്ഞ നിരക്കും ഒരു പൊതുനിരക്കും എന്നതാണ് ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നത്. കുറഞ്ഞ നിരക്ക് 12% ന് അടുത്തും പൊതുനിരക്ക് 18% നും 22%ും ഇടയിലും ആയേക്കാം. സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് മൂന്നോ നാലോ നിരക്കുകൾ ഉണ്ടാകുമോ എന്നും കണ്ടറിയേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ സേവനങ്ങളുടെ മേലും ചരക്കുകളുടെ മേലും ഒരേ നികുതി നിരക്കായിരിക്കുമോ ചുമത്തുക എന്ന കാര്യവും തീരുമാനമായിട്ടില്ല.

നികുതിയുടെ പരിധിയിൽ വരുന്ന വ്യാപാരികളുടെ കുറഞ്ഞ വിറ്റുവരവ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ 10 ലക്ഷമായും മറ്റ് സംസ്ഥാനങ്ങളിൽ 20 ലക്ഷമായും നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും സംസ്ഥാന ധനകാര്യ മന്ത്രിമാർ അംഗങ്ങളുമായിട്ടുള്ള ചരക്ക് സേവനനികുതി കൗൺസിൽ ആണ് നിരക്കുകൾ നിശ്ചയിക്കുക, നികുതിയിൽ നിന്ന് ഒഴിവാക്കേണ്ട ചരക്കുകളുടെയും സേവനങ്ങളുടെയും പട്ടിക, തുടങ്ങിയ കാര്യങ്ങളിൽ അന്തിമ തീരുമാനം എടുക്കേണ്ടത്. ചരക്ക് സേവന നികുതി ഏർപ്പെടുത്തുന്നതുമൂലം സംസ്ഥാനങ്ങൾക്ക് ഉണ്ടായേക്കാവുന്ന നഷ്ടം അടുത്ത അഞ്ചുവർഷക്കാലം നികത്തിക്കൊടുക്കാമെന്ന് കേന്ദ്രസർക്കാർ ഏറ്റിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരുകൾക്ക് ചരക്ക് സേവന നികുതിയുമായി മുന്നോട്ട് പോകുന്നതിന് ഉത്തേജനം പകർന്നിട്ടുണ്ട്.

വിവര സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള ബൃഹത്തായ ഒരു ഭരണസംവിധാനമാണ് ചരക്ക് സേവനനികുതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ചരക്ക് സേവനനികുതി നെറ്റ്വർക്ക് (Goods and Services Tax Network - GSTN) എന്നറിയപ്പെടുന്ന ഈ സംവിധാനം എല്ലാ രീതിയിലും പുതിയ നികുതി സമ്പ്രദായത്തിന്റെ വെല്ലുവിളികളെ നേരിടാൻ സജ്ജമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ ചരക്ക് സേവനനികുതിയിലേക്കുള്ള പ്രവേശനം താരതമ്യേന സുഗമമായിരിക്കും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

## ചരക്ക് സേവന നികുതി സമ്പദ്വ്യവസ്ഥയിൽ ഉളവാക്കുന്ന മാറ്റങ്ങൾ

സങ്കീർണവും ഒട്ടനവധി ദോഷവശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായത്തെ സമൂലമായി പരിഷ്കരിക്കുന്നതാണ് പുതിയ നികുതി സമ്പ്രദായം. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെയും സാമ്പത്തിക വളർച്ചയേയും വിലനിലവാരത്തെയും കാര്യമായി സ്വാധീനിക്കുക തന്നെ ചെയ്യും.

### 1. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനം

മുകളിൽ ചൂണ്ടിക്കാട്ടിയപോലെ കുടുസ്സായ ഒരു നികുതി അടിത്തറയാണ് ചക്ക് സേവനനികുതിയിലേക്ക് ചുവടുവയ്ക്കാനുള്ള പ്രചോദനങ്ങളിൽ മുഖ്യം. കേന്ദ്ര സർക്കാരിനെ സംബന്ധിച്ചിടത്തോളം

നിലവിൽ ഉൽപാദനത്തിന്റെ തലത്തിൽ മാത്രമേ നികുതി ചുമത്താൻ കഴിയുന്നുള്ളൂ. ചരക്ക് സേവന നികുതി നിലവിൽ വരുന്നതോടെ കേന്ദ്രസർക്കാരിന് ഉപഭോക്തൃ തലത്തിൽ കൂടി നികുതി ചുമത്താൻ കഴിയും. ശരാശരി 20% മുതൽ 25% വരെ മൂല്യവർദ്ധനവ് ഉൽപാദന തലത്തിന്റെയും ഉപഭോക്തൃ തലത്തിന്റെയും ഇടയിലുണ്ട്. ഇത് സൂചിപ്പിക്കുന്നത് കേന്ദ്രത്തിന്റെ നികുതി അടിത്തറയിൽ 20-25% വിപുലീകരണം ഉണ്ടാകുമെന്നാണ്. സംസ്ഥാന സർക്കാരുകളുടെ കാര്യത്തിൽ ഇത് വലിയൊരളവോളം അവയുടെ സമ്പദ്‌വ്യവസ്ഥയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. സേവനാധിഷ്ഠിതമായ സംസ്ഥാനങ്ങൾക്ക് ഉൽപാദനാധിഷ്ഠിത സംസ്ഥാനങ്ങളേക്കാൾ നേട്ടമുണ്ടാകും എന്ന ഒരു ധാരണ പൊതുവെ ഉണ്ട്. ഇതിൽ വലിയ അടിസ്ഥാനമുണ്ടെന്ന് തോന്നുന്നില്ല. ഇക്കാര്യത്തെക്കുറിച്ച് നടന്ന ഒരു പഠനം[1] സൂചിപ്പിക്കുന്നത് സേവനമേഖലയുടെ വലിപ്പത്തേക്കാൾ നികുതിക്ക് വിധേയമായ സേവനങ്ങളുടെ സാന്നിദ്ധ്യവും സേവനദാതാക്കളുടെ വലിപ്പവുമാണ് അധിക നികുതി വരുമാനത്തെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത് എന്നാണ്. അതായത് സേവനമേഖലയുടെ വലിപ്പം തുല്യമായിട്ടുള്ള രണ്ട് സംസ്ഥാനങ്ങളെയെടുത്താൽ അതിൽ നികുതിക്ക് വിധേയമായ സേവനങ്ങളേക്കാൾ കൂടുതൽ ഉള്ളതും സേവന ദാദാക്കളുടെ വിറ്റുവരവ് ഉയർന്നിരിക്കുന്നതുമായ സംസ്ഥാനമായിരിക്കും സേവനമേഖലയിൽ നിന്ന് കൂടുതൽ നികുതി സമാഹരിക്കുക. കേരളം പോലെ സേവനാധിഷ്ഠിതമായ ഒരു സംസ്ഥാനത്തെ സംബന്ധിച്ച് ഈ നിഗമനത്തിന് വലിയ സാംഗത്യമുണ്ട്. കേരളത്തിലെ സേവനദാതാക്കൾ പൊതുവേ കുറഞ്ഞ വിറ്റുവരവുള്ളവരാണ്. കേരളത്തിലെ ചെറു പട്ടണങ്ങളിൽപ്പോലും കണ്ടുവരുന്ന കൊറിയർ ഏജൻസികൾ, ട്രാവൽ ഏജൻസികൾ, ടൂർ ഓപ്പറേറ്റർമാർ, റിക്രൂട്ടിംഗ് ഏജന്റുമാർ, പന്തൽ/ഷാമിയാന കോൺട്രാക്ടർമാർ, വസ്തു കച്ചവട ഏജന്റുമാർ, കേബിൾ ഓപ്പറേറ്റർമാർ, ബ്യൂട്ടി പാർലറുകൾ, ഡ്രൈക്ലീനിംഗ്, ഇന്റർനെറ്റ് കഫേ, കാറ്ററിംഗ് സർവ്വീസ്, ക്ലീനിംഗ് സർവ്വീസ് തുടങ്ങിയവയെ എടുക്കാം. ഇക്കൂട്ടരിൽ 20 ലക്ഷം രൂപയ്ക്ക് മേൽ വിറ്റുവരവുള്ളവർ വിരളമാണ്.

നികുതി വരുമാനത്തെ സംബന്ധിച്ചിടത്തോളം ഉൽപാദക സംസ്ഥാനങ്ങൾക്ക് നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. കേന്ദ്ര വില്പനനികുതി സംസ്ഥാന ചരക്കു സേവന നികുതിയിൽ ലയിച്ചുചേരുന്നതു മൂലം അവർക്ക് വൻതോതിൽ നികുതിനഷ്ടം ഉണ്ടാകും. അതേസമയം വ്യാവസായികോൽപാദനവുമായി ബന്ധപ്പെട്ട സേവനങ്ങളിൽ നിന്ന് വൻതോതിൽ വിഭവസമാഹരണത്തിന് ഈ സംസ്ഥാനങ്ങൾക്ക് അവസരമുണ്ട്. 2012-13ൽ കേന്ദ്ര സർക്കാർ സമാഹരിച്ച സേവനനികുതിയിൽ 62.85%വും സമാഹരിച്ചത് ആന്ധ്രാപ്രദേശ്, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ്. വ്യാവസായികോൽപാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായ നിയമസേവനങ്ങൾ, പേറ്റന്റുകളും ട്രേഡ്മാർക്കുകളും, ചരക്കുകളുടെ കയറ്റിറക്കും ഇൻഷുറൻസും, അക്കൗണ്ടിംഗ്, കൺസൾട്ടൻസി തുടങ്ങിയ സേവനങ്ങളുമാണ് സേവനനികുതിയുടെ മുഖ്യ സ്രോതസ്സ്. ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ ഈ സംസ്ഥാനങ്ങൾക്ക് മേൽപറഞ്ഞ സേവനങ്ങളിന്മേൽ നികുതി ചുമത്തി കേന്ദ്ര വിൽപനനികുതി ലയിച്ചു ചേരുന്നതു മൂലമുണ്ടാകുന്ന നികുതിനഷ്ടത്തിന്റെ നല്ലൊരു ഭാഗം തിരിച്ചുപിടിക്കാം. അതുപോലെ തന്നെ വ്യാവസായികോൽപാദനത്തിൽ ഉണ്ടായേക്കാവുന്ന ഉണർവ്വും ഈ സംസ്ഥാനങ്ങളുടെ ധനകാര്യസ്ഥിതി മെച്ചപ്പെടുത്തും.

ചരക്ക് സേവനനികുതി മൂലമുണ്ടാകുന്ന അധിക വരുമാനം സേവനങ്ങളും ചരക്കുകളുമടക്കം പല സ്രോതസ്സുകളിൽ നിന്നുമായിരിക്കും. നികുതി ഒഴിവാക്കലും നികുതിവെട്ടിപ്പും കാര്യമായി കുറയും എന്നതു തന്നെയാണ് ചരക്ക് സേവനനികുതിയുടെ പ്രധാന പ്രയോജനം. അരവിന്ദ് സുബ്രഹ്മണ്യൻ കമ്മിറ്റിയുടെ ഒരു നിരീക്ഷണം ഇത്തരുണത്തിൽ പ്രസക്തമാണ്. മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിന്റെ സഹജമായ സ്വയംനിരീക്ഷണ സ്വഭാവമാണ് നികുതി വെട്ടിപ്പ് തടയാൻ ഏറ്റവും സഹായകരമായിട്ടുള്ളതെന്ന് കമ്മിറ്റി നിരീക്ഷിച്ചു. ഒരു ഉൽപന്നമോ സേവനമോ വാങ്ങി വില്ക്കുകയോ ഉൽപാദനത്തിന് ഉപയോഗിക്കുകയോ ചെയ്യുമ്പോൾ അതിൽ ഉൾച്ചേർന്നിരിക്കുന്ന നികുതിക്ക് കുറവ് ലഭിക്കണമെങ്കിൽ കൃത്യമായ രേഖകളുടെ ആവശ്യമുണ്ട്. ഉത്പാദനം മുതൽ ഉപഭോഗം വരെയുള്ള ചരക്കുകളുടെയും സേവനങ്ങ

ളുടെയും ശൃംഖല ഇത്തരം രേഖകളാൽ ബന്ധിതമായാൽ നികുതി വെട്ടിപ്പ് ദുഷ്കരമാവും.

ഇന്ത്യയിലെ വ്യാപകമായ നികുതി വെട്ടിപ്പിന് ഒരു പരിധിവരെ കാരണം സങ്കീർണ്ണമായ പരോക്ഷ നികുതി വ്യവസ്ഥ തന്നെയാണ്. ഇക്കാരണം കൊണ്ട് മാത്രം നികുതി വ്യവസ്ഥയുടെ ഭാഗമാവാൻ ഇഷ്ടപ്പെടാത്ത വ്യാപാരികളും വ്യവസായികളും നിരവധിയുണ്ട്. അവരെ സംബന്ധിച്ചിടത്തോളം നികുതി ഒടുക്കലുമായി ബന്ധപ്പെട്ട നൂലാമാലകളും ചെലവുകളും ഒടുക്കേണ്ടിവരുന്ന നികുതിയേക്കാൾ ദുസ്സഹമായി അനുഭവപ്പെടുന്നുണ്ട്. ഇന്ത്യയിലെ വ്യാവസായികോൽപാദന രംഗത്ത് പരോക്ഷ നികുതി വ്യവസ്ഥയുടെ ഭാഗമാവാതെ നില്ക്കുന്ന അസംഘടിത മേഖലയുടെ വലിപ്പം ഓരോ വ്യാവസായിക മേഖലയിലും വ്യത്യസ്തമാണ്. പാദരക്ഷയുടെ കാര്യത്തിൽ ഇത് 65-70% വരുമ്പോൾ വയറിന്റേയും കേബിളുകളുടെയും (Wires and Cables) കാര്യത്തിൽ 30-40% വരും. ഇതിനെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടായേക്കാമെങ്കിലും അസംഘടിത മേഖല സൃഷ്ടിക്കുന്ന നികുതിവെട്ടിപ്പ് പൊതുവെ തിരിച്ചറിയപ്പെട്ടിട്ടുള്ളതാണ്. നികുതി വെട്ടിപ്പ്, സംഘടിത മേഖലയുമായി വിലയിൽ മൽസരിക്കാനുള്ള ആയുധമായി ഉപയോഗിക്കുന്ന പ്രവണത ചരക്ക് സേവന നികുതി നിലവിൽ വരുന്നതോടെ ഏറെക്കുറെ ഇല്ലാതാകും. കാരണം, തങ്ങളുടെ നിലനില്പിന് സംഘടിത മേഖലയുടെ ഭാഗമാകുന്നതാണ് നല്ലതെന്ന് അവർ തിരിച്ചറിയുക തന്നെ ചെയ്യും. നികുതി വ്യവസ്ഥയ്ക്ക് പുറത്തുള്ള വരുമായി ഇടപാടുകളിൽ ഏർപ്പെടാൻ സംഘടിത മേഖലയിലുള്ളവർ തയ്യാറായേക്കില്ല. ഇങ്ങനെ നികുതിദായകരുടെ എണ്ണത്തിൽ ഉണ്ടായേക്കാവുന്ന വൻ വർദ്ധനവാണ് ചരക്ക് സേവനനികുതിയുടെ ഒരു പ്രധാന നേട്ടം.

കേരളം പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം (E-Commerce) വലിയൊരു ഭീഷണിയായി തീർന്നിട്ടുണ്ട്. ഉൽഭവസ്ഥാനത്ത് നികുതി വസൂലാക്കുന്ന ഇന്നത്തെ നികുതി വ്യവസ്ഥയിൽ ഇങ്ങനെ വിൽക്കപ്പെടുന്ന ചരക്കുകളുടെ നികുതി മറ്റ് സംസ്ഥാനങ്ങൾക്കാണ് ലഭിക്കുന്നത്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനത്ത് (Destination) നികുതി ലഭിക്കുന്ന വ്യവസ്ഥയായതു കൊണ്ട് ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം മൂലമുണ്ടാകുന്ന നികുതി നഷ്ടം ഏറെക്കുറെ പരിഹരിക്കപ്പെടും. വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നികുതി ഭരണം തന്നെയാണ് ചരക്ക് സേവന നികുതിയിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്ന വരുമാന വർദ്ധനവിന്റെ അടിസ്ഥാനം.

**2. സാമ്പത്തിക വളർച്ച**

നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (NCAER) നടത്തിയ പഠനം സൂചിപ്പിക്കുന്നത് ചരക്ക് സേവനനികുതി നടപ്പാക്കുന്നതു കൊണ്ടു മാത്രം 0.9% മുതൽ 1.7% വരെ സാമ്പത്തിക വളർച്ച ഉണ്ടാകുമെന്നാണ്. കയറ്റുമതിയുടെ മേൽ ഉള്ള 'നികുതിക്ക് മേൽ നികുതി' (cascading) ഒഴിവാകുന്നതു മൂലമാണിത്. ഇന്ത്യ 'ഇന്ത്യയിൽ തന്നെ നിർമ്മിക്കുക' എന്ന പരിപാടിക്ക് തുടക്കം കുറിച്ചെങ്കിലും അത് വലിയൊരു സംഭവമാകാത്തതിന്റെ പിന്നിലെ ഒരു കാരണം നമ്മുടെ സങ്കീർണ്ണമായ പരോക്ഷ നികുതി വ്യവസ്ഥയാണ്. ഇത് രാജ്യത്തെ ഒരു പൊതു വിപണിയാക്കി മാറ്റുന്നതിനു പകരം സംസ്ഥാനാടിസ്ഥാനത്തിൽ പലവിപണികളാക്കി വിഭജിക്കുകയാണ് എന്ന അരവിന്ദ് സുബ്രഹ്മണ്യൻ കമ്മിറ്റിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ഇത് ബിസിനസ്സ് ചെയ്യുന്നതിന്റെ ചെലവ് വർദ്ധിപ്പിച്ച് സംരംഭകരെ നിരുന്മേഷകരാക്കുന്നു. ബിസിനസ്സുകാർക്ക് പെട്ടെന്ന് കാര്യങ്ങൾ നടക്കുന്നതും തീരുമാനമെടുക്കൽ പ്രക്രിയ സുഗമമാക്കുന്നതുമായ പ്രവചനീയമായ ഒരു നികുതി വ്യവസ്ഥയാണ് വേണ്ടത്. ഇന്ത്യയുടെ നിലവിലെ പരോക്ഷ നികുതി വ്യവസ്ഥ ഇന്ത്യയിലെ ഉൽപാദകരെ പിൻതുണയ്ക്കുന്നതിനു പകരം ഇറക്കുമതി പ്രോത്സാഹിപ്പിക്കുകയാണെന്ന് അരവിന്ദ് സുബ്രഹ്മണ്യൻ കമ്മിറ്റി കുറ്റപ്പെടുത്തി. ചരക്ക് സേവന നികുതി ഇത് പരിഹരിച്ച് ആഭ്യന്തര ഉൽപാദനം പ്രോത്സാഹിപ്പിക്കും. ഇത് സംഭവിക്കുന്നത് പല വഴികളിലൂടെയാണ്. നികുതിക്കു മേൽ നികുതി ഒഴിവാകുന്നതോടെ ഉൽപാദന ചെലവ് വർദ്ധിക്കുന്നതിന്റെ നിരക്ക് കുറയും. ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുന്നതോടെ ചരക്ക് ഗതാഗതത്തിന്റെ വേഗം വർദ്ധിക്കും. ഇതും ഉൽപാദന ചെലവിൽ കുറവുണ്ടാക്കും. ചരക്ക് സേവന നികുതി ആദ്യവർഷങ്ങളിൽ സാമ്പത്തിക വളർച്ച കുറെ മന്ദീഭവിച്ചേക്കാമെങ്കിലും

പുതിയ നികുതി സമ്പ്രദായത്തിന്റെ സദ്ഫലം സമ്പദ് വ്യവസ്ഥയുടെ എല്ലാ തലങ്ങളിലേക്കും എത്തുന്നതോടെ സാമ്പത്തിക വളർച്ച ദ്രുതഗതിയിലാകും. വികസിത രാജ്യങ്ങളുടെ അനുഭവം അതാണ് കാണിക്കുന്നത്. സാമ്പത്തിക വളർച്ചയുടെ ചലനാത്മകത സാധാരണ ജനങ്ങളുടെ വരുമാന-ഉപഭോഗ വർദ്ധനവിലേക്ക് നയിക്കുന്നതോടെ വ്യാവസായിക വളർച്ച കൂടുതൽ ശക്തമാകും. കാരണം, ആഭ്യന്തര വിപണി തന്നെയാണ് വ്യാവസായിക വളർച്ചയ്ക്ക് എപ്പോഴും ആശ്രയിക്കാവുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനം വർദ്ധിക്കുന്നതോടെ അടിസ്ഥാന മേഖലകളിൽ കൂടുതൽ മുതൽമുടക്കാനാവും. ഇതും ആത്യന്തികമായി 'ഇന്ത്യയിൽ ഉൽപാദിപ്പിക്കുക' എന്ന മുദ്രാവാക്യത്തിന്റെ വിജയത്തിന് കരുത്തേകും.

### 3. ചരക്ക് സേവന നികുതി വില വർദ്ധനവിന് കാരണമാകുമോ?

ചരക്ക് സേവനനികുതി വിലവർദ്ധനവിന് കാരണമായേക്കും എന്ന ഭീതി ശക്തമാണ്. ചരക്ക് സേവന നികുതി നടപ്പിലാക്കിയ മിക്ക രാജ്യങ്ങളിലും തുടക്കത്തിൽ വില വർദ്ധനവ് അനുഭവപ്പെട്ടിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചടത്തോളം വിലവർദ്ധനവ് ഉണ്ടാവുമോ എന്നത് വലിയൊരളവോളം നികുതി നിരക്കിനെ തന്നെയാണ് ആശ്രയിച്ചിരിക്കുന്നത്. കുറഞ്ഞ നിരക്ക് 12%വും പൊതു നിരക്ക് 18% ആയി നിശ്ചയിച്ചാൽ വലിയ പണപ്പെരുപ്പം ഉണ്ടാവുകയില്ല എന്നാണ് കരുതപ്പെടുന്നത്. പക്ഷേ പൊതുനിരക്ക് 18% നും 22%നും ഇടയിലായാൽ അത് താല്ക്കാലികമായെങ്കിലും വില വർദ്ധനവിന് കാരണമായേക്കാം. വിലവർദ്ധനവിലേക്ക് നയിച്ചേക്കാവുന്ന മറ്റൊരു കാര്യം സേവനങ്ങൾക്കു മേലുള്ള നികുതിനിരക്ക് നിലവിലെ 15% ത്തിൽ നിന്നും തീർച്ചയായും ഉയരും എന്നതാണ്. ഇന്ത്യയുടെ ദേശീയ വരുമാനത്തിൽ 60%ന് മേൽ സംഭാവന ചെയ്യുന്ന സേവന മേഖലയുടെ നികുതി ഭാരം വർദ്ധിക്കുന്നത് കുറേയൊക്കെ വിലവർദ്ധനവിലേയ്ക്ക് നയിച്ചേക്കാം. എന്നാൽ ഇവിടെയും സേവനമേഖലയുടെ മേലുള്ള നികുതിനിരക്ക് ചരക്കുകളേക്കാൾ കുറച്ചുനിർത്തി പണപ്പെരുപ്പത്തിന്റെ സാദ്ധ്യത കുറയ്ക്കാം.

വില വർദ്ധിക്കാനുള്ള മറ്റൊരു കാരണം നികുതിവെട്ടിപ്പ് കുറയുന്നതാണ്. നിലവിലെ പരോക്ഷ നികുതിവ്യവസ്ഥയിൽ നികുതി ഒഴിവാകലും നികുതി വെട്ടിപ്പും വ്യാപകമാണ്. വിപണിയിലെ മൽസരത്തിന്റെ ബലാബലമനുസരിച്ച് നികുതിവെട്ടിപ്പിന്റെ പ്രയോജനം ഏറിയും കുറഞ്ഞും ഉപഭോക്താക്കളും വ്യാപാരികളും തമ്മിൽ പങ്കിടപ്പെടുന്നു എന്നത് രഹസ്യമൊന്നുമല്ല. നികുതി വെട്ടിപ്പിന്റെ പഴുതുകൾ അടച്ചുകൊണ്ടുള്ള ചരക്ക് സേവനനികുതി വ്യവസ്ഥയിൽ നികുതി ഉപഭോക്താക്കളിലേയ്ക്ക് കൈമാറാൻ വ്യാപാരികൾ നിർബന്ധിതരാകും. ഇത് ഒരു പരിധി വരെ വിലവർദ്ധനവിന് കാരണമായേക്കാം. പെട്രോളും പെട്രോളിയം ഉൽപന്നങ്ങളും ചരക്ക് സേവന നികുതിയുടെ പരിധിക്ക് പുറത്തായതും വില വർദ്ധനവിനെ സഹായിക്കുന്നതാണ്. ഗതാഗത മേഖലയുടെ പ്രധാന അസംസ്കൃത വസ്തുവായ ഈ ഉൽപന്നങ്ങൾ പല വ്യാവസായിക ഉൽപന്നങ്ങളുടേയും അസംസ്കൃത വസ്തുവാണ്. ഒരു പക്ഷേ സമീപഭാവിയിൽ ഇവ ചരക്ക് സേവനനികുതിയുടെ പരിധിയിൽ കൊണ്ടുവന്ന് ഈ അവഭ്രംശം പരിഹരിക്കാൻ കഴിഞ്ഞേക്കും. ഒരു കാര്യം തീർച്ചയാണ്, ചരക്ക് സേവന നികുതിയുടെ പ്രഭാവം പൂർണതോതിൽ നമ്മുടെ സമ്പദ് വ്യവസ്ഥയിൽ അനുഭവവേദ്യമാകുന്നതോടെ വിലവർദ്ധനവിന്റെ നിരക്ക് തുടർച്ചയായി കുറഞ്ഞുവരും.

### 4. ചരക്ക് സേവന നികുതിയും കേന്ദ്ര സംസ്ഥാന ബന്ധങ്ങളും

അമേരിക്കൻ ഐക്യനാടുകളിലെ സംസ്ഥാനങ്ങൾ അനുഭവിക്കുന്ന ധനകാര്യ സ്വയംഭരണാവകാശം ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചു നല്കിയിട്ടില്ല. എന്നിരുന്നാലും വലിയൊരളവോളം ധനകാര്യ സ്വയംഭരണാവകാശം ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് ഉണ്ട്. ചരക്ക് സേവന നികുതി സംസ്ഥാനങ്ങളുടെ പരിമിതമായ സ്വയംഭരണാധികാരങ്ങൾ കൂടി ഇല്ലാതാക്കുമോ എന്ന ഭീതി സംസ്ഥാനങ്ങളുടെ ഇടയിലുണ്ട്. കാരണം നികുതിനിരക്കുകളിൽ ഏകീകരണം വരുന്നതോടെ നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് അധിക വരുമാനം കണ്ടെത്താനാവാതെ വരും എന്ന വാദത്തിൽ കുറേ കഴമ്പുണ്ട്. പക്ഷേ ഇവിടെ ഓർക്കേണ്ട

ഒരു കാര്യമുണ്ട്. സംസ്ഥാനങ്ങൾക്ക് നികുതി നിരക്കുകളുടെ മേൽ പൂർണ്ണമായ അധികാരമുണ്ടായിരുന്ന കാലത്ത് നികുതിനിരക്കുകൾ കുറച്ചുവച്ച് അതിർത്തിക്ക് അപ്പുറത്തുനിന്നും ഉപഭോക്താക്കളെയും വ്യാവസായിക മുതൽമുടക്കിനെയും ആകർഷിക്കാൻ സംസ്ഥാനങ്ങൾ തമ്മിൽ മത്സരിക്കുകയായിരുന്നു. അതിന്റെ ഫലമായി എല്ലാവർക്കും നികുതി നഷ്ടം ഉണ്ടാകുന്ന സ്ഥിതിവിശേഷം സംജാതമായി. ഭരണഘടന സംസ്ഥാനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള മറ്റ് നികുതി സ്രോതസ്സുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുക എന്നതായിരിക്കും ഇവിടെ കരണീയമായിട്ടുള്ളത്. സ്വയംഭരണാധികാരം സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണെങ്കിലും ആ ഒറ്റ കാരണം കൊണ്ടു മാത്രം ചരക്ക് സേവനനികുതിയുടെ ബഹുമുഖമായ പ്രയോജനങ്ങളെ അവഗണിക്കാനാവുകയില്ല. ചരക്ക് സേവനനികുതിയുടെ പുരോഗതി മന്ദഗതിയിലായി പോയതിന്റെ ഒരു പ്രധാന കാരണം തന്നെ ഇക്കാര്യത്തിലുള്ള സംസ്ഥാനങ്ങളുടെ ആശങ്കയാണ്. ചരക്ക് സേവനനികുതി കൗൺസിലിന് സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലും സംസ്ഥാനങ്ങൾ തമ്മിൽതമ്മിലും അനുരഞ്ജനമുണ്ടാക്കുന്നതിൽ വലിയൊരു പങ്കുണ്ട്.

ചരക്ക് സേവനനികുതിയുടെ സദ്ഫലങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും ലഭിക്കുക ഒരുപോലെ ആയിരിക്കുകയില്ല. നികുതി വരുമാനത്തിന്റെ കാര്യത്തിലും വളർച്ചയുടെ കാര്യത്തിലും ചില സംസ്ഥാനങ്ങൾ മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നേറാൻ സാദ്ധ്യതയുണ്ട്. ഇത് സംസ്ഥാനങ്ങൾ തമ്മിലുള്ള അസമത്വം വർദ്ധിപ്പിച്ചേക്കാം. ഈ അസമത്വം പരിഹരിക്കുക എന്ന പരമപ്രധാനമായ കടമ ഭാവിയിലെ കേന്ദ്ര ധനകാര്യ കമ്മീഷനുകൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

## ഉപസംഹാരം

ഇന്ത്യയെപ്പോലെ വൈവിദ്ധ്യമാർന്ന ഒരു രാജ്യത്ത് ചരക്ക് സേവനനികുതി നടപ്പിൽ വരുത്താൻ കഴിയുക എന്നതു തന്നെ ഒരു വലിയ നേട്ടമാണ്. നമ്മുടെ രാജ്യത്തിന്റെ സങ്കീർണ്ണതകൾ പരിഗക്കുമ്പോൾ എല്ലാവിധത്തിലും ലക്ഷണമൊത്ത ഒരു ചരക്ക് സേവനനികുതി സമ്പ്രദായം ഏറെക്കുറെ അസാദ്ധ്യമായിരിക്കും. ചില ഒത്തുതീർപ്പുകളോടെ നടപ്പിലാക്കുന്ന വ്യവസ്ഥയ്ക്ക് അതിന്റേതായ പരിമിതികൾ തീർച്ചയായും ഉണ്ടാവും. ലക്ഷണമൊത്ത ചരക്ക് സേവന നികുതിയുടെ അഭാവത്തിൽ അതിന്റെ സദ്ഫലങ്ങൾക്കും പരിമിതിയുണ്ടാകും. പക്ഷേ അനുഭവത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു പോവുകയേ നിവൃത്തിയുള്ളൂ. ചരക്ക് സേവന നികുതി കാലക്രമേണ കുറ്റമറ്റതാക്കാൻ രാജ്യത്തിന് കഴിയും. ചരക്കു സേവന നികുതിയുടെ പൂർണ്ണമായ പ്രയോജനം രാജ്യത്തിന് ലഭിക്കാതെ പോകുന്നതിന് മറ്റൊരു കാരണം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കൂടിയാണ്. വൈദ്യുതി, റോഡ്, റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ രാജ്യത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിൽ ചരക്ക് സേവനനികുതി നല്കുന്ന അധിക നികുതി വരുമാനത്തിന് വലിയ പങ്കുവഹിക്കാനാവും.

*(ലേഖകൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഫാക്കൽറ്റിയംഗമാണ്)*

**വിജ്ഞാനപാത**

### ആഗോള നവീകരണ സൂചിക (GII) യിൽ ഇന്ത്യ 66-ാമത്

അന്താരാഷ്ട്ര ബൗദ്ധികാവകാശ സംരക്ഷണ സംഘടന (WIPO) പുറത്തിറക്കിയ ആഗോള നവീകരണ സൂചിക-2016 (Global Innovation Index, GII) ൽ ഇന്ത്യ 66-ാമത്. മുൻ വർഷത്തെ 81-ാം സ്ഥാനത്തു നിന്നും 15 സ്ഥാനം മെച്ചപ്പെടുത്തിയാണ് ഈ നേട്ടം. സൂചികയിൽ സ്വിറ്റ്സർലൻഡ്, സ്വീഡൻ, ബ്രിട്ടൺ എന്നിവയാണ് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ. ഇന്നൊവേഷൻ സംബന്ധമായ 80 ഘടകങ്ങളാണ് GII യുടെ മാനദണ്ഡം. വിദ്യാഭ്യാസം, വ്യവസായം, സോഫ്റ്റ്‌വെയർ കയറ്റുമതി, വിപണികളിലെ അടിസ്ഥാന സൗകര്യം എന്നീ രംഗങ്ങളിലുണ്ടായ മെച്ചപ്പെട്ട വളർച്ചയാണ് ഇന്ത്യയുടെ GII സ്ഥാനം മെച്ചപ്പെടുത്താൻ സഹായകമായത്.

# കസ്റ്റംസ് : സാമ്പത്തികാതിർത്തിയുടെ കാവലാളുകൾ

**അനീഷ് രാജൻ ഐആർഎസ്**

ഇന്ത്യയിലെ മുഖ്യ നികുതി സമ്പാദന ഘടനയെ പ്രത്യക്ഷ നികുതി (Direct Taxes) പരോക്ഷ നികുതി (Indirect Taxes) എന്നിങ്ങനെ രണ്ടായി തിരിക്കാവുന്നതാണ്. ഇതിലാദ്യത്തേത് വരുമാന നികുതിയുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, പരോക്ഷ നികുതി കേന്ദ്ര എക്സൈസ് തീരുവ, കസ്റ്റംസ് തീരുവ, സേവന നികുതി എന്നിവയെ സൂചിപ്പിക്കുന്നു. ഇതിൽത്തന്നെ കസ്റ്റംസ് നികുതിയാണ് താരതമ്യേന സാധാരണ ജനങ്ങൾ ഏറ്റവുമധികം കേട്ടിരിക്കാനോ വായിച്ചിരിക്കാനോ സാധ്യത. കാരണം കസ്റ്റംസ് കേവലം നികുതി മാത്രമല്ല, അത് രാജ്യത്തിനകത്തുള്ള ചരക്കുനീക്കത്തേയും ആഭ്യന്തര സുരക്ഷയേയും സമ്പദ്ഘടനയുടെ വിനിമയ മൂല്യത്തേയുമൊക്കെ ഒരുപോലെ സ്വാധീനിക്കുന്ന പ്രധാന ഭരണ-നിയമ സംവിധാനം കൂടിയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് കസ്റ്റംസ് നികുതിയുടെ സമാഹരണം. ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ ലിസ്റ്റ് ഒന്നിൽ 83-മത്തെ ഇനമായിട്ടാണ് ഇറക്കുമതി-കയറ്റുമതിക്ക് നികുതി ചുമത്താനുള്ള കേന്ദ്ര ഗവണ്മെന്റിന്റെ അധികാരത്തെപറ്റി പ്രതിപാദിക്കുന്നത്. ഇതിൻപ്രകാരം കേന്ദ്ര ധനമന്ത്രാലയത്തിൻ കീഴിലുള്ള റവന്യൂ വിഭാഗത്തിലെ കേന്ദ്ര എക്സൈസ്-കസ്റ്റംസ് ബോർഡ് ആണ് കസ്റ്റംസ് നികുതി സമാഹരണത്തിന് മേൽനോട്ടം വഹിക്കുന്നത്. പ്രധാന കസ്റ്റംസ് നിയമനിർവ്വഹണങ്ങൾ താഴെ പറയുന്നവയാണ്.

- കസ്റ്റംസ് നിയമം 1962 പ്രകാരം ഇറക്കുമതി-കയറ്റുമതികളിന്മേലുള്ള നികുതി സമാഹരണം.
- ഇറക്കുമതി-കയറ്റുമതി ചരക്കുകൾ, പോസ്റ്റൽ ഉരുപ്പടികൾ, അന്താരാഷ്ട്ര യാത്രക്കാരുടെ ബാഗേജ്, കപ്പൽ-വിമാന ആഗമന-നിർഗമനം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളുടെ നിർവ്വഹണവും ഏകോപനവും.
- ഇറക്കുമതിയും കയറ്റുമതിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളുടേയും നിരോധനങ്ങളുടേയും കാര്യക്ഷമവും അനസ്യൂതവുമായ നടത്തിപ്പ്.
- സ്വർണ്ണം, മയക്കുമരുന്ന് മറ്റ് നിരോധിത വസ്തുക്കൾ എന്നിവയുടെ കള്ളക്കടത്ത് നിർവ്യാപനം.

രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ കാത്തുസൂക്ഷിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നത് കസ്റ്റംസ് വകുപ്പാണ്. അതുകൊണ്ടു തന്നെ ഈ വിഭാഗത്തെ രാജ്യത്തിന്റെ സാമ്പത്തികാതിർത്തിയുടെ കാവലാളുകൾ (Soldiers of Economic Frontiers) എന്നു തന്നെ വിശേഷിപ്പിക്കാം. രാജ്യത്തിനകത്തേക്കും പുറത്തേക്കുമുള്ള ചരക്കുനീക്കത്തിന്റെ നിയന്ത്രണത്തിന്റേയും നികുതി സമാഹരണത്തിന്റേയും ഭാഗമായി നികുതിയേതരമായ നിരവധി ഗവണ്മെന്റ് സ്ഥാപനങ്ങളുമായി കസ്റ്റംസ് സമ്പർക്കം പുലർത്തുന്നുണ്ട്. തുറമുഖ വകുപ്പ്, ഭക്ഷ്യസുരക്ഷ ഏജൻസികൾ, അതിർത്തി-വ്യവസായ സംരക്ഷണ സേനകൾ, സംസ്ഥാന നികുതി-സുരക്ഷാ ഏജൻസികൾ, തപാൽ വകുപ്പ്, അന്താരാഷ്ട്ര കസ്റ്റംസ് ഏജൻസികൾ തുടങ്ങി അസംഖ്യം സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലൂടെയാണ് കസ്റ്റംസിന്റെ കാര്യക്ഷമത സഫലീകരിക്കപ്പെടുന്നത്.

1975ലെ കസ്റ്റംസ് താരിഫ് ആക്ടിൽ രണ്ടു ഷെഡ്യൂളുകളിലായിട്ടാണ് തീരുവ ചുമത്തപ്പെടുന്ന ഇനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഷെഡ്യൂളിൽ വിവിധ ഇറക്കുമതി ഇനങ്ങളുടെ വർഗീകരണം അന്താരാഷ്ട്ര തലത്തിനനുസൃതമായി വിശദീകരിച്ചിരിക്കുന്നു. രാജ്യാന്തര തലത്തിലെ വിനിമയ വ്യവഹാരത്തിൽ ഏകീകൃത ചരക്കു വർഗീകരണം (Harmo-

nized System of Commodity Classification) തന്നെയാണ് ഇന്ത്യയിലും അവലംബിച്ചിരിക്കുന്നത്. ഇറക്കുമതിച്ചുങ്കം, ഒന്നുകിൽ അളവ്/തൂക്കം എന്നിവയനുസരിച്ച് നിശ്ചിത (Specific) മായും അല്ലെങ്കിൽ ഇറക്കുമതി വസ്തുക്കളിന്മേലുള്ള മൂല്യത്തിന്റെ ശതമാന (Ad-raloren) മായും ഏർപ്പെടുത്തിയിരിക്കുന്നു. ചില സന്ദർഭങ്ങളിൽ ഇവ രണ്ടുമൊരുമിച്ച് (Specific and Ad-raloren) ചുമത്താറുണ്ട്. എങ്കിലും മുഖ്യമായും മൂല്യത്തിനനുസൃതമായ തീരുവയാണ് ഏറ്റവുമധികം ചുമത്തപ്പെടുന്നത്. ഇത്തരത്തിൽ ചരക്കുകളിന്മേലുള്ള ഇറക്കുമതി മൂല്യനിർണ്ണയത്തിന്, ഇപ്പോൾ WTO മൂല്യനിർണയ കരാർ (WTO Valuation Agreement) എന്നറിയപ്പെടുന്ന, ഗാട്ട് (GATT) മൂല്യനിർണയ രീതിയാണ് അവലംബിച്ചുപോരുന്നത്. കയറ്റുമതി അർഹതയുള്ള ഇനങ്ങളും കയറ്റുമതി നിരക്കുമാണ് രണ്ടാം ഷെഡ്യൂൾ കൈകാര്യം ചെയ്യുന്നത്.

## കസ്റ്റംസ് നികുതി മൂല്യനിർണയം

ഇറക്കുമതി ചരക്കുകളിന്മേലുള്ള നികുതി നിർണ്ണയം പൂർണ്ണമായും ഷിപ്പിംഗ് മൂല്യ (Shipping value) ത്തെ അധികരിച്ചാണ് നടത്തുന്നത്. ഇറക്കുമതി ഇനത്തിന്റെ ചെലവ്, ചരക്കുകൂലി (cost of frieght), ഇൻഷ്വറൻസ് ചെലവ് എന്നിവ ചേർന്നതാണ് മേൽപറഞ്ഞ ഷിപ്പിംഗ് മൂല്യം. നികുതി കൂടാതെ ലാൻഡിംഗ് ചാർജ്ജുകൾ, കൗണ്ടർ വെയ്‌ലിംഗ് (counterveiling duty) നികുതി, ആന്റി ഡംപിംഗ് (Antidumping) നികുതി എന്നിവയും ഇറക്കുമതി ചരക്കുകളിന്മേൽ ചുമത്താവുന്നതാണ്.

കസ്റ്റംസ് തീരുവയുടെ ഏറ്റക്കുറച്ചിലുകളാണ് രാജ്യത്തിന്റെ ആഭ്യന്തര വിപണിയുടെ ചലനാത്മകതയെ പലപ്പോഴും പിടിച്ചുനിർത്തുന്നത്. ഇന്ത്യൻ സമ്പദ്ഘടനയുടെ രൂപപരിണാമത്തിൽ, വിശേഷിച്ച് 1990കൾക്ക് ശേഷം, രൂപയുടെ വിനിമയ മൂല്യവും നികുതി നിരക്കും വിപ്ലകരമായ മാറ്റങ്ങളിലൂടെയാണ് കടന്നുപോയത്. തീർത്തും അടഞ്ഞ (insulated) കമ്പോളമായി അന്നേവരെ (1990കൾ) ഇന്ത്യ നിലനിന്നത് ഇന്ന് ആലോചനാതീതമായ രീതിയിലുള്ള നികുതിനിരക്കു മൂലമായിരുന്നു. ഇറക്കുമതി നിരക്കുകൾ നൂറും ഇരുന്നൂറും മുന്നൂറും ശതമാനമായിരുന്നു അക്കാലത്ത്. ചെറിയ ഇലക്ട്രോണിക് വസ്തുക്കൾ പോലും കള്ളക്കടത്ത് നടത്തുമായിരുന്നുവെന്നോർക്കുക. ഇന്ത്യയുടെ കയറ്റുമതി രംഗം തുലോം ദുഷ്കരമാകുകയും ആഭ്യന്തര ഉല്പാദനം കുറയുകയും ഇറക്കുമതി കൂടുകയും ചെയ്ത സങ്കീർണ്ണാവസ്ഥയിലാണ് തൊണ്ണൂറുകളിൽ ഇന്ത്യൻ കമ്പോളം ആഗോളവത്കൃതമാക്കുന്നതിനായി തുറന്നുകൊടുത്തത്. കയറ്റുമതിയേക്കാളേറെ ഇറക്കുമതി സാരമായി ബാധിച്ചത് ഇന്ത്യയുടെ തിരിച്ചടവ് ശേഷിയെക്കൂടിയാണ് (Balance of payment).

ആഗോള വ്യാപാരം കർശനവും ക്രമാതീതവുമായ ഇറക്കുമതി തീരുവയും നിയന്ത്രണങ്ങളും കൊണ്ട് പ്രതികൂലാവസ്ഥയിലായപ്പോൾ, ആഭ്യന്തര വിപണി 'ഇൻസ്പെക്ടർ രാജ്' എന്ന് വിശേഷിപ്പിക്കപ്പെട്ട കടുത്ത ഉത്പാദന നിയന്ത്രണ നിയമങ്ങളാൽ വളർച്ച മുരടിച്ച അവസ്ഥയിലായി. ഇതിൽ നിന്നുള്ള കരകയറ്റം ത്രിമുഖ നയത്തിലൂടെയാണ് സാധ്യമായത്. അന്നേവരെ നിലനിന്നിരുന്ന കടുത്ത നികുതി/ചുങ്ക നിരക്കുകൾ കുറയ്ക്കുക, രൂപയുടെ മൂല്യം കുറയ്ക്കുക, ആഭ്യന്തര വിപണിയിൽ നിന്നു കർശന നിയന്ത്രണങ്ങൾ എടുത്തു കളയുക എന്നിങ്ങനെയുള്ള ഉദാര സാമ്പത്തിക നയങ്ങൾ കസ്റ്റംസ് വകുപ്പിനെ അതിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാന പരിവർത്തനത്തിലേക്ക് നയിച്ചു.

ഇറക്കുമതി ചെയ്യാവുന്ന ഇനങ്ങളിന്മേലുള്ള പല നിയന്ത്രണങ്ങളും 90കൾക്കു ശേഷം എടുത്തുമാറ്റപ്പെട്ടു. നൂറോ അതിലധികമോ ശതമാനമായിരുന്ന ഇറക്കുമതിത്തീരുവയിൽ വിപ്ലവകരമായി ഇളവുകൾ അനുവദിക്കപ്പെട്ടു. രാജ്യത്തിനകത്തേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന വസ്തുക്കളുടെ വൈവിധ്യത്തിലും അളവിലും വൻ കുതിച്ചുച്ചാട്ടമാണ് പിന്നീട് നാം കണ്ടത്. ആഭ്യന്തര ഉത്പാദനക്ഷമതയുടെ വർദ്ധനവും കയറ്റുമതി പ്രോത്സാഹനവും ഇതോടൊപ്പം കസ്റ്റംസിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നായി മാറിയിരുന്നു. വിദേശ വ്യാപാര നയ (Foreign Trade Policy) ത്തിനനുസൃതമായ കയറ്റുമതി പ്രോത്സാഹന പദ്ധതികൾക്ക് (Export Promotion Schemes) കസ്റ്റംസ് വകുപ്പ് നേരിട്ട് മേൽനോട്ടം വഹിക്കുന്നുണ്ട്. കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി ക്രമാനുഗതമായ വികാസമാണ് ഇന്ത്യൻ കയറ്റുമതി രംഗം കൈവരിച്ചത്. കയറ്റുമതി ഉത്പാദനത്തിനാവശ്യമായ, സാധന സാമഗ്രികളുടേയും സേവനങ്ങളുടേയും ഇറക്കുമതി തീരുവയിൽ കൊടുക്കുന്ന ഇളവ് (duty free imports related

to Export Production) മേൽപ്പറഞ്ഞ തരത്തിലുള്ള പദ്ധതികളിലൊന്നാണ്. അതുപോലെ ആഭ്യന്തര ഉത്പാദനത്തിനാവശ്യമായ മൂലധന (Capital Goods) സംവിധാനങ്ങളും മറ്റും നികുതി രഹിതമായി ഇറക്കുമതി ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ഇറക്കുമതി തീരുവ ഇളവ് ലഭിക്കുന്നവർ നിശ്ചിത വർഷങ്ങൾക്കകം ലഭിച്ച ഇളവിന്റെ നിശ്ചിത മടങ്ങിൽ കയറ്റുമതി നടത്തണമെന്നു വ്യവസ്ഥയുണ്ട്. അതായത് തീരുവയില്ലാതെ ഇറക്കുമതി നടത്തണമെങ്കിൽ കയറ്റുമതി ഒരു നിയമ സാധ്യതയാണ് എന്നർത്ഥം. EPCG (Export Promotion Capital Goods) എന്നറിയപ്പെടുന്ന ഈ നയപ്രകാരം കയറ്റുമതിയിൽ വൻ വർദ്ധനവാണ് ഇക്കാലയളവിൽ നടന്നിട്ടുള്ളത്. ഇതു കൂടാതെ കയറ്റുമതിയ്ക്കായുള്ള ഉത്പന്നങ്ങൾക്കുമേൽ സംരംഭകൻ അടച്ച കേന്ദ്ര എക്സൈസ് തീരുവയും, ഇറക്കുമതി തീരുവയുടെ കയറ്റുമതി നടന്നതിനു ശേഷം തിരിച്ചുനൽകുന്ന നയവും കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി ഗവണ്മെന്റ് നടപ്പിൽവരുത്തിയിട്ടുണ്ട്. സാമാന്യമായി ഇത് നികുതി തിരിച്ചടവ് (Duty Drawback) എന്നറിയപ്പെടുന്നു. രാജ്യത്തു നിന്ന് "നികുതി കയറ്റുമതി" പാടില്ല എന്ന പ്രഖ്യാപിത നയത്തിന്റെ സാധൂകരണം കൂടിയാണ് ഇത്തരം പ്രോത്സാഹന ഇടപെടലുകൾ.

2016ലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ, കസ്റ്റംസ് ഉൾപ്പെടുന്ന പരോക്ഷ നികുതിയുടെ അനുക്രമമായ വളർച്ചയെ സൂചിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 2016 വരെ 3.36 ലക്ഷം കോടിയാണ് പരോക്ഷ നികുതിയിൽ നിന്നുള്ള വരുമാനം. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 27.5% കൂടുതലാണ്. 90,448 കോടി രൂപയാണ് മേൽപറഞ്ഞതിൽ കസ്റ്റംസ് നികുതിയുടെ പങ്ക്. സാമ്പത്തിക വർഷത്തിന്റെ ആദ്യപാതിയിൽ തന്നെ ഏകദേശം ഒരു ലക്ഷം കോടി വരെ നികുതി പിരിച്ചെടുക്കുന്ന കസ്റ്റംസിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതാണ്.

## കൊച്ചിൻ കസ്റ്റംസ്

കൊച്ചി തുറമുഖത്തെ കസ്റ്റംസ് വകുപ്പിന് ഒരു നൂറ്റാണ്ടിലധികം വരുന്ന ചരിത്രം പറയാനുണ്ടാകും. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ബ്രിട്ടീഷ് കൊച്ചിൻ എന്നറിയപ്പെട്ടിരുന്ന ഫോർട്ട് കൊച്ചിയായിരുന്നു വ്യാപാര-വിപണനത്തിന്റെ മുഖ്യ കേന്ദ്രം. പിന്നീട് റോബട്ട് ബ്രിസ്റ്റോവിന്റെ നേതൃത്വത്തിൽ മനുഷ്യനിർമിതമായ വില്ലിംഗ്ടൺ ഐലന്റിൽ 1956ലാണ് കസ്റ്റംസ് പ്രവർത്തനമാരംഭിച്ചത്. കൊച്ചിൻ തുറമുഖം, അന്താരാഷ്ട്ര വിമാനത്താവളം എന്നിവ വഴിയുള്ള ചരക്കുനീക്കവും, അന്തർദ്ദേശീയ യാത്രക്കാർക്കു ബാധകമായിട്ടുള്ള കസ്റ്റംസ് നിയമം നടപ്പിലാക്കലുമൊക്കെ കൊച്ചിൻ കസ്റ്റംസിന്റെ അധികാര പരിധിയിൽ പെടുന്നു.

2014-15 ൽ 1679.91 കോടി, 2015-16ൽ 2596.97 കോടി, നടപ്പു സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് വരെ 1119.48 കോടി എന്നിങ്ങനെയാണ് കൊച്ചിൻ കസ്റ്റംസ് സമാഹിച്ച നികുതി. 2009 മുതൽ 1300 കോടിയിൽ കുറയാതെ നികുതി സമാഹരിക്കുവാൻ കൊച്ചിൻ കസ്റ്റംസിനായിട്ടുണ്ട്. ഈ നിലയിൽ ഏറ്റവുമധികം വിഹിതം നൽകുന്നത് പെട്രോളിയം ഉത്പന്നങ്ങളുടെ ഇറക്കുമതിയാണ്. നിലവിൽ ഏറ്റവുമധികം നികുതി വരുമാനമുള്ള ഇറക്കുമതിയിനങ്ങളും നികുതിയും താഴെ പറയുന്നവയാണ്.

| കൊച്ചിൻ കസ്റ്റംസ് സമാഹരിച്ച ഇറക്കുമതി ഇനങ്ങൾ | 2016-17 (ആഗസ്റ്റ് വരെ) കോടി രൂപയിൽ |
|---|---|
| 1. പെട്രോളിയം ഉൽപന്നങ്ങൾ | 259.8 |
| 2. യന്ത്ര-പ്രോജക്ട് ഇറക്കുമതി | 56.72 |
| 3. സ്വർണ്ണം | 13.37 |
| 4. സിന്തറ്റിക് റബർ | 43.96 |
| 5. സെറാമിക് ടൈൽ | 14.67 |
| 6. ഇരുമ്പ്-സ്റ്റീൽ ഉൽപന്നങ്ങൾ | 21.38 |
| 7. എഥിലിൻ പോളിമർ | 10.14 |
| 8. ക്രൂഡ് ഓയിൽ | 21.78 |
| 9. മെഥനോൾ | 11.43 |
| 10. ആപ്പിൾ | 27.28 |

കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കൊച്ചിൻ കസ്റ്റംസ് 2016-17 വർഷത്തിൽ ആഗസ്റ്റ് വരെ ഏകദേശം 476 കോടി രൂപയുടെ നികുതിയിളവാണ് വിവിധ പദ്ധതികളുടെ ഭാഗമായി നൽകിയത്. അതുപോലെ തന്നെ നികുതി തിരിച്ചടവായി (duty drawback) 188 കോടിയോളം രൂപ കയറ്റുമതി സംരംഭകർക്ക് നൽകി.

കസ്റ്റംസ് വകുപ്പിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട മേഖലകളിലൊന്ന് കപ്പൽ തുറമുഖത്തെത്തുന്ന സമയം മുതൽ കസ്റ്റംസിന്റെ നിയന്ത്രണത്തിൽ നിന്നും ഇറക്കുമതി ചടങ്ങുകൾ പൂർത്തിയാക്കി നികുതിയടച്ചു പുറത്തേക്കെടുക്കുന്ന സമയ ദൈർഘ്യത്തിന്റെ ഏറ്റക്കുറച്ചിലുകളാണ്. ഇതിനെ ഡ്വെൽ (Dwell) സമയം എന്നാണ് പറയുക. തികച്ചും സാങ്കേതികമായി തോന്നാമെങ്കിലും "ഡ്വെൽ ടൈം" ഇന്ത്യയിലെയെന്നല്ല ഏതൊരു കസ്റ്റംസ് വകുപ്പിന്റേയും കാര്യക്ഷമതയെ നിർണയിക്കുന്ന ഘടകങ്ങളിലേറ്റവും പ്രധാനപ്പെട്ടതാണ്. ശരാശരി 3.1 ദിവസം എന്നതാണ് നിലവിൽ കൊച്ചിൻ കസ്റ്റംസിന്റെ ഡ്വെൽ ടൈം. ചരക്കുകൾ കരയ്ക്കടുത്ത ശേഷം എല്ലാ ഔദ്യോഗിക നടപടിക്രമങ്ങളും, മറ്റു വകുപ്പുകളുടേതുൾപ്പെടെ, കഴിഞ്ഞ് ഇറക്കുമതി ചെയ്യുന്നവരിലേക്കെത്തുവാൻ ശരാശരി 11.05 ദിവസമെടുക്കുമ്പോൾ ഇതിൽ കസ്റ്റംസ് എടുക്കുന്ന സമയമാണ് 3.1 ദിവസമെന്നത്.

കഴിഞ്ഞ 5 വർഷത്തിനിടയിൽ കള്ളക്കടത്ത്, നിയമവിരുദ്ധ ഇറക്കുമതി എന്നിവയിലായി 32 കോടിയോളം രൂപ വിലവരുന്ന 138ലധികം കേസുകൾ ഇവിടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിയമലംഘനത്തിലൂടെ കടത്തിക്കൊണ്ടു വരുന്ന വസ്തുക്കൾ പിടിച്ചെടുക്കുകയും അവ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്യുക എന്നതു കൂടി കസ്റ്റംസിന്റെ ചുമതലയാണ്. നികുതി സംരക്ഷണം കൂടാതെ രാജ്യത്തിന്റെ ജൈവ വൈവിധ്യ സംരക്ഷണം കൂടി ഈ വകുപ്പിന്റെ പരിധിയിൽ വരുന്നുണ്ട്. നിയമവിരുദ്ധമായി ജീവജാലങ്ങളെ ഇന്ത്യയിൽ നിന്നും കടത്തിക്കൊണ്ടു പോവാതിരിക്കാൻ അതീവ ജാഗ്രത കസ്റ്റംസ് ഉദ്യോഗസ്ഥർ പുലർത്തുന്നുണ്ട്. നക്ഷത്ര ആമകൾ, വിവിധയിനം ഉരഗങ്ങൾ എന്നിവയെ കടത്താൻ ശ്രമിക്കുന്നതു പലപ്പോഴും പരാജയപ്പെടുന്നത് കസ്റ്റംസിന്റെ നിതാന്ത ജാഗ്രത കൂടികൊണ്ടാണ്.

കസ്റ്റംസിന്റെ പ്രധാന വെല്ലുവിളികളിലൊന്ന് രാജ്യത്തിനകത്തേക്കുള്ള സ്വർണ്ണക്കടത്താണ്. നികുതിയടച്ചു ഒരു കിലോ സ്വർണ്ണം വരെ ആർക്കും കൊണ്ടുവരാമെങ്കിലും അന്തർദ്ദേശീയ സ്വർണ്ണക്കടത്തുകാർ നിയമലംഘനം തന്നെയാണ് പലപ്പോഴും അവലംബിക്കുന്നരീതി. കഴിഞ്ഞ 5 വർഷക്കാലയളവിൽ ഇതു സംബന്ധിച്ച് അഞ്ഞൂറോളം കേസുകളാണ് കൊച്ചിൻ കസ്റ്റംസ് രജിസ്റ്റർ ചെയ്തത്. ഇങ്ങിനെ കടത്തിക്കൊണ്ടു വരുന്ന സ്വർണ്ണം പരിപൂർണ്ണമായി സർക്കാരിലേക്ക് കണ്ടുകെട്ടുകയും ഖജനാവിലേക്ക് ചേർക്കുകയും ചെയ്യുന്നു.

കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ 2015–16ൽ ഇന്ത്യയിലേക്ക് വന്ന യാത്രക്കാർ 22 ലക്ഷത്തിലേറെവരും. ഇന്ത്യക്ക് പുറത്തേക്ക് സഞ്ചരിച്ചവരാകട്ടെ 23 ലക്ഷത്തിലധികവും. ഈ കണക്കുകൾ മതിയാവും കസ്റ്റംസിന്റെ ദൗത്യം എത്രമാത്രം ദുഷ്കരമാണ് എന്നു മനസ്സിലാക്കാൻ. അകത്തേക്കും പുറത്തേക്കുമായി (Inward and Outward) 28000ത്തോളം വിമാനങ്ങളാണ് 2015–16 കാലയളവിൽ പറന്നത്. അതിനാൽ തന്നെ ഗവണ്മെന്റിന്റെ ആദ്യ പ്രതീകമെന്നോണം കസ്റ്റംസ് രാജ്യത്തിന്റെ സാമ്പത്തികാതിർത്തിയുടെ കാവൽക്കാരാകേണ്ടി വരുന്നു.

ആഗോളവത്കരണം ഉദാരമാണെന്ന് ഒരു പക്ഷേ ഇന്ത്യക്കാരെ ബോധിപ്പിച്ച ഏറ്റവും പ്രധാന ഗവണ്മെന്റ് വകുപ്പ് പരോക്ഷ നികുതിയുടേതു തന്നെയാവും. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള വസ്തുക്കളും ഭക്ഷണ പാനീയങ്ങളും നിത്യനിദാനത്തിന്റെ ഭാഗമായിത്തീരുമ്പോൾ ഉദാരവും കാര്യക്ഷമവുമായ മറ്റൊരു ചരിത്രത്തിലേക്കാണ് കസ്റ്റംസ് നടന്നടുക്കുന്നത്.

*(കൊച്ചിൻ കസ്റ്റംസിൽ ഡപ്യൂട്ടി കമ്മീഷണറാണ് ലേഖകൻ)*

**വിജ്ഞാനപാത**

## നികുതിയിളവു നൽകി സ്വച്ഛ് ഭാരത് കോഷ് (Swachch Bharat Kosh) പദ്ധതി

ശുചിത്വ ഭാരത ദൗത്യത്തിന്റെ ഭാഗമാകാൻ വ്യവസായികളോടും വ്യക്തികളോടും ആഹ്വാനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി 2014 ഒക്ടോബർ 2-ന് തുടക്കം കുറിച്ച ധനസമാഹരണ പദ്ധതിയാണ് സ്വച്ഛ് ഭാരത് കോഷ് (SBK). 2019-ഓടെ രാജ്യത്തെ എല്ലാ നഗരങ്ങളും ഗ്രാമങ്ങളും സമ്പൂർണ ശുചിത്വം നേടുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിലേക്ക് നൽകുന്ന സംഭാവന ഐടി ആക്ട് 80 (G) പ്രകാരം 100% നികുതി ഇളവിന് അർഹമാണ്.




# ഫാറ്റ് ടാക്സ്: ഒരു വിവിധോദ്ദേശ്യ നികുതി

ഷേബ സൂസൻ ജോൺസ്, ഡോ. ജോർജി കെ.ഐ.

നൂതന ആശയങ്ങൾക്കും, വികസനോന്മുഖമായ മാറ്റങ്ങൾക്കും ആധുനിക ലോകം വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ട്. നികുതി മേഖലയും ഇതിൽ നിന്ന് വിഭിന്നമല്ല. കേരള സർക്കാർ ഈ വർഷം അവതരിപ്പിച്ച ബജറ്റിലൂടെ, ഫാറ്റ് ടാക്സ് (Fat tax) എന്ന വ്യത്യസ്തമായ ഒരു നികുതി സമ്പ്രദായം കേരള ജനതയ്ക്ക് പരിചിതമാവുകയാണ്. ഫാറ്റ് ടാക്സിന്റെ വരവോടെ മക്ഡൊണാൾഡ്സ്, പിസ്സ ഹട്ട്, ചിക്കിങ്ങ്, സബ്‌വേ തുടങ്ങിയ ബഹുരാഷ്ട്ര ഭക്ഷ്യ വിപണന കേന്ദ്രങ്ങൾ അവയുടെ കേരളത്തിലെ ശൃംഖലകൾ വഴി വില്ക്കുന്ന ബർഗർ, സാൻഡ്‌വിച്ച്, പിസ്സ തുടങ്ങിയ ഭക്ഷണസാധനങ്ങൾക്ക് 14.5% അധിക നികുതിയാണ് ഉപഭോക്താക്കൾ നൽകേണ്ടത്. പല പാശ്ചാത്യ രാജ്യങ്ങളും ഫാറ്റ് ടാക്സ് (അല്ലെങ്കിൽ സമാന സ്വഭാവമുള്ള നികുതികൾ) പരീക്ഷിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിൽ ഇതൊരു പുതിയ പരീക്ഷണമാണ്.

## എന്താണ് ഫാറ്റ് ടാക്സ്?

അധികഭാരമുള്ള വ്യക്തികൾക്കു മേലോ, കൊഴുപ്പിനു കാരണമായ ഭക്ഷണപാനീയങ്ങൾക്കു മേലോ ചുമത്തപ്പെടുന്ന നികുതിയാണ് ഫാറ്റ് ടാക്സ്. രണ്ടാം ലോക മഹായുദ്ധ കാലയളവിൽ, 1942-ൽ, അമേരിക്കൻ ശരീരശാസ്ത്രജ്ഞനായിരുന്ന എ.ജെ. കാൾസണാണ് ഫാറ്റ് ടാക്സ് എന്ന നികുതി ആശയം മുന്നോട്ടു വെച്ചത്. എന്നാൽ അമിത വണ്ണവുമായി (Obesity) ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്ന ലോക പ്രശസ്തനായ അമേരിക്കൻ ശാസ്ത്രജ്ഞനും, പ്രൊഫസറുമായ കെല്ലി ഡേവിഡ് ബ്രൗൺവെല്ലാണ് ഈ ആശയത്തിന് കൂടുതൽ പ്രചാരം നൽകിയത്.

## ഫാറ്റ് ടാക്സിന്റെ ലക്ഷ്യം

പിഗൂവിയൻ (Pigouian tax) എന്ന തരം നികുതിയിനത്തിൽപ്പെടുന്ന ഫാറ്റ് ടാക്സ്, വരുമാനത്തിനുള്ള ഒരു മാർഗമായല്ല കണക്കാക്കപ്പെടുന്നത്. മറിച്ച് കൊഴുപ്പു കൂടിയതും, എന്നാൽ പോഷകാംശം കുറഞ്ഞതും, സ്വാദിനായി കൃത്രിമ വസ്തുക്കൾ ചേർത്തിട്ടുള്ളതുമായ ഭക്ഷണപാനീയങ്ങളുടെ (Junk food) ഉപഭോഗം നിരുത്സാഹപ്പെടുത്തുക എന്നതാണ് പ്രധാനമായും ഫാറ്റ് ടാക്സ് കൊണ്ട് ലക്ഷ്യമിടുന്നത്.

ആരോഗ്യത്തിനു ദോഷകരമായ മേൽപ്പറഞ്ഞ ഭക്ഷണ പാനീയങ്ങളുടെ ഉപഭോഗം വ്യക്തികളിൽ അമിതവണ്ണം സൃഷ്ടിക്കും. ജീവിതശൈലീ രോഗങ്ങളായ (Lifestyle diseases) ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയവ അമിതവണ്ണത്തിന്റെ ഫലമാണ്. ഫാറ്റ് ടാക്സ് ചുമത്തപ്പെടുമ്പോൾ, വില വർധിക്കുന്ന (അനാരോഗ്യകരമായ) ഭക്ഷണ പാനീയങ്ങളുടെ ഉപഭോഗം പൊതുജനം കുറയ്ക്കുമെന്നും, ഇത് ആത്യ

ന്തികമായി ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുമെന്നും വിശ്വസിക്കപ്പെടുന്നു.

## ഫാറ്റ് ടാക്സിന്റെ കാലിക പ്രസക്തി

സുസ്ഥിര വികസനം ലക്ഷ്യം കാണുന്നതിന്റെ ഭാഗമായി ജനങ്ങളിൽ അമിതവണ്ണത്തിനു കാരണമാകുന്ന ഭക്ഷണപാനീയങ്ങൾക്കു മേൽ നികുതി ഏർപ്പെടുത്തി ലോകത്തെമ്പാടുമുള്ള ജനങ്ങൾക്കിടയിൽ ആരോഗ്യദായകമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് ലോകാരോഗ്യ സംഘടന (WHO), 2003-ൽ നിർദ്ദേശിക്കുകയുണ്ടായി. ലോകജനസംഖ്യയുടെ പകുതിയോളം, ദാരിദ്ര്യം അനുഭവിക്കുകയാണെന്നതും, ഒരു ദിവസം ഏതാണ്ട് 20000 ത്തോളം കുഞ്ഞുങ്ങൾ പട്ടിണിമൂലം മരണപ്പെടുന്നുവെന്നുള്ള WHOയുടെ കണക്കുകൾ ഫാറ്റ് ടാക്സ് ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തിന് പ്രസക്തി കൂട്ടുന്നു.

## ഫാറ്റ് ടാക്സ് പാശ്ചാത്യ രാജ്യങ്ങളിൽ

2011-ൽ ഡെൻമാർക്ക് 23%ത്തിൽ കൂടുതൽ പൂരിത കൊഴുപ്പ് (Saturated fat) അടങ്ങിയിട്ടുള്ള പാൽ, വെണ്ണ, പിസ്സ, ഇറച്ചി, എണ്ണ, സംസ്കരിച്ചെടുത്ത ഭക്ഷ്യ വസ്തുക്കൾ തുടങ്ങിയവയ്ക്കു മേൽ ഫാറ്റ് ടാക്സ് ചുമത്തുകയുണ്ടായി. 2012-ൽ ഹംഗറി അമിത അളവിൽ പഞ്ചസാരയും ഉപ്പും അടങ്ങിയിട്ടുള്ള ഭക്ഷണ പാനീയങ്ങൾക്കു മേൽ നികുതി ഏർപ്പെടുത്തി. ഫിൻലാൻഡ്, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളും ഇത്തരം വ്യത്യസ്ത രീതിയിലുള്ള നികുതികൾ പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

വടക്കേ അമേരിക്കൻ രാജ്യമായ മെക്സിക്കോ, ദോഷകരമായ ഭക്ഷണ പാനീയങ്ങൾക്കു മേൽ നികുതി ഏർപ്പെടുത്തി ജനങ്ങളുടെ ആഹാരരീതിയിൽ മാറ്റം കൊണ്ടുവന്നത് ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. അമേരിക്കൻ നഗരമായ ഫിലാഡൽഫിയ മധുരപാനീയങ്ങൾക്കു മേൽ സോഡാ ടാക്സ് (അഥവാ ഷുഗർ ടാക്സ്) 2017 മുതൽ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## ഇന്ത്യയും ഫാറ്റ് ടാക്സും

നവ ഉദാരീകരണ നയങ്ങൾക്കു ശേഷം ഇന്ത്യൻ ജനതയുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ, ജോലിസാഹചര്യങ്ങളും, ജീവിതരീതികളും മാത്രമല്ല മാറിയത്. ബഹുരാഷ്ട്ര ഭക്ഷ്യ വിപണന കേന്ദ്രങ്ങളുടെ ഇന്ത്യയിലേക്കുള്ള വരവ്, ഇന്ത്യൻ ജനതയുടെ പരമ്പരാഗത ആഹാരശീലങ്ങളിലും, ആരോഗ്യ ക്രമങ്ങളിലും മാറ്റം വരുത്തി. ഇന്ത്യയിലെ 9.3% പുരുഷന്മാരും 12.6% സ്ത്രീകളും അമിതവണ്ണം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്ന് ദേശീയ കുടുംബാരോഗ്യ സർവ്വേ റിപ്പോർട്ടു സൂചിപ്പിക്കുന്നു.

കേന്ദ്ര ആരോഗ്യമന്ത്രി രാജ്യസഭയിൽ പറഞ്ഞതനുസരിച്ച് പഞ്ചാബാണ് അമിതവണ്ണം എന്ന ആരോഗ്യപ്രശ്നം ഏറ്റവും കൂടുതൽ നേരിടുന്ന സംസ്ഥാനം. അവിടെ 22.2% പുരുഷന്മാരും, 29.9% സ്ത്രീകളും അമിതവണ്ണമുള്ളവരാണ്. എന്നാൽ ഫാറ്റ് ടാക്സ് പോലെയുള്ള ധനപരമായ ഉപായങ്ങൾ ഉപയോഗിച്ചു ഈ പ്രശ്നത്തെ നേരിടുന്നതിനെപറ്റി കേന്ദ്രസർക്കാരോ, അതാത് സംസ്ഥാന സർക്കാരുകളോ ഈ അടുത്ത കാലത്തുവരെ ചിന്തിച്ചിരുന്നില്ല. (അടുത്തയിടയ്ക്ക് ബീഹാർ സർക്കാർ സമോസയ്ക്കും മറ്റുമായി 13.5% വാറ്റ് ചുമത്തുകയുണ്ടായി (Samosa tax/ Luxuray tax on Samosa). എന്നാലിത് മദ്യ നിരോധനം മൂലമുണ്ടാകുന്ന വരുമാന നഷ്ടം നികത്തുവാനായി ഏർപ്പെടുത്തിയതായതിനാൽ പിഗൂവിയൻ ടാക്സ് ആയി കാണുവാൻ കഴിയുകയില്ല.

## ഫാറ്റ് ടാക്സിന്റെ പ്രസക്തി കേരളത്തിൽ

ഫാറ്റ് ടാക്സ് ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി മാറിയിരിക്കുകയാണ് കേരളം. നവ ഉദാരീകരണ നയങ്ങളുടെ അലയൊലികളുടെ ഭാഗമായി ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ബ്രാൻഡഡ് ഭക്ഷണശാലകളുടെ എണ്ണം വർധിച്ചുവരികയാണ്. മധ്യവർഗ പട്ടണങ്ങളിൽ പോലും ഇത്തരം ഭക്ഷണശാലകൾ ഇന്ന് കാണുവാൻ കഴിയും. ഇത് സൂചിപ്പിക്കുന്നത് സമ്പന്നർ മാത്രമല്ല മദ്ധ്യവർഗത്തിൽപെട്ട കേരളീയ ജനതയും ഇത്തരം ഭക്ഷണശൃംഖലകളാൽ ആകൃഷ്ടരാണ് എന്നാണ്; പ്രത്യേകിച്ച് യുവജനങ്ങളും കുട്ടികളും.

അമിതവണ്ണമുള്ളവരുടെ എണ്ണത്തിൽ, പഞ്ചാബിന്റെ തൊട്ടുപിന്നിലായി രണ്ടാംസ്ഥാനത്താണ് കേരളമെന്നത് കേന്ദ്ര ആരോഗ്യമന്ത്രിയുടെ രാജ്യസ

ഭയിലെ പ്രസ്താവന സ്ഥിരീകരിക്കുന്നു. ഇവിടെ 17.8% പുരുഷന്മാരും, 28.1% സ്ത്രീകളും അമിതവണ്ണം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ജീവിതശൈലീ രോഗങ്ങൾ മാത്രമല്ല, ഭാരം കുറയ്ക്കാൻ ശസ്ത്രക്രിയകളും കേരളത്തിൽ വർധിച്ചുവരികയാണ് എന്നത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഫാറ്റ് ടാക്സിന്റെ സാംഗത്യം അടിവരയിട്ടുറപ്പിക്കുന്നു.

കേരള സർക്കാർ കൊണ്ടുവന്ന ഫാറ്റ് ടാക്സ് ഒരു രാഷ്ട്രീയ ഇടപെടലായോ, ധനാഗമ മാർഗ്ഗമായോ മാത്രമല്ല കാണേണ്ടത്. (ഫാറ്റ് ടാക്സിലൂടെ 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ട്) അതിനേക്കാളുപരിയായി പൊതുജനാരോഗ്യ സംരക്ഷണത്തിനായുള്ള സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലാണ് ഫാറ്റ് ടാക്സ്.

## വിമർശനങ്ങളും പ്രതീക്ഷകളും

നികുതി അല്ലെങ്കിൽ അധികവില ഒരു വ്യക്തിയുടെ ആഹാരശീലങ്ങളെ സ്വാധീനിക്കുമോ എന്ന സംശയം പല കോണിൽ നിന്നും ഉയർന്നുവരുന്നുണ്ട്. സ്വാഭാവിക ഭാരമുള്ള വ്യക്തികളെ അപേക്ഷിച്ച് അമിതവണ്ണമുള്ളവർ, ഫാറ്റ് ടാക്സ് പോലെയുള്ള നികുതികളോട് അനുകൂലമായി പ്രതികരിക്കുകയില്ല എന്നും പറയപ്പെടുന്നു. ഒരുപക്ഷെ തുടക്കത്തിൽ ഫാറ്റ് ടാക്സ് അനാരോഗ്യകരമായ ഭക്ഷണസാധനങ്ങളുടെ ഉപഭോഗം ഗണ്യമായി കുറയ്ക്കണമെന്നില്ല. എന്നാൽ ഈ നികുതി ഉപഭോക്താവിനെ പ്രസ്തുത നികുതിക്ക് കീഴിൽ വരുന്ന ഭക്ഷണ സാധനങ്ങളിലെ അപകടങ്ങളെ പറ്റി ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും.

അനാരോഗ്യകരമായ മറ്റുപല ഭക്ഷണ പാനീയങ്ങൾക്കും സർക്കാർ നികുതി ഏർപ്പെടുത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഇതിനോടൊപ്പം തന്നെ ആരോഗ്യപൂർണ്ണമായ ഭക്ഷണപാനീയങ്ങളുടെ വില യുക്തിപരമായി കുറയ്ക്കുവാനും, പരമ്പരാഗതമായ നല്ല ഭക്ഷണശീലങ്ങളെ പറ്റിയും പോഷകാഹാരത്തെ പറ്റിയും, വ്യക്തിഗത ആരോഗ്യ സംരക്ഷണത്തെ പറ്റിയും ശരിയായ അവബോധം ജനങ്ങളിൽ വളർത്തിയെടുക്കുവാനും സർക്കാർ ശ്രദ്ധിക്കണം. (മികച്ച ജീവിത നിലവാരമുള്ള സംസ്ഥാനമായിട്ടും പഴം, പച്ചക്കറി എന്നിവയുടെ പ്രതിശീർഷ ഉപഭോഗത്തിന്റെ കാര്യത്തിൽ വളരെ പുറകിലാണ് കേരളം).

"അനാരോഗ്യകരമായ ഭക്ഷണപാനീയങ്ങൾക്കുമേൽ നികുതി ചുമത്തി, അതിൽ നിന്നും ലഭിക്കുന്ന വരുമാനം ആരോഗ്യകരമായ ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുന്നതിനും പോഷകാഹാരത്തെ പറ്റി പൊതുജനങ്ങളെ ബോധവാന്മാരാക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കണം" എന്ന കെല്ലി ഡി ബ്രൗണെലിന്റെ വാക്കുകൾ, കേരള സർക്കാർ അവലംബിക്കേണ്ട സമഗ്രമായ സമീപനത്തിലേക്ക് വെളിച്ചം വീശുന്നതാണ്. ദീർഘവീക്ഷണത്തോടെയുള്ള അത്തരമൊരു സമീപനത്തിലൂടെ മാത്രമേ ഫാറ്റ്ടാക്സ് കൊണ്ടുവന്നതിനു പിന്നിലുള്ള യഥാർത്ഥ ലക്ഷ്യം സർക്കാരിനു കൈവരിക്കുവാൻ സാധിക്കൂ. അപകടകരമായ ആഹാരശീലങ്ങളെ പറ്റിയുള്ള അവബോധം പൊതുജനങ്ങൾക്ക് ഉണ്ടാകുന്നത്, പരോക്ഷമായി സർക്കാരിന്റെ പൊതുജന ആരോഗ്യ ചിലവ് കുറയ്ക്കുമെന്നതും ഓർക്കേണ്ടതാണ്.

ആരോഗ്യമുള്ള ശരീരത്തിലാണ് ആരോഗ്യമുള്ള മനസ് വസിക്കുന്നത്. ആരോഗ്യമുള്ള മനസ്സിലേ നല്ല ചിന്തകൾ ഉണ്ടാകൂ. നല്ല നാളേയ്ക്കായി ആരോഗ്യമുള്ള ശരീരം നമുക്ക് തിരിച്ചുപിടിച്ചേ മതിയാകൂ. കേരള ജനത മറന്നു തുടങ്ങിയ പ്രത്യേകിച്ച് യുവതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത രുചിക്കൂട്ടുകളിലേക്കും പ്രകൃതിജന്യ ആരോഗ്യ ശീലങ്ങളിലേക്കുമുള്ള മടക്കയാത്രയ്ക്ക് ഈ പുതിയ നികുതി വഴികാട്ടിയാകുമെന്ന് പ്രതീക്ഷിക്കാം.

*(ലേഖകർ യഥാക്രമം തിരുവനന്തപുരം മാർ ഇവാനിയോസ് (ഓട്ടോണമസ്) കോളേജിലെ കോമേഴ്സ് വിഭാഗം ഗവേഷണ വിദ്യാർത്ഥിനിയും, അസോസ്സിയേറ്റ് പ്രൊഫസ്സറുമാണ്)*

**വിജ്ഞാനപാത**

### കബഡി ലോകകപ്പ്–2016 ഇന്ത്യക്ക്

കബഡി ലോകകപ്പിൽ തുടർച്ചയായ മൂന്നാം തവണയും ഇന്ത്യ കിരീടം നിലനിർത്തി. അഹമ്മദാബാദിൽ നടന്ന ഫൈനൽ മത്സരത്തിൽ ഇറാനെ 38 – 29 എന്ന സ്കോറിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. 2004, 2007 വർഷങ്ങളിൽ നടന്ന ചാമ്പ്യൻഷിപ്പുകളിലും ഇന്ത്യയായിരുന്നു വിജയികൾ.

# ഓഹരിവിപണി ഇടപാടുകളിലെ നികുതി : ഒരു വിശകലനം

ഡോ. ദയാനന്ദൻ എം.എൻ.

ഓഹരികളും കടപ്പത്രങ്ങളും ഉൾപ്പടെയുള്ള ധനകാര്യ ഉത്പന്നങ്ങളുടെ (സെക്യൂരിറ്റികളുടെ) ഇടപാടുകൾക്ക് രണ്ടുതരത്തിലുള്ള നികുതികൾ ബാധകമാണ്. സെക്യൂരിറ്റികളുടെ ഇടപാടുകൾക്കുള്ള നികുതി (Securities Transaction Tax or STT) യും വരുമാന നികുതി (Income Tax) യും.

## (I) Secutiries Transcation Tax (STT)

കേന്ദ്ര സർക്കാർ ഈടാക്കുന്ന ഒരു പ്രത്യക്ഷ നികുതിയാണ് STT. ഓഹരിവിപണിയുടെ (സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള (ലിസ്റ്റു ചെയ്തിട്ടുള്ള) ഓഹരി ഉൾപ്പെടെയുള്ള ധനകാര്യ ഉത്പന്നങ്ങൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും നൽകേണ്ട നികുതിയാണിത്.

2004-05ലെ കേന്ദ്ര ബജറ്റിൽ അന്നത്തെ ധനമന്ത്രി പി. ചിദംബരമാണ് STT അവതരിപ്പിച്ചത്. ഉത്പന്നത്തിന്റെ വാങ്ങിയ വിലയുടെ കൂടെ നികുതി കൂട്ടി കിട്ടുന്ന തുകയാണ് വാങ്ങുന്നയാൾ നൽകേണ്ടത്. വിൽക്കുന്നയാൾക്ക് ലഭിക്കുന്നത് വിറ്റവിലയിൽ നിന്നും STT കുറച്ചു കിട്ടുന്ന തുകയാണത്. ഇടപാടുകാരിൽ നിന്നും വിലയുടെ ഭാഗമായിത്തന്നെ ബ്രോക്കർമാർ നികുതി നേരിട്ടുവാങ്ങി സർക്കാരിനു നൽകുന്നു. ധനകാര്യ വിപണിയിടപാടുകൾക്കുള്ള നികുതിവ്യവസ്ഥ ലഘൂകരിക്കുന്നതിനും ഉത്പന്നങ്ങളുടെ മൂലധന വർദ്ധന നികുതി ഒഴിവാക്കുന്നത് തടയാനുമാണ് STT നടപ്പിലാക്കിയത്. ഇടപാടുകളുടെ സ്രോതസിൽ നിന്നു തന്നെ സമാഹരിക്കുന്നതുകൊണ്ട് ഈ നികുതി നൽകാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് സർക്കാരിനെ സംബന്ധിച്ചിടത്തോളം ധനകാര്യ വിപണിയിൽ നിന്നും ഈടാക്കാവുന്ന ഏറ്റവും കാര്യക്ഷമമായ നികുതിയാണി STT.

## STT ബാധകമായ ഉത്പന്നങ്ങൾ

ഓഹരികൾ, കടപ്പത്രങ്ങൾ, Futures, Options തുടങ്ങിയ ഡെറിവേറ്റീവ് ഉല്പന്നങ്ങൾ, ഓഹരിയുടെ സ്വഭാവമുള്ള സർക്കാരിന്റെ സെക്യൂരിറ്റികൾ, ഓഹരിയിലധിഷ്ഠിതമായ മ്യൂച്ചൽഫണ്ട് യൂണിറ്റുകൾ തുടങ്ങിയ ധനകാര്യ ഉല്പന്നങ്ങൾക്ക് STT ബാധകമാണ്. എന്നാൽ അംഗീകൃത ധനകാര്യ വിപണി (Stock Exchange) വഴിയല്ലാതെ വ്യക്തികളും സ്ഥാപനങ്ങളും നേരിട്ടു നടത്തുന്ന ഇടപാടുകൾക്കും കാർഷിക ഉത്പന്നങ്ങളുടേയും കറൻസികളുടേയും കൈമാറ്റങ്ങൾക്കും STT നൽകേണ്ടതില്ല.

## നികുതിനിരക്ക്

എല്ലാ സെക്യൂരിറ്റികൾക്കും ഒരേ നിരക്കിലല്ല നികുതി ഈടാക്കുന്നത്. ഉല്പന്നത്തിന്റെ സ്വഭാവത്തിന്റെയും വാങ്ങലാണോ വിൽക്കലാണോ എന്നതിന്റെയും അടിസ്ഥാനത്തിലാണ് നിരക്കുകൾ തീരുമാനിക്കുക.

തുടക്കത്തിൽ delivery based ആയ ഓഹരി കൈമാറ്റത്തിന് ഈടാക്കിയിരുന്ന നികുതി 0.125%വും intra-day ഇടപാടുകൾക്കുള്ള 0.025% വുമായിരുന്നു. Delivery-based ഇടപാടുകൾക്കുള്ള നികുതി 0.1% ആയി ഇപ്പോൾ കുറച്ചിട്ടുണ്ട്. intra-day ഇടപാടുകൾക്ക് ഇപ്പോൾ വിൽക്കുമ്പോൾ 0.25% മാത്രം നികുതി നൽകിയാൽ മതി (വാങ്ങുമ്പോൾ STT നൽകേണ്ടതില്ല). Futures നും Options നും 0.017% മായിരുന്നു STT. എന്നാൽ ഇപ്പോൾ അത് യഥാക്രമം 0.01%വും 0.05%വുമാണ്. മാത്രമല്ല, വിൽക്കുമ്പോൾ മാത്രം STT നൽകിയാൽ മതി.

മ്യൂച്ചൽഫണ്ട്, Exchange Traded Fund (ETF) എന്നിവ വിറ്റു പണമാക്കുമ്പോൾ (redeem ചെയ്യുമ്പോൾ) 0.001% നികുതി നൽകണം. ഇവയുടെ വില്പനയ്ക്ക് വിൽക്കുന്നവർ മാത്രം 0.001% നികുതി കൊടുത്താൽ മതി. സേവനനികുതിയും സർചാർജ്ജും വിദ്യാഭ്യാസ സെസ്സും STT യ്ക്കു ബാധകമല്ല.

## (II) വരുമാന നികുതി (Income Tax)

ധനകാര്യ ഉല്പന്നങ്ങളുടെ ഇടപാടുകൾക്ക് വരുമാനനികുതി നൽകണമോ വേണ്ടയോ എന്നത് ഇടപാടുകളുടെ ഉദ്ദേശ്യത്തെ ആശ്രയിച്ചിരിക്കും. ഒരു വ്യക്തിക്ക് ബിസിനസ്സിന്റെ ഭാഗമായിട്ടോ നിക്ഷേപമെന്ന നിലയിലോ ഓഹരിയിടപാടുകൾ നടത്താം.

ഓഹരിക്കച്ചവടം പ്രധാന ബിസിനസ്സായ ഒരു വ്യക്തിക്ക് ലഭിക്കുന്ന വരുമാനം, ബിസിനസ്സിൽ നിന്നും അല്ലെങ്കിൽ തൊഴിലിൽ നിന്നും ലഭിക്കുന്ന വരുമാനമായി (Income from Business or Profession) കണക്കാക്കും. ഇത് വരുമാനങ്ങളുടെ കൂടെ കൂട്ടി മുഴുവൻ തുകയ്ക്കും ആ വ്യക്തിയ്ക്കു ബാധകമായ നിരക്കിലുള്ള വരുമാന നികുതി നൽകണം.

ഒരു വ്യക്തി ശമ്പളം ലഭിക്കുന്ന ജോലിയിലോ, മറ്റെന്തെങ്കിലും ബിസിനസ്സിലോ ഏർപ്പെട്ടിരിക്കുമ്പോൾ ഓഹരി/ധനകാര്യ ഉത്പന്ന ഇടപാടിലൂടെ വരുമാനം നേടിയാൽ അതു നിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന മൂലധന വർധന (capital gain) യായി കണക്കാക്കും. മൂലധന വർദ്ധന നികുതി (capital gain tax) നിരക്ക് സാധാരണ വരുമാന നികുതി നിരക്കിൽ നിന്നും വിഭിന്നമാണ്.

സെക്യൂരിറ്റി ഇടപാടുകളിൽ നിന്നും ലഭിക്കുന്ന വരുമാനം ബിസിനസ്സിൽ നിന്നും അല്ലെങ്കിൽ തൊഴിലിൽ നിന്നും ലഭിക്കുന്ന വരുമാനമാണോ അതോ മൂലധന വർദ്ധനയാണോ എന്നു തീരുമാനിക്കാനുള്ള അവകാശം നിക്ഷേപകന് നൽകിയിട്ടുണ്ട്. എന്നാൽ, ഒരിക്കൽ തീരുമാനമെടുക്കുകയും, അതിനനുസരിച്ച് വരുമാന നികുതിയുടെ റിട്ടേൺ (Income Tax Return) ഫയൽ ചെയ്യുകയും ചെയ്തുകഴിഞ്ഞാൽ അടുത്ത വർഷങ്ങളിൽ തീരുമാനം മാറ്റാൻ വരുമാന നികുതി വകുപ്പ് അനുവദിക്കില്ല.

### മൂലധനവർദ്ധന നികുതി (Capital gain tax)

മൂലധന വർദ്ധനവ് രണ്ടുതരമുണ്ട് - ഹ്രസ്വകാല മൂലധന വർദ്ധന (Short-term capital gain) വും ദീർഘകാല മൂലധന വർദ്ധനും (Long-term capital gain). വ്യത്യസ്തമായ നിരക്കിലാണ് രണ്ടിനും നികുതി ഈടാക്കുന്നത്.

**ഹ്രസ്വകാല മൂലധന വർദ്ധന നികുതി:** 12 മാസമോ അതിൽ കുറഞ്ഞ കാലയളവോ കൈവശം വച്ചിരുന്ന ലിസ്റ്റുചെയ്യപ്പെട്ട ഓഹരികളോ ഓഹരിയധിഷ്ഠിത മ്യൂചൽഫണ്ടോ വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭം ഹ്രസ്വകാല മൂലധന വർദ്ധനയാണ് (65% നിക്ഷേപമെങ്കിലും ഓഹരിയിലുള്ള മ്യൂചൽ ഫണ്ടിനെയാണ് ഓഹരിയധിഷ്ഠിത മ്യൂചൽഫണ്ടെന്നു വിളിക്കുന്നത്). ഈ വരുമാനത്തിന് ഒരു വ്യക്തിക്കു ബാധകമായ നിരക്കിലുള്ള വരുമാന നികുതി നൽകണം.

**ദീർഘകാല മൂലധന വർദ്ധന നികുതി:** 12 മാസത്തിൽ കൂടുതൽ കാലം കൈവശം വച്ചിരുന്ന ലിസ്റ്റു ചെയ്യപ്പെട്ടതും STT നൽകിയതുമായ ഓഹരികളോ ഓഹരിയധിഷ്ഠിത മ്യൂചൽഫണ്ടോ വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭം ദീർഘകാല മൂലധന വർദ്ധനയായി കണക്കാക്കും. ഇതിന് വരുമാന നികുതി നൽകേണ്ടതില്ല. Debt ഫണ്ടിൽ നിന്നും ലിസ്റ്റു ചെയ്യപ്പെടാത്ത ഓഹരികളിൽ നിന്നും ലഭിക്കുന്ന ദീർഘകാല മൂലധന വർദ്ധനയ്ക്ക് ഇൻഡക്സേഷനോടുകൂടി 20% മോ ഇൻഡക്സേഷനില്ലാതെ 10%മോ നികുതി നൽകണം. മൂലധന വർദ്ധനയിൽ നിന്നും പണപ്പെരുപ്പത്തിന്റെ സ്വാധീനം ഇല്ലാതാക്കുന്ന പ്രക്രിയയാണ് ഇൻഡക്സേഷൻ.

### സമീപകാല സംഭവ വികാസങ്ങൾ

2016ലെ ബജറ്റ് നിർദ്ദേശമായി, ഓഹരിവിപണിയുമായി ബന്ധപ്പെട്ട നികുതിയിൽ ധനമന്ത്രി അരുൺ ജയ്റ്റ്ലി രണ്ടു മാറ്റങ്ങൾ വരുത്തുകയുണ്ടായി.

(1) stock options ന്റെ വില്പനയ്ക്കുള്ള STT 0.017%ൽ നിന്നും 0.05% ആയി വർദ്ധിപ്പിച്ചു.

(2) 10 ലക്ഷത്തിൽ കൂടുതൽ ലാഭവിഹിതം (dividend) ലഭിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 10% dividend distribution tax ഏർപ്പെടുത്തി.

Option premium ത്തിനുള്ള STT വർദ്ധന സർക്കാരിന്റെ വരുമാനം കൂട്ടുന്നതിനും options മാർക്കറ്റിലെ ഊഹക്കച്ചവടം കുറയ്ക്കുന്നതിനും സഹായകമാണ്. എന്നാൽ ഇതുമൂലം options വിഭാഗത്തിലുള്ള ഇടപാടുകളും options പണമായി മാറ്റാനുള്ള കഴിവും (liquidity) കുറയുമെന്നും ചെറുകിട നിക്ഷേപകരുടെ പങ്കാളിത്തം ചുരുങ്ങുമെന്നും ആശങ്കപ്പെടുന്നവരുണ്ട്. അതുപോലെ, പുതുതായി ഏർപ്പെടുത്തിയ ലാഭവിഹിത വിതരണനികുതി (dividend distribution tax) നിക്ഷേപ സൗഹൃദമായ ഒരു നടപടിയല്ലെന്നും അത് കമ്പനികളുടെ ലാഭവിഹിതം വിതരണം ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുമെന്നും ധനകാര്യ വിദഗ്ധർക്കിടയിൽ അഭിപ്രായമുണ്ട്.

*(സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) യുടെ ധനകാര്യ വിദ്യാഭ്യാസ പരിശീലകനാണ് ലേഖകൻ)*


# നികുതി രംഗത്തെ സേവന ങ്ങൾക്കായി 'സാക്ഷം' (SAKSHAM) പദ്ധതി

നികുതി സംവിധാനം സമഗ്രവും സുഗമവുമാക്കാൻ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് രൂപകല്പന ചെയ്തിരിക്കുന്ന പുതിയ ഇൻഡയറക്ട് ടാക്സ് നെറ്റ് വർക്കാണ് സാക്ഷം പദ്ധതി. കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതിയുടെ അംഗീകാരത്തോടെയാണ് ഈ പദ്ധതി നിലവിൽ വന്നത്. ചരക്കു സേവന നികുതി , കസ്റ്റംസ് ഏകജാലകം എന്നിവ നടപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു. കൂടാതെ ഡിജിറ്റൽ ഇന്ത്യ വഴി നികുതി ദാതാക്കൾക്ക് സഹായകമായ രീതിയിൽ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ നടപടികൾ ലളിതമാക്കാനും ഇത് പ്രയോജനപ്പെടും.

ജിഎസ്ടി നടപ്പിൽ വരുന്ന 2017 ഏപ്രിൽ 1 മുതൽ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പുതിയ പദ്ധതി തയാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള വെല്ലുവിളി നിലവിലുള്ള വിവരസാങ്കേതിക വിദ്യയുടെ ശേഷി വർധിപ്പിക്കണം എന്നതാണ്. ഇപ്പോൾ വിവിധ വിഭാഗങ്ങളിലായി സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ കീഴിൽ വരുന്ന ഏകദേശം 35 ലക്ഷം നികുതി ദാതാക്കളും ഇറക്കുമതിക്കാരും, കയറ്റുമതിക്കാരും, കച്ചവടക്കാരും ഉൾപ്പെടുന്ന പരോക്ഷ നികുതി ദാതാക്കളുടെ പ്രശ്നങ്ങളാണ് ബോർഡ് കൈകാര്യം ചെയ്യുന്നത്. ജിഎസ്ടി നടപ്പാകുന്നതോടെ ഇവരുടെ സംഖ്യ 65 ലക്ഷമായി ഉയരും. ഇത് നിലിവുള്ള വിവര സാങ്കേതിക സംവിധാനത്തിന്റെ ഭാരം വർധിപ്പിക്കും. 2008 ലാണ് ഈ സംവിധാനം രൂപീകരിച്ചത്.

സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ വിവര സാങ്കേതിക വിദ്യ ചരക്കു സേവന ശൃംഖലയുമായി സംയോജിപ്പിക്കേണ്ടത് ആവശ്യമാണ്. എങ്കിൽ മാത്രമെ നികുതി രജിസ്ട്രേഷൻ, നികുതി അടവ്, റിട്ടേൺ വിശദാംശങ്ങൾ തുടങ്ങിയവ സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ ചരക്കു സേവനശൃംഖലയിൽ ക്രോഡീകരിക്കാൻ സാധിക്കുകയുള്ളു. ഈ വിവര സാങ്കേതിക ഘടന സെൻട്ര്ൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസിന്റെ എല്ലാ നികുതി ശേഖരണ സേവനങ്ങൾക്കും ആവശ്യവുമാണ്.

സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആൻഡ് കസ്റ്റംസ് വ്യാപാര ആവശ്യങ്ങൾക്കായി ഒരു ഏകജാലക സംവിധാനം കൂടി നടപ്പിലാക്കിയിട്ടുണ്ട്. കസ്റ്റംസ് ക്ലിയറൻസിലെ മറ്റ് ഏജൻസികളുമായി സഹകരിച്ചാണ് ഇത്. കസ്റ്റംസ് ക്ലിയറൻസ് വേഗത്തിലും കാര്യക്ഷമമായ രീതിയിലും നടപ്പാക്കുകയാണ് ലക്ഷ്യം. ഇപ്പോൾ രാജ്യത്ത് 140 കേന്ദ്രങ്ങളിൽ കസ്റ്റംസ് ക്ലിയറൻസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ സംവിധാനം പൂർത്തിയാകുമ്പോൾ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് ഈ സേവനം വ്യാപിക്കും. നികുതി ഇടപാടുകൾ ലഘൂകരിക്കുന്നതിന്റെയും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി നികുതി ദാതാക്കൾക്ക് ഇനി അവരുടെ രേഖകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ലഭ്യമാക്കും. ഈ പദ്ധതിക്കുള്ള മൊത്തം ചെലവ് 225 കോടി രൂപയാണ്.



जानें पुस्तकों के माध्यम से
सरदार पटेल को
सरदार पटेल सचित्र जीवनी
SARDAR PATEL A PICTORIAL BIOGRAPHY
भारत की एकता का निर्माण
लौह पुरुष सरदार पटेल
सरदार पटेल की अनमोल वाणी
आधुनिक भारत के निर्माता सरदार वल्लभभाई पटेल
BUILDERS OF MODERN INDIA Sardar Vallabhbhai Patel
अपनी प्रतियां सुरक्षित कराने एवं व्यापार संबंधी पूछताछ के लिए कृपया संपर्क करें:
टेलीफोन : 011-24367260,24365609
ई मेल : businesswng@gmail.com
ये पुस्तकें ई-पुस्तकों के रूप में play.google.com एवं kobo.com पर भी उपलब्ध हैं।
प्रकाशन विभाग
सूचना और प्रसारण मंत्रालय
भारत सरकार
वेब साइट : publicationsdivision.nic.in
@publicationsdivision
@DPD_India




Subscribe Online NOW
बाल भारती
कुरुक्षेत्र
Kurukshetra
आजकल
YOJANA
योजना
Log on to
http://publicationsdivision.nic.in/,
in collaboration with bharatkosh.gov.in

**Yojana (Malayalam) November, 2016 Price Rs.22/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st November 2016




ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**